SINCE 1976

# ഐക്യദീപം

വില ₹10

2019 ഡിസംബർ



Merry Christmas

& HAPPY NEW YEAR

PUSHPAGIRI
HOSPITAL



60 YEARS OF SERVICE
WE CARE... GOD CURES...

# ACADEMIC PROGRAMMES OF PUSHPAGIRI GROUP OF INSTITUTIONS

## Pushpagiri Medical College

### Super Speciality PG Courses

- M.Ch (Neuro Surgery)
- DM (Cardiology)
- DM (Neurology)

### PG Degree Courses

- MD Anaesthesiology
- MD General Medicine
- MD Dermatology, Venereology & Leprosy
- MD Psychiatry
- MD Respiratory Medicine
- MD Paediatrics
- MS General Surgery
- MS Orthopaedics
- MS Oto-Rhino-Laryngology (ENT)
- MS Obstetrics & Gynaecology
- MD Radiodiagnosis
- MD Community Medicine
- MS Anatomy
- MD Physiology
- MD Pharmacology
- MD Pathology
- MD Microbiology
- MS Ophthalmology

### DNB PG Courses

- DNB (Emergency Medicine)
- DNB (Gastroenterology)
- DNB (Critical Care Medicine)
- DNB (Nephrology)

### Undergraduate Course- MBBS

## Pushpagiri College of Pharmacy

- M. Pharm. (Pharmaceutical Chemistry)
- M. Pharm. (Pharmacology)
- M. Pharm. (Pharmacy Practice)
- Pharm. D.
- Pharm. D. (Post Baccularate)
- B. Pharm.
- B. Pharm. (Lateral Entry)

## Pushpagiri College of Dental Sciences

- MDS Oral & Maxillofacial Surgery
- MDS Prosthodontics
- MDS Periodontics
- MDS Orthodontics
- MDS Endodontics
- MDS Pedodontics
- BDS

## Pushpagiri College of Nursing

- M. Sc. Medical Surgical Nursing
- M. Sc. Mental Health Nursing
- M. Sc. Child Health Nursing
- B. Sc. Nursing

## Pushpagiri College of Allied Health Sciences

- Diploma in Dialysis Technology

Under Christian Medical Association of India (CMAI)

- Diploma in Medical Laboratory Technology
- Diploma in Dialysis Technology
- Diploma in Radio Dialysis Technology
- Diploma in Gastrointestinal Endoscopy Technology
- Diploma in Medical Record Technology
- Diploma in Anaesthesia & Critical Care Technology

## Pushpagiri Training Centre for Overseas Career

CGFNS, IELTS, NCLEX-RN, MOH, HAAD, DHA, PROMETRIC & OET

## Pushpagiri Research Centre

Ph.D. (Medicine & Life Sciences)

PUSHPAGIRI
MEDICAL COLLEGE HOSPITAL

www.pushpagiri.in care@pushpagiri.in +91 944 77 647 22

Tiruvalla




# ഐക്യദീപം

2019 ഡിസംബർ
പുസ്തകം 49 ലക്കം 06

രക്ഷാധികാരി
**മോസ്റ്റ് റവ.ഡോ.തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

ചീഫ് എഡിറ്റർ
**ഫാ.ഡോ.ഐസക് പറപ്പള്ളിൽ**

പ്രസാധകൻ
**റൈറ്റ് റവ.തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**

മാർക്കറ്റിംഗ് & സർക്കുലേഷൻ കോ-ഓർഡിനേറ്റർ
**ഫാ.ജോസഫ് കരിപ്പായിൽ**
**ഫാ.ഏബ്രഹാം വലിയകുളത്തിങ്കൽ**

ഓഫീസ് സെക്രട്ടറി
**ചിന്നു എൽസ ഐസക്**

പത്രാധിപസമിതി
**ഫാ.ഡോ.തോമസ്കുട്ടി പതിനെട്ടിൽ**
**ഫാ.ഡോ.തോമസ് പാറയ്ക്കൽ**
**റവ.സി.അലീന എസ്.ഐ.സി.**
**റവ.സി.റാണി മരിയ ഒ.എസ്.എസ്.**
**ലൈജു കോശി കൊട്ടുവിരുത്തിൽ**
**ജയ്സ് കോഴിമണ്ണിൽ**
**വർഗീസ് ഐസക് തെക്കേടത്ത്**

Annual Subscription ₹120.00
Single Copy ₹10.00
Overseas : $40.00 or ₹2750

Bank Details :
Chief Editor, Aikyadeepam
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
Swift Code : ANDBINBB

Printed at :
Viani Printings, Ernakulam
Designed by :
St.Joseph Press
Kacheripady, Tiruvalla
Ph : 0469 2602936
sjtvla10@gmail.com

## ഉള്ളടക്കം

**എപ്പിഫനിയുടെ ജയോത്സവമോ? റാമയിലെ വിലാപമോ?**
റവ. ഫാ. ജോൺ റ്റി. വർഗീസ്, കുളക്കട 8

**ദൈവത്തിന്റെ മനുഷ്യാവതാരവും ക്രിസ്തുമസും**
റവ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി 11

**മാർ അപ്രേമിന്റെ മനുഷ്യാവതാരഗീതങ്ങൾ**
റവ. ഡോ. ഗീവർഗീസ് ചേടിയത്ത് മൽപ്പാൻ 15

**ശതാഭിഷേക നിറവിൽ ബഹു. മാത്യു പഞ്ഞിക്കാട്ടിലച്ചൻ**
മോൺ. ചെറിയാൻ താഴമൺ 17

**സന്തോഷവും ആനന്ദവും വി. ഗ്രന്ഥത്തിൽ**
റവ. ഡോ. ഗീവർഗീസ് ചേടിയത്ത് മൽപ്പാൻ 25

**എല്ലാ നിയമവും വിധിയും ന്യായയുക്തമാണോ? നിയമവും വിധിയും ന്യായമാകുന്നത് എപ്പോഴാണ്?**
റവ. ഫാ. മാത്യു പഞ്ഞിക്കാട്ടിൽ 27

**ഇതാ മാതാവിന്റെ ദാസി**
ബേബിച്ചൻ തെക്കേടത്ത് 33

**കണിയാന്റെ കുറിപ്പും നാട്ടിലെ മാദ്ധ്യമങ്ങളും...**
അഡ്വ.വിനോദ് മാത്യു വിൽസൺ 50

All correspondence regarding Agency and Subscription : Chief Editor, Aikyadeepam Monthly
St.John's Metropolitan Cathedral, Tiruvalla-1. Phone : 0469 2600626
E-mail : aikyadeepamtvla@gmail.com

# എഡിറ്റോറിയൽ...



## അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം

'ഇതാ സകല ജനത്തിനുംവേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്ന് ജനിച്ചിരിക്കുന്നു" (ലൂക്കോസ് 2:10-11).

ജറുസലേമിൽനിന്ന് 8 കിലോമീറ്റർ തെക്ക്, യൂദയായിലെ മലമ്പ്രദേശത്ത് പ്രശാന്തസുന്ദരമായ ഒരു ചെറിയ പട്ടണമാണ് ബേത്‌ലഹേം



(അപ്പത്തിന്റെ ഭവനം). അവിടെയുള്ള തിരുപ്പിറവിയുടെ ബസിലിക്കായിലേക്ക്, ശിരസ്സ് നമിച്ചുകൊണ്ടല്ലാതെ പ്രവേശിക്കുവാൻ ആർക്കും സാധ്യമല്ല. ആ പുണ്യസ്ഥലത്തേക്ക് ഇറങ്ങിച്ചെല്ലാൻ കുറെ പടികളുണ്ട്. അൾത്താരയുടെ താഴെ മാർബിൾഫലകങ്ങൾ, അതിന്റെ നടുവിൽ യേശുക്രിസ്തു ജനിച്ച സ്ഥലത്ത് ഒരു വെള്ളിനക്ഷത്രം, അവിടെ ഇപ്രകാരം എഴുതിവച്ചിട്ടുണ്ട് (Hic de Virgine Maria, Jesus Christus natus est) - ഇവിടെ കന്യകാമറിയത്തിൽനിന്ന് യേശുക്രിസ്തു പിറന്നു.

ക്രിസ്തുമസ് ആഘോഷിക്കുവാൻ നാം ഒരിക്കൽകൂടി ഒരുങ്ങുകയാണ്. ക്രിസ്തുമസ് എന്നത് സന്തോഷം പങ്കുവയ്ക്കലാണ്. ദൈവം മനുഷ്യനുമായി സന്തോഷം പങ്കുവച്ച നിമിഷം. മനുഷ്യന് സന്തോഷം നല്കുവാനായി ദൈവം മനുഷ്യനായി അവതരിച്ചതാണ് ക്രിസ്തുമസ്. ആ സന്തോഷം നിരന്തരം നല്കുവാൻ "ദൈവം നമ്മോടുകൂടെ വസിച്ചു". സ്വർഗ്ഗത്തിൽ സ്ഥലമില്ലാഞ്ഞ് ഭൂമിയിലേക്ക് വന്നതല്ല, മനുഷ്യനോടുകൂടെ ആയിരിപ്പാൻ, ഭൂമിയിൽ മനുഷ്യരുടെ രക്ഷകനാകാൻ. യേശുവിന്റെ ജനനത്തിൽ മാലാഖമാർ പാടിയ പാട്ട് ഈ സന്ദേശം വെളിപ്പെടുത്തുന്നു - 'അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം, ഭൂമിയിൽ മനുഷ്യർക്ക് സമാധാനം'. യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം ഐക്യത്തിന്റെയും പ്രത്യാശയുടെയും തിരുനാളാണ്. ആദത്തിന്റെ പാപംമൂലം ദൈവവും മനുഷ്യനുമായും, സ്വർഗ്ഗവും ഭൂമിയുമായുള്ള ബന്ധത്തിൽ അകലം സംഭവിച്ചു. എന്നാൽ യേശുവിന്റെ മനുഷ്യാവതാരത്തിലൂടെ ആ ഐക്യം പുനഃസ്ഥാപിച്ചു. ജനനപ്പെരുന്നാളിന്റെ സ്ലീബാ ആഘോഷത്തിൽ ഈ ആശയം വ്യക്തമായി നാം കാണുന്നു. യേശുവിന്റെ മനുഷ്യാവതാരം മനുഷ്യചരിത്രത്തിലെ ഏറ്റം വലിയ അത്ഭുതമത്രേ. ദൈവത്വവും മനുഷ്യത്വവും അതിന്റെ പൂർണ്ണതയിൽ ഒരു വ്യക്തിയിൽതന്നെ നാം കാണുന്നു. ദൈവവാഗ്ദാനത്തിന്റെയും പഴയനിയമ പ്രവചനങ്ങളുടെയും പൂർത്തീകരണമാണ് യേശുവിന്റെ മനുഷ്യാവതാരം. അത് ആകസ്മികമായോ അപ്രതീക്ഷിതമായോ സംഭവിച്ച ഒന്നല്ല, മുൻകൂട്ടിതന്നെ പ്രവചിക്കപ്പെട്ടിരുന്നതും, ദൈവികപദ്ധതിയുമാണ്.

ക്രിസ്തുമസ് പങ്കുവയ്ക്കലിന്റെ തിരുനാളാണ്. സ്നേഹവും സമാധാനവും പങ്കുവയ്ക്കാനുള്ള അവസരം. ദൈവവും മനുഷ്യനും തമ്മിലും, വ്യക്തികൾ തമ്മിലും, കുടുംബങ്ങൾ തമ്മിലും, മതങ്ങൾ തമ്മിലും, സമുദായങ്ങൾ തമ്മിലും, സഭകൾ തമ്മിലും സ്നേഹവും സമാധാനവും രമ്യതയുമുണ്ടാകണം. ക്രിസ്തുമസ് ആഘോഷം അർത്ഥപൂർണ്ണമാകുന്നത്, സമ്മാനങ്ങൾ കൈമാറുമ്പോഴല്ല, സ്നേഹം കൈമാറുമ്പോഴാണ്. ക്രിസ്തുമസിന് ചില കാര്യങ്ങൾ നമ്മോടു പറയുവാനുണ്ട് 1. ദൈവത്തിന്റെ കരുണയെപ്പറ്റി. ദൈവം മനുഷ്യനായി അവതരിച്ചത് മനുഷ്യരുടെ രക്ഷയ്ക്കും പാപപരിഹാരത്തിനുമായാണ് - 'ഇതാ നിങ്ങൾക്കായി ഒരു രക്ഷകൻ ജനിച്ചിരിക്കുന്നു'. 2. മറ്റുള്ളവരുടെ നന്മയ്ക്കു

വേണ്ടി ത്യാഗം ചെയ്യുവാൻ. മറിയവും യൗസേപ്പും ത്യാഗം ചെയ്തു, ഇടയന്മാരും രാജാക്കന്മാരും ഉണ്ണിയെ കാണാൻ രാത്രിയിൽ തണുത്തു വിറച്ച് പോയപ്പോഴും ത്യാഗം ചെയ്തു. മറ്റുള്ളവർക്കുവേണ്ടി, പൊതുനന്മയ്ക്കുവേണ്ടി ത്യാഗം ചെയ്യാൻ, കരുണയോടെ മറ്റുള്ളവരോട് പെരുമാറാൻ ക്രിസ്തുമസ് നമ്മോട് ആഹ്വാനം ചെയ്യുന്നു. 3. ദൈവത്തിന്റെ മനുഷ്യരോടുള്ള സ്നേഹത്തെപ്പറ്റിയും, പങ്കുവയ്ക്കലിനെപ്പറ്റിയും ക്രിസ്തുമസ് നമ്മോടു പറയുന്നു.

ക്രിസ്തുമസ് എന്നത് ഉണ്ണിയേശുവിന്റെ അമ്മയായ മറിയത്തിന്റെ മനോഭാവവും ജീവിതശൈലിയും ഉൾക്കൊള്ളുവാനുള്ള അവസരവുമാണ്. മറിയം യേശുവിനെ ഉദരത്തിൽ സ്വീകരിച്ചതുപോലെ, നാമും നമ്മുടെ ഹൃദയത്തിൽ യേശുവിനെ സ്വീകരിക്കണം. മറിയം യേശുവിനെ വളർത്തിയതുപോലെ, നാമും നമ്മുടെ ജീവിതത്തിൽ യേശുവിനെ വളരാൻ അനുവദിക്കണം. മറിയം യേശുവിനെ ലോകത്തിന് കൊടുത്തതുപോലെ, നാമും യേശുവിനെ ലോകത്തിന് കൊടുക്കണം. ക്രിസ്തു ജനിച്ച സദ്വാർത്ത നക്ഷത്രപ്രകാശത്തിലൂടെ തിരിച്ചറിഞ്ഞ ആട്ടിടയരെപ്പോലെ ക്രിസ്തുവാകുന്ന പ്രകാശത്തിന് സാക്ഷികളാകുവാനും, ആ പ്രകാശത്തെ മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുവാനും നമുക്ക് കഴിയുമ്പോഴാണ് ക്രിസ്തുമസ് അർത്ഥപൂർണ്ണമാകുന്നത്. ആട്ടിടയന്മാർക്ക് വഴികാട്ടിയായ നക്ഷത്രത്തിന്റെ വെളിച്ചം ക്രിസ്തുവിന്റെ വെളിച്ചം തന്നെയായിരുന്നു. നക്ഷത്രം ആട്ടിടയന്മാർക്ക് മൂകമായ ഭാഷയിൽ യേശുവിന്റെ ജനനത്തെക്കുറിച്ച് സന്ദേശം നല്കി. ഇവിടെ നാം മനസ്സിലാക്കേണ്ട ഒരു സത്യം, യേശുവിനെ കൂടാതെ (യേശുവില്ലെങ്കിൽ) നാം ഏവരും ഇരുട്ടിലാണ്, അന്ധകാരത്തിലാണ്. ഇരുട്ടിലായിരിക്കുന്ന നമുക്കും ലോകത്തിനും, യേശുവാകുന്ന പ്രകാശത്തിൽ ജീവിക്കുവാനും, ആ പ്രകാശം സ്വീകരിച്ച് മറ്റുള്ളവരെ പ്രകാശിപ്പിക്കുവാനും ഉത്തരവാദിത്വമുണ്ട്. ക്രിസ്തുമസ് പ്രകാശം കാണുവാനും, സ്വീകരിക്കുവാനും, പ്രകാശം പരത്തുവാനും നമ്മെ ഓർമ്മപ്പെടുത്തുന്ന തിരുനാളാണ്.


തന്നേക്കാൾ ശ്രേഷ്ഠമായി ദൈവം ഓരോരുത്തരെയും പരിഗണിച്ചതിന്റെ ഓർമ്മകൂടിയാണ് ക്രിസ്തുമസ്. പിറക്കാൻ ബേത്‌ലഹേമിലെ ദരിദ്രമായ പുൽക്കൂടും, ജീവിക്കാൻ സാധാരണ ചുറ്റുപാടുകളും, കൂടെ നടക്കാൻ മീൻപിടുത്തക്കാരായ ശിഷ്യന്മാരും, മരിക്കാൻ തടികുരിശും, സംസ്കരിക്കാൻ സാധാരണ കല്ലറയും ആയിരുന്നു അവിടുത്തെ ജീവിതം. ആ ജീവിതത്തിന്റെ അർത്ഥവും പ്രാധാന്യവും മനസ്സിലാക്കുന്നതാണ് യഥാർത്ഥത്തിൽ ക്രിസ്തുമസ് സന്ദേശം. ക്രിസ്തുമസ് ആത്മീയ സന്തോഷം അനുഭവിക്കാനുള്ള അവസരമാണ്. എന്നാൽ ഇന്ന് ഭൗതിക സന്തോഷം മാത്രമായി ക്രിസ്തുമസ് ആഘോഷം മാറുന്നുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ആഘോഷങ്ങളുടെ പിന്നാലെയാണ് നാം. ആഘോഷങ്ങളുടെ ഭാഗമായി ക്രിസ്തുമസ് ഒത്തിരിയേറെ കച്ചവടവത്ക്കരിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുമസ് കരോളും, ട്രീയും, പുൽക്കൂടും, നക്ഷത്രങ്ങളും, കാർഡുകളും, കേക്കുകളും, സമ്മാനങ്ങളും ഒക്കെയായി കച്ചവടങ്ങൾ പൊടിപൊടിക്കുമ്പോഴും, ഓർക്കേണ്ടത് സ്നേഹവും, സന്തോഷവും, കരുതലും പങ്കുവയ്ക്കുന്നതാണ് യഥാർത്ഥത്തിൽ ക്രിസ്തുമസ് എന്നാണ്. ക്രിസ്തുമസ്കാലത്ത് സമ്മാനങ്ങൾ കൈമാറുന്ന തിരക്കിലാണ് നാം. അത് നമുക്ക് ഇഷ്ടമാണുതാനും. എന്നാൽ 'ക്രിസ്തുവാണ്' ക്രിസ്തുമസിന്റെ ഏറ്റം വലിയ സമ്മാനം. ഈ 'സമ്മാനം' നാം ചുറ്റുവട്ടമുള്ളവർക്ക് കൈമാറാറുണ്ടോ. ക്രിസ്തുമസിന്റെ ലക്ഷ്യമായ ഐശ്വര്യവും, രമ്യതയും, സ്നേഹവും, പങ്കുവയ്ക്കലും ഇല്ലാത്ത ആഘോഷങ്ങൾ മാത്രമായി ക്രിസ്തുമസ് മാറുന്നുവോ?. സമ്മാനങ്ങൾ നല്കുന്ന സാന്താക്ലോസിനെ നമുക്കിഷ്ടമാണ്. എന്നാൽ നമ്മുടെ രക്ഷയ്ക്കായി ജനിച്ച യേശുവിനെ നാം മറക്കും. ക്രിസ്തുമസ് ട്രീ സമ്മാനങ്ങളും, വൈദ്യുതദീപങ്ങൾകൊണ്ടും നാം അലങ്കരിക്കും. എന്നാൽ യൗസേപ്പിനെയും, മാതാവിനെയും, ഉണ്ണിയേശുവിനെയും നാം മറക്കും. സമ്മാനങ്ങൾ നമ്മെ ഏറെ സന്തോഷിപ്പിക്കും. എന്നാൽ ഉണ്ണിയേശുവാണ് ക്രിസ്തുമസിന്റെ യഥാർത്ഥ സമ്മാനമെന്ന് നാം മറക്കും. ഉണ്ണിയേശു നമ്മിൽ പിറക്കുന്നതാണ് ഏറ്റം വലിയ സന്തോഷവും, സമാധാനവുമായി നാം കാണേണ്ടത്. ക്രിസ്തുമസ് വലിയ ബഹളത്തിന്റെ ആഘോഷമായി മാറുമ്പോൾ ശാന്തതയുള്ളിടത്താണ്, നിശബ്ദതയിലാണ് യേശു ജനിച്ചതെന്ന് നാം വിസ്മരിക്കരുത്. പുൽക്കൂടിന്റെ ശാന്തതയിലും, യൗസേപ്പിന്റെയും മറിയത്തിന്റെയും നിശബ്ദതയിലുമാണ് യേശു ജനിച്ചത്. നിശബ്ദതയിലും, ധ്യാനത്തിലും, പ്രാർത്ഥനയിലുമാണ് ദൈവം പിറക്കുക. അതിനാൽ ആർഭാടങ്ങളും ആഡംബരങ്ങളുമല്ല ക്രിസ്തുമസിന്റെ കാതൽ. അതിനുമപ്പുറമുള്ള സമാധാനവും, സന്തോഷവും, ശാന്തിയും, ഹൃദയഐക്യവും പങ്കുവയ്ക്കലാണ്. ക്രിസ്തുമസ് ആഘോഷിക്കാൻ മാത്രമുള്ളതല്ല, ജീവിക്കാനുള്ളതാണ്.

ഏവർക്കും ക്രിസ്തുമസ് ആശംസകൾ നേരുന്നു.

ചീഫ് എഡിറ്റർ
**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**

# ഇടയശബ്ദം





**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
**മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്**

## സർവ്വ ലോകത്തിനുമുള്ള സന്തോഷത്തിന്റെ സന്ദേശം

ഇസ്രായേൽക്കാർ ഒരുമിച്ചു കാണുമ്പോൾ അവർ പറയുന്ന അഭിവാദനം ശാലോം - സമാധാനം എന്നാണ്. സുറിയാനിക്കാരും ഈ വാക്കുതന്നെ ഉപയോഗിക്കുന്നു - ''പുശ്ബശ്ലോമോ'' എന്നും, പിരിയുമ്പോൾ 'സേൽബസ്‌ലോമോ' എന്നും പറയുന്നു. എന്നാൽ ഗ്രീക്കുകാർ ''കയിറേ'' എന്ന വാക്കാണ് ഉപയോഗിക്കുക. ആനന്ദിക്കുക, സന്തോഷിക്കുക എന്നാണ് അതിന്റെ അർത്ഥം. ഗബ്രിയേൽ, മറിയത്തെ അഭിവാദനം ചെയ്യുന്നത് ശ്ലോമോ എന്ന വാക്കുച്ചരിച്ചാണ്. അതേ വാക്കുതന്നെയാണ് യേശുനാഥന്റെ ജനനസമയത്ത് മാലാഖമാർ പാടിയതും - ''അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി, ഭൂമിയിൽ സന്മനസുള്ള മനുഷ്യർക്കു സമാധാനം'' എന്ന്. ഉയിർത്തെഴുന്നേറ്റ കർത്താവ് ശിഷ്യരെ അഭിവാദനം ചെയ്യുന്നതും 'സമാധാനം' എന്ന് ആശംസിച്ചുകൊണ്ടാണ്. ഈ രണ്ടു വാക്കും യേശുനാഥന്റെ ജനനവുമായി ബന്ധപ്പെട്ടിരിക്കുന്നു. ''സർവ്വ ലോകത്തിനുമുള്ള സന്തോഷത്തിന്റെ സന്ദേശം'' എന്നു പറഞ്ഞാണ് മാലാഖമാർ പാടുന്നത്.



ക്രിസ്തുമസിന്റെ പുണ്യം നമുക്ക് ഈ രണ്ടു വാക്കുകളിലൂടെ മനസിലാക്കാൻ ശ്രമിക്കാം. സമാധാനം - അല്ലെങ്കിൽ ശ്ലോമോ എന്നത് ദൈവ

അവസ്ഥയാണ്. ദൈവം സമാധാനമാണ്. ആയിരിക്കുന്ന അവസ്ത നന്മയാണെന്നും പൂർണ്ണമാണെന്നും അവബോധം ഉള്ളപ്പോൾ സമാധാനം കൈവരും. ദൈവത്തിനു മാത്രമേ ഇങ്ങനെ ആയിരിക്കുവാൻ കഴിയൂ. ദൈവത്തോട് ചേർന്നിരിക്കുമ്പോൾ ദൈവമക്കൾക്കും ഈ അനുഭവം ഒരു പരിധി വരെ അനുഭവിക്കുവാൻ കഴിയും. ഒന്നും ഭയപ്പെടുത്തുകയോ ഭാരപ്പെടുത്തുകയോ ചെയ്യില്ല. ''സമാധാനം നടത്തുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവപുത്രന്മാരെന്ന് വിളിക്കപ്പെടും'' (മത്തായി 5:9). നാം ദൈവത്തിൽ ആയിരുന്നാൽ നമുക്കു സമാധാനം അനുവഭവിക്കാൻ കഴിയും. ദൈവികമായ ഈ സമാധാനം നമുക്കുണ്ടാകുവാനാണ് ദൈവം മനുഷ്യനായത്. ഇന്ന് മനുഷ്യൻ സമാധാനത്തിനുവേണ്ടി പരക്കം പായുകയാണ്. വ്യക്തികളിലും സമൂഹങ്ങളിലും കുടുംബങ്ങളിലും ഇതുകൈമോശം വന്നിരിക്കുന്നു. അതിർത്തികളിൽ അസ്വസ്ഥതകൾ ഗർഭം ധരിച്ച് യുദ്ധത്തെ പ്രസവിക്കുന്നു. ഹൃദയങ്ങളുടെ അകൽച്ചകൾ വലിയ അസമാധാനം സൃഷ്ടിക്കും. ദൈവത്തിന്റെ മനസുള്ളവർക്കേ സമാധാനം സൃഷ്ടിക്കുവാനും സമാധാനത്തിലേക്ക് എല്ലാവരേയും കൂട്ടിക്കൊണ്ടുവരുവാനും കഴിയുകയുള്ളൂ. സമാധാനം എന്നത് ദൈവ പരിപാലനയിൽ സംജാതമാകുന്ന ഒരു കാര്യമാണ്. ഏതൊരവസ്ഥയിലും പ്രത്യേകിച്ചും വേദനകളുടെയും ഭാരങ്ങളുടെയും അനുഭവത്തിൽ പതറിപ്പോകാൻ വളരെ സാദ്ധ്യതയുണ്ട്. ചില അനുഭവങ്ങളുടെ മുമ്പിൽ ''എന്തിന് ദൈവമെ'' എന്നുപോലും ചോദിച്ചുപോകാം. ഇവ നമ്മെ അസ്വസ്ഥപ്പെടുത്തും, സമാധാനം ഇല്ലാതാക്കും. വിശ്വാസത്തെ ക്ഷയിപ്പിക്കും. ഇവിടെയാണ് നാം സത്യം തിരിച്ചറിയേണ്ടത്. ദൈവം പരിപാലകനാണ്. നമ്മുടെ ഒരു മുടിനാരുപോലും അവനറിയാതെയല്ല കൊഴിയുന്നത്. നമ്മെ കൂട്ടിക്കൊണ്ട് പോകുന്ന അവനറിയാം നമുക്ക് ഏതാണ് നല്ലതെന്ന്. ''നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവും കരുണയുടെ പിതാവും സകല സമാശ്വാസത്തിന്റെയും ദൈവവുമായവൻ വാഴ്ത്തപ്പെട്ടവനാകട്ടെ. ഓരോ തരത്തിലുള്ള വ്യഥകളനുഭവിക്കുന്നവരെ ആശ്വസിപ്പിക്കുവാൻ ഞങ്ങൾ ശക്തരാകേണ്ടതിന് അവിടുന്ന് എല്ലാ ക്ലേശങ്ങളിലും ഞങ്ങളെ സമാശ്വസിപ്പിക്കുന്നു'' (2 കോരി.1:3-4). ക്രിസ്തുമസ് കാലത്ത് നമ്മുടെ ഹൃദയങ്ങളെ ബലപ്പെടുത്തേണ്ടത് ഈ ചിന്തകളാവണം. ദൈവം നമുക്കു മതിയായവനും തുണയുമാണ്. അവൻ മറഞ്ഞിരിക്കുന്ന ദൈവമല്ല. കൂടെയുള്ള എമ്മാനുവേൽ ആണ്. ഭൗതികമായ ഏതൊരവസ്ഥയും മാറി മറയും. ഇന്ന് സന്തോഷമാണെങ്കിൽ നാളെ ദുഃഖമായിരിക്കാം. ഇന്ന് അനാരോഗ്യമാണെങ്കിൽ നാളെ ആരോഗ്യമായിരിക്കാം. ഇന്ന് സുഖമെങ്കിൽ നാളെ വേദനയാവാം. ഇവ ജീവിത താളമാണ്. എന്നാൽ ഇവയിലെല്ലാം സമാധാനം നമുക്കു കാത്തുസൂക്ഷിക്കാൻ കഴിയുന്നത് ദൈവവിശ്വാസം കൊണ്ടുമാത്രമാണ്.

രണ്ടാമത്തെ വാക്ക് ആനന്ദമാണ്, സന്തോഷമാണ്. ഫ്രാൻസിസ് മാർപാപ്പായുടെ മനോഹരമായ അപ്പസ്തോലിക പ്രബോധനമാണ് 'സന്തോഷിച്ച് ആനന്ദിക്കുക' എന്നത് (Gaudete et exsultate). സുവിശേഷം നമുക്കു തരുന്ന അനുഭവം സന്തോഷവും ആനന്ദവുമാണ്. അതുകൊണ്ടാണ് ''സുവിശേഷം'' നല്ല വാർത്ത എന്ന് അറിയപ്പെടുന്നത്. സുവിശേഷം എന്നത് യേശുക്രിസ്തു തന്നെയാണ്. അവൻ സന്തോഷദായകനാണ്. അവനുമായുള്ള ബന്ധം ആനന്ദത്തിലേക്കുള്ളതാണ്. നേട്ടം എന്ന് കരുതിയിരുന്നതൊക്കെ നഷ്ടപ്പെടുത്തുവാൻ ഈ ആനന്ദം വിളിക്കുന്നു. ആടുമാടുകളെ മേയിച്ചുകൊണ്ട് രാപാർത്തിരുന്ന ആട്ടിടയന്മാർ സന്തോഷമുള്ളവരായിരുന്നുവെന്ന് സ്വർഗ്ഗം സാക്ഷിക്കുന്നു. അറിവിൽ അഹങ്കാരം പുരട്ടാത്ത ജ്ഞാനികൾ സന്തോഷത്തോടെ തിരുമുൽകാഴ്ചകളുമായി എല്ലാ തടസങ്ങളും മറികടന്ന് കടന്നുവരുന്നു. സുഖലോലുപതയിലും അധികാരഭ്രമത്തിലും ആയിരുന്ന രാജാവിനും കൊട്ടാരവാസികൾക്കും മാത്രം ഈ വാർത്ത അസ്വസ്ഥതയുണ്ടാക്കുന്നു. അതിന്റെ സമ്മർദ്ദത്തിൽ അനേക കുരുന്നുകളുടെ ജീവൻ നശിപ്പിക്കുന്നു. സന്തോഷം, അതു ഉള്ളിലെ അനുഭവമാണ്. അത് ദൈവദാനമാണ്. ഭൗതികവസ്തുക്കളല്ല അതിന്റെ അളവുകോൽ. സന്മനസാണ്. മാമോദീസായിൽ നമുക്കു ദൈവം വീണ്ടും നൽകിയത് ഈ സന്മനസാണ്. ആദിമാതാപിതാക്കൾ നഷ്ടപ്പെടുത്തിയ ഈ ''ആദികൃപ'' വീണ്ടും തരുമ്പോൾ നമുക്കു യഥാർത്ഥ നന്മനസുകളാകാൻ പ്രാപ്തിയുണ്ടാകും. ഈ ക്രിസ്തുമസ്കാലം നമ്മെ അതിനായി ക്ഷണിക്കുന്നു. സുമനസുകളായി ലോകത്തിൽ യഥാർത്ഥ സുവിശേഷ സന്തോഷം അനുഭവിക്കുവാൻ ദൈവം അനുഗ്രഹിക്കട്ടെ. ഐക്യദീപം കുടുംബാംഗങ്ങൾക്കെല്ലാം ക്രിസ്തുമസ് നവവത്സരാശംസകൾ.


■

# എപ്പിഫനിയുടെ ജയോത്സവമോ? റാമയിലെ വിലാപമോ?



റവ. ഫാ. ജോൺ റ്റി. വർഗീസ്, കുളക്കട

ക്രിസ്തുമസ്, വെളിച്ചത്തിന്റെ ഉത്സവമാണ്. ഇരുൾ ഘനം വച്ച നമ്മുടെ നടവഴികളിൽ ഉദയത്തിന്റെ എപ്പിഫനി പെരുന്നാളിന് ആന്തരിക പ്രസക്തിയേറുന്നുണ്ട്. നക്ഷത്രവിളക്കുകളെക്കാൾ



മുമ്പെ കമ്പോളത്തിലെ ഉത്പന്നങ്ങളുടെ ഓഫർ പ്രലോഭനങ്ങൾ നമ്മെ ക്രിസ്തുമസിലേക്ക് വിളിച്ചുണർത്തുന്ന കാലമാണ്. മേളക്കൊഴുപ്പുകൾ തരുന്ന ഇന്ദ്രിയസുഖാനുഭവങ്ങൾ നമ്മെ ഉത്സവങ്ങളുടെ തൃപ്തിയിലേക്ക് നയിക്കുന്നു. 'ഉത്' എന്ന വാക്കിന് ചൈതന്യം എന്നും, 'സവം' എന്നതിന് പുറപ്പെടുവിക്കുന്നത് എന്നുമാണ് അർത്ഥം. ചൈതന്യം പുറപ്പെടുവിക്കേണ്ട വെട്ടത്തിന്റെ ഊട്ടുപെരുന്നാളാണ് ക്രിസ്തുമസ്. എന്നാൽ നക്ഷത്രവിളക്കുകളും മറ്റു വർണ്ണവിളക്കുകളും നമുക്ക് കണ്ണിന് സന്തോഷം പകരുന്നു. കാരൾ സംഘങ്ങളുടെ വാദ്യലയങ്ങളും സംഗീതവും നമുക്ക് കാതിന് സന്തോഷം പകരുന്നു. വിവിധ രുചിക്കൂട്ടുകളുടെ കേക്കുകളും, നോമ്പുവീടലിന്റെ മസാലക്കൂട്ടുകളും നമ്മുടെ നാവിന് സന്തോഷം പകരുന്നു. അതിനപ്പുറം ആത്മാവിന് എന്തു വെട്ടമാണ് കിട്ടുക?. വിക്ടർ ഹ്യൂഗോ പറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാണ്. ഈ പ്രപഞ്ചത്തിൽ പട്ടിണി കിടന്നു മരിച്ച ശരീരത്തേക്കാൾ ഭീകരമായി എന്തെങ്കിലുമുണ്ടെങ്കിൽ അത് വെട്ടം കയറാത്ത ആത്മാവ് ഒന്നു മാത്രമാണ്. നമ്മുടെ ഉത്സവങ്ങളും പെരുന്നാളുകളും തൊലിപ്പുറത്തെ നൈമിഷികസുഖങ്ങളുടെ ആഘോഷപെരുമഴകളായി പെയ്തു തോരുകയല്ലേ? ഏശയ്യാ പ്രവചനം 58-ാം അദ്ധ്യായം നമ്മുടെ നേരെ വർത്തമാനകാലത്തിന്റെ ചൂണ്ടുപലക തന്നെയാണ്. 'ഇതാകുന്നുവോ നോമ്പും ഉപവാസവും, എനിക്ക് ഇഷ്ടമുള്ള നോമ്പും, മനുഷ്യൻ ആത്മതപനം ചെയ്യുന്ന ദിവസവും ഇങ്ങനെയുള്ളതോ?'

എപ്പിഫനിയുടെ ജയോത്സവമാകേണ്ട ക്രിസ്തുമസിൽ മറുവശത്ത് റാമയിലെ വിലാപവും തേങ്ങലുകളും മുറുകിവരുന്നു. പിഞ്ചുകുഞ്ഞുങ്ങൾ കൊല്ലപ്പെട്ട രാത്രിയുടെ കണ്ണീർച്ചരായവും ക്രിസ്തുമസിന്റെ ക്യാൻവാസിൽ 2000 വർഷങ്ങൾ മുൻപുണ്ടെന്ന് ഓർക്കണം. ഇന്ന് ഉയരുന്നത് പെൺമക്കളുടെ

തേങ്ങലുകളാണ്. വാളയാറും കൂടത്തായിയും റാമയുടെ മറ്റൊരു പരിഛേദംതന്നെ. ഇരുളിന്റെ ഘനം കൂടിയിരിക്കുന്നു. പകൽ മാഞ്ഞുപോയിരിക്കുന്നു. നക്ഷത്രം ഉദിക്കേണ്ടത് ഇവിടെയെവിടെയോ ആണ്. നന്മയുടെ കഴുത്തറത്ത് തളികയിൽ സമ്മാനിക്കാൻ ആവശ്യപ്പെടുന്ന പുതിയ തലമുറ ശലോമിയുടെ പിൻമുറക്കാരായി വളരുന്ന കാലമാണിത്. തിന്മയിലേക്ക് ചായാൻ മക്കളെ പ്രേരിപ്പിക്കുന്ന ഹേരോദാവിന്റെ ഭാര്യമാരുടെ എണ്ണം പെരുകിവരുന്നു. പോത്തീഫറിന്റെ ഭാര്യയുടെ പ്രലോഭനം തടഞ്ഞ് ആത്മനിയന്ത്രണം പാലിക്കാൻ കഴിവുള്ള ജോസഫുമാരുടെ എണ്ണം കുറയുന്നു. പിതാവിനെ ധിക്കരിച്ച് കുടുംബത്തെ മറന്ന് പോയി പന്നിക്കൂട്ടത്തിൽ പെടുന്ന ധൂർത്തപുത്രൻമാരുടേയും ധൂർത്ത പുത്രിമാരുടേയും എണ്ണം കൂടുകയാണ്. പുരാണത്തിലെ കലിയുഗവർണ്ണനം പോലെ കാമം മാത്രമുള്ള കാലമാണിത്. മനുഷ്യരെല്ലാം കലി മൂത്ത് കഴുതകളാവും. വിഷയസുഖങ്ങളുടെ പരസ്യം മാത്രമുള്ള കാലം. സാധാരണക്കാരനും പാവപ്പെട്ടവനും പെൺമക്കളെ എവിടെ കൊണ്ടുപോയി ഒളിപ്പിക്കും എന്ന് ആധി പിടിക്കുന്നു. നമ്മുടെ പിറകിൽ ഹിംസയുടെ താളം മുറുകുന്നു. ചിന്താപരമായ വാമനത്വത്തിന്റെ കാലം, ആശയങ്ങൾക്കു മേലെ ആമാശയത്തെ പ്രധാനമാക്കിയ കാലം, ലാഭമില്ലാത്ത ബന്ധങ്ങളെ സയനൈഡുകൊണ്ട് കൈകാര്യം ചെയ്യുന്ന ജോളിമാർ പെരുകിവരുന്ന കറുത്ത കാലം. മനുഷ്യൻ വന്യമൃഗങ്ങളെക്കാൾ അധഃപതിച്ചു പോയിരിക്കുന്നു. സത്യമായിട്ടും റാമയിലെ വിലാപം ഉയർന്നുയർന്നു വരുന്നു.

## ക്രിസ്തുമസ് : മനഃസാക്ഷിയിലെ നിലപാടുകളുടെ വെളിച്ചം

വിദ്വാൻമാർ വേറെ വഴിയായി മടങ്ങിപോയി എന്ന തിരുവചനമാണ് ജനനപെരുന്നാളിന്റെ ആത്മീക മർമ്മം. അവർ നോക്കി നടന്നത് നക്ഷത്രത്തെയായിരുന്നുവല്ലോ. ഉയരത്തിലേക്ക് നോക്കുന്നവർക്കൊക്കെ പുതുവഴികൾ തുറന്നു കിട്ടാതിരിക്കയില്ല. ഉപകരണങ്ങൾ നമ്മെ കുനിഞ്ഞു മാത്രം നോക്കാൻ പ്രേരിപ്പിക്കുന്നു. ബസിൽ, ട്രെയിനിൽ, വിശ്രമകേന്ദ്രങ്ങളിൽ, പള്ളിവരാന്തകളിൽ, ആഘോഷങ്ങളിൽ എവിടെയും നാം കണ്ടുമുട്ടുന്ന മനുഷ്യർ ശിരസുയർത്തിയിരിക്കുന്നില്ല. ചെറുസ്ക്രീനുകളിൽ വാഗ്ദത്തദേശം തിരയുകയാണ്. അവിടെയാണിപ്പോൾ ജീവിതത്തിന്റെ പാലും തേനും ഒഴുകുന്നത്. ഈ ഭൂമിയിൽ ആദ്യം വനങ്ങളുണ്ടായിരുന്നു. അത് വെട്ടിത്തെളിച്ച് പരിഷ്ക്കാരങ്ങൾ ഉണ്ടായി. പരിഷ്ക്കാരങ്ങൾക്കുശേഷം ഇനി മരുഭൂമികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ജ്ഞാനികൾക്കാണ് പുതുവഴി തുറന്ന് കിട്ടുക. പുതുവഴികൾ ഉണ്ടാകാത്തവിധം നമ്മുടെ ഹൃദയം മരുഭൂമിയായി മാറിയിരിക്കുന്നു. ഡൈനമിറ്റിന്റെ നിർമ്മാതാവായ നോബൽ, സംഹാരഭാവത്തിന്റെ കണ്ടുപിടിത്തത്തിൽനിന്ന് സമാധാനത്തിന്റെ ആൾരൂപമായി മാറിയപ്പോഴാണല്ലോ നോബൽ സമ്മാനങ്ങൾ പിറവിയെടുത്തത്. അത് നിലപാടുകളിലെ വെളിച്ചമാണ്. കലിംഗയുദ്ധത്തിനുമുൻപ് മനുഷ്യനെ ചൂടുവെള്ളത്തിലിട്ട് കൊല്ലുന്ന കിരാത ഭരണകർത്താവായിരുന്ന അശോകൻ യുദ്ധഭൂമിയിൽ ചിതറികിടന്ന കബന്ധങ്ങൾ നൽകിയ തിരിച്ചറിവിൽ ഒരുറുമ്പിനെ പോലും കൊല്ലാത്ത അഹിംസയുടെ ആൾരൂപമായി മാറി. അത് നിലപാടുകളിലെ വെളിച്ചമാണ്. സക്കായിയുടെ ക്രിസ്തുമസ് സംഭവിച്ചത് അത്തിമരക്കൊമ്പിലെ ഇരിപ്പിലും, പിന്നെ നാഥനോടൊത്തുള്ള അത്താഴമേശയിലുമാണ്. അവിടെ സക്കായിയുടെ നിലപാടുകളിൽ നക്ഷത്രം പൂത്തിറങ്ങി.

1961 ഏപ്രിൽ 12 ന് രാവിലെ 9.07 ന് ബഹിരാകാശത്ത് പദമൂന്നിയ യൂറി ഗഗാറിൻ ചരിത്രനേട്ടത്തിൽ തിരികെയെത്തി ലോകത്തോട് വിളിച്ചുപറഞ്ഞ കാര്യങ്ങളിൽ ഒന്ന് 'ഞാനവിടെയൊന്നും ദൈവത്തെ കണ്ടില്ല'യെന്നാണ്. ഉള്ളിൽ ദൈവമില്ലാത്തവന് ഏതുയരത്തിലും ദൈവത്തെ കാണാനാകില്ല. എന്നാൽ പിന്നീട് 1971 ൽ അപ്പോളോ 15 എന്ന വാഹനത്തിൽ ശൂന്യാകാശത്ത് പോയ ജയിംസ് ഇർവ്വിൻ തിരികെയെത്തി ഉള്ളിലെ ദൈവബോധത്തിൽ വിനയാന്വിതനായി പറഞ്ഞത് മനുഷ്യൻ ഭൂമിയിൽനിന്ന് ആകാശത്തെത്തി എന്നതിനേക്കാൾ എത്രയോ അത്ഭുതമാണ്, ദൈവം സ്വർഗത്തിൽനിന്ന് ഭൂമിയിലെത്തി എന്നത്. ഇതാണ് നിലപാടുകളിലെ വെളിച്ചം. ജീവിതം ബത്‌ലഹേമിലെ സത്രം പോലെ ആയിരിക്കുന്നു. ആൾക്കൂട്ടത്തിന്റെ തിമിരം ബാധിച്ച കണ്ണുകൾ. നിറവയറുമായി വന്ന ആവശ്യക്കാരിയുടെ നയനങ്ങളിലേക്ക് നോക്കാൻ ആ വഴിയമ്പലത്തിൽ ആരുമില്ലാതെ പോയി. പ്രശസ്ത കഥാകൃത്തായ ബന്യാമിൻ 'മഞ്ഞവെയിൽ മരണങ്ങൾ' എന്ന പുസ്തകത്തിൽ പറയുന്നതുപോലെ, ദ്വീപുവാസികളിൽ Myopia (Nearsightedness - ഹ്രസ്വദൃഷ്ടി) കൂടുതലാണ്. അതൊരു ശീലമാണ്. തുരുത്തുകളായി പോയ നമ്മുടെ വീടുകൾ ലോഡ്ജുമുറികളെക്കാൾ വികസിക്കാത്ത ആത്മബന്ധം നഷ്ടപ്പെട്ട തണുത്തുപോയ കൂടാരങ്ങളായി. പലയിടത്തും പ്ലാസ്റ്റിക് ചിരികളും ഇടപെടലുകളും നൽകുന്ന നിസംഗതയുടെ മരവിപ്പ് കാണാം. വായനക്കാരാ, നക്ഷത്രം തൂക്കേണ്ടത് വീടിന്റെ

പൂമുഖത്തല്ല മനസിന്റെ കോണിലാണ്, മുരുകൻ കാട്ടാക്കട അകലെയെവിടെയോ ഇരുന്നു പാടുന്നുണ്ട്. 'മങ്ങിയ കാഴ്ചകൾ കണ്ടുമടുത്തു, കണ്ണടകൾ വേണം'.

## ക്രിസ്തുമസ് - ഉറവകളിലേക്കുള്ള മടക്കം

ഉൽപത്തി 16-ാം അദ്ധ്യായം എട്ടാം വാക്യത്തിൽ ഹാഗാറിനോട് ദൈവദൂതൻ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. നീ എവിടെനിന്ന് വന്നു, എവിടേക്ക് പോകുന്നു? ലക്ഷ്യമില്ലാത്ത യാത്രക്കാരി ഹാഗാറിന് ഉത്തരമില്ല. ഓരോരുത്തരും കണ്ടെത്തേണ്ട ഉത്തരമാണിത്. ക്രിസ്തുമസ്കാലത്ത് രണ്ടു സുവിശേഷകരും (മത്തായി, ലൂക്കോസ്) വളരെ സമയമെടുത്ത് നമ്മെ ഓർമ്മിപ്പിക്കുന്നതാണ് വംശാവലി വിവരണം. ഇത് നമ്മെ വർത്തമാനകാലത്തിന്റെ കുടുക്കുകളിൽനിന്ന് ഉറവകളിലേക്ക് യാത്ര ചെയ്യാൻ പ്രേരിപ്പിക്കുന്നു. പൂർവ്വികരിലേക്കും, കടന്നുവന്ന വഴികളിലേക്കും തിരികെ പോകാനാകുന്നത് ഒരു സുകൃതമാണ്. അനാംമ്നേസിസ് (anamnesis) എന്ന ഗ്രീക്ക്പദമാണ് ഓർമ്മയ്ക്കായി എന്നതിന് ഉപയോഗിച്ചിരിക്കുന്നത്. ഇന്നലെയുമിന്നുമായി മനസിന്റെ മെമ്മറി കാർഡിൽ നമ്മൾ കരുതിയിരിക്കുന്ന കാര്യങ്ങൾ മാത്രമല്ല മറിച്ച് ഗോത്രവഴികളാണത്. നീ നോക്കൂ, നിന്റെ ജനനം തന്നെ എന്തൊരതിശയമായിരുന്നു. മക്കബായരുടെ പുസ്തകത്തിൽ അമ്മ മക്കളോട് പറയുന്നത്, മക്കളെ നിങ്ങളെന്റെ ഉദരത്തിൽ ഉരുവായതെങ്ങിനെയെന്ന് എനിക്കറിഞ്ഞുകൂടാ. നിങ്ങൾക്ക് ജീവനും ശ്വാസവും തന്നത് ഞാനല്ല. അമ്മയുടെ ഉദരത്തിലെത്തുന്ന ലക്ഷക്കണക്കിന് ജീവകണികകളിൽ നിന്ന് നീ ഉരുവാകുമെന്ന് ആര് തീരുമാനിച്ചു. അതുകൊണ്ട് അവിചാരിതമെന്നോ കഴിവെന്നോ ഒന്നിനെക്കുറിച്ചും പറയരുത്. ഉറവകളിലേക്ക് മടങ്ങി ചെല്ലുക, പഴയതെല്ലാം പ്രസക്തമാണ്. ജീവിതം ഒരു കൊളാഷ് പോലെയാണ്. ഓരോ വരയും അതിൽതന്നെ അപ്രസക്തമാകാം. പക്ഷേ മൊത്തം രചനയിൽ അതെല്ലാം പ്രസക്തമാണ്.

ഇന്ന് ഉറവകളിലേക്ക് പോകാൻ മനുഷ്യന് താൽപര്യമില്ല. പാരമ്പര്യങ്ങളും പഴയ കണ്ണികളുമൊക്കെ പുതിയ ആത്മീകസംസ്കാരത്തിൽ പരിഹസിക്കപ്പെടുന്നു. ആത്മാഭിഷേകവേദികളിൽ പുതിയതും പുതുമയും, പ്രോഗ്രാം വിജയത്തിന്റെ കാരണങ്ങളാകുന്നു. മറവി വലിയൊരപരാധമാണ്. പത്തു കന്യകമാരുടെ ഉപമകളിൽ നാം വായിക്കുന്നതിങ്ങനെയാണ്. മണവാളനെ കാത്തു നിൽക്കുമ്പോൾ അവരെണ്ണ കരുതാൻ മറന്നു പോയെന്ന്. ആ മറവി അവരുടെ ജീവിതം തന്നെ തുലച്ചു കളഞ്ഞു. ക്രിസ്തു ജനിക്കുമ്പോൾ അബ്രഹാം ഓർക്കപെടുന്നു. നിന്ദിക്കപ്പെട്ട രാഹാബും, മോവാബ്യസ്ത്രീയായ രൂത്തും ഓർക്കപെടുന്നു. ഹിത്യസ്ത്രീയായ ബത്ശബയും, കനാന്യസ്ത്രീയായ താമാർ അങ്ങിനെ എത്ര പേരാണ് പ്രസിദ്ധരായത്. നിന്റെ ശിഷ്ടജീവിതത്തിൽ നിനക്കു ചുറ്റുമുള്ള ആരെങ്കിലുമൊക്കെ നീ മുഖാന്തിരം നന്നായി ഓർക്കപെടാൻ കഴിഞ്ഞിരുന്നെങ്കിൽ.


ദക്ഷിണാഫ്രിക്കയിൽ ഒരു ദൈവശാസ്ത്രശാഖയുണ്ട്. ഉബുണ്ടു (Ubuntu) എന്നാണത്. 'ഞാൻ ഞാനായിരിക്കുന്നത് നിങ്ങളുള്ളതുകൊണ്ടാണ്' എന്നാണ് അതിന്റെ അർത്ഥം. നാം നമ്മുടെ പ്രിയപ്പെട്ടവരോടും പരിസരങ്ങളോടും പറയേണ്ട പദമാണത്. എനിക്കാരോടും ബാധ്യതയില്ല എന്നൊന്നും വെറുതെപോലും പറഞ്ഞേക്കരുത്. No future without forgiveness എന്ന പുസ്തകത്തിൽ ദൈവശാസ്ത്രജ്ഞനായ ഡെസ്മണ്ട് ടുട്ടു അത് വ്യക്തമാക്കുന്നുണ്ട്. കടപ്പാടുകളുടെ കണക്ക് എടുക്കേണ്ട കാലംകൂടിയാണ് ക്രിസ്തുമസ് എന്ന് വംശാവലിവിവരണം നമ്മെ ഓർമ്മിപ്പിക്കുന്നു. ഒരു വടവൃക്ഷം പോലെ ദൈവകൃപയിൽ നാം തഴച്ചു വളർന്നെങ്കിൽ, അതിന്റെ പിന്നിലെ മണ്ണും, വെള്ളവും, വലിച്ചെടുത്ത വളവും, ഉയരത്തിൽനിന്നു കിട്ടിയ നീതിസൂര്യന്റെ വെളിച്ചവും, ജൈവപരിതസ്ഥിതിയും നാം ഓർക്കാതിരിക്കുന്നതെങ്ങിനെ? കടമ്മനിട്ടയുടെ വരികളുടെ മൂർച്ച കൂടിവരുന്നു. ''നിങ്ങളോർക്കുക, നിങ്ങളെങ്ങിനെ നിങ്ങളായെന്ന്''.

## ഉപസംഹാരം

കേരളാ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസിലറായിരുന്ന ഡോ. ബി. ഇക്ബാൽ കുറെ നാളുകൾക്ക് മുൻപ് പറഞ്ഞ ഒരു കാര്യം മറക്കാനാകുന്നില്ല. അതിങ്ങനെയാണ്: 'ഓരോ ക്രിസ്തുമസ് കാലത്തും ഒരനുഷ്ഠാനംപോലെ ഞാൻ നാലു സുവിശേഷങ്ങളും വായിച്ചു തീർക്കാറുണ്ട്. ഓരോ വായനയും ഒരു പുതിയനുഭവമാണ്. അതാണ് എന്റെ ക്രിസ്തുമസ്'. ആ വലിയ മനുഷ്യൻ വാഴ്ത്തപ്പെടട്ടെ. സുഹൃത്തെ, അപ്പോൾ ഏതാണ് നമ്മുടെ ക്രിസ്തുമസ്?

■

# ദൈവത്തിന്റെ മനുഷ്യാവതാരവും ക്രിസ്തുമസും



ഫാ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി
(പ്രൊഫ., സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി, തിരുവനന്തപുരം)

ദൈവത്തിന്റെ മനുഷ്യാവതാരത്തിരുനാളാണ് ക്രിസ്തുമസ് എന്നൊരു ധാരണയുണ്ട്, എന്നാലത് ശരിയല്ല. മനുഷ്യാവതാരത്തിരുനാൾ ക്രിസ്തുമസല്ല, വചനിപ്പുതിരുനാളാണ്. വചനിപ്പ് എന്ന പ്രയോഗം വളരെ അസാധാരണവും മലയാളികളുടെ കാതുകൾക്ക് അരോചകമായി അനുഭവപ്പെടുന്നതുമാണ്, ചിരകാലപ്രയോഗംകൊണ്ട് സാധാരണമായി ത്തീർന്നിരിക്കുന്നെങ്കിലും (നടിക്കുന്നതിനെ നടിപ്പ് എന്നാണല്ലോ പറയാറ്, നടനിപ്പ് എന്നു പറയാറില്ലല്ലോ, ഗമിക്കുന്നത് ഗമനമല്ലേ, ഗമനിപ്പല്ലല്ലോ, വചിക്കുന്നതിന്റെ തിരുനാൾ വചനത്തിരുനാളാണ്, വചനിപ്പുതിരുനാളല്ല.). മംഗളവാർത്തതിരുനാളെന്ന് മറ്റൊരു പേരുണ്ട്. അതും കുറ്റമറ്റതെന്ന് പറയാനാവില്ല. വചനമായ ദൈവം കന്യകമറിയത്തിൽ ഒരു മനുഷ്യശിശുവായി രൂപപ്പെടും എന്ന് ദൈവം മാലാഖവഴി മറിയത്തെ അറിയിച്ച (ലൂക്കാ 1.26-38) തിരുനാൾ. ഈ തിരുനാളിനെപ്പറ്റി സംസാരിച്ചുകൊണ്ട് ക്രിസ്തുമസ് തിരുനാളിലേക്ക് പ്രവേശിക്കാം.

## ദൈവപുത്രന്റെ മനുഷ്യാവതാരം

മറിയത്തിൽ രൂപപ്പെട്ടത് ദൈവപുത്രനാണ്, അതായത് നിത്യതയിൽ പിതാവിനോടൊപ്പം ആയിരുന്ന, ആദ്യന്തരഹിതനായ ദൈവം തമ്പുരാനാണ് മറിയത്തിൽ മനുഷ്യരൂപം സ്വീകരിച്ചത്. മനുഷ്യരൂപം സ്വീകരിച്ചു എന്നാൽ, രൂപത്തിൽ മാത്രം മനുഷ്യനായി എന്നല്ല, യഥാർഥമായും മനുഷ്യനായി എന്നാണ്. ഈ യഥാർഥ മനുഷ്യനാകലിനെപ്പറ്റി പിന്നീട് ചിന്തിക്കാം. ഇപ്പോൾ ഈ മനുഷ്യൻ,



മറിയത്തിൽ രൂപപ്പെട്ട ഈ മനുഷ്യൻ ദൈവമാണെന്ന സത്യം എങ്ങനെ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നുവെന്നു നോക്കാം.

യോഹന്നാൻ തന്റെ സുവിശേഷം തുടങ്ങുന്നത് ഇങ്ങനെ പറഞ്ഞുകൊണ്ടാണ്: ആദിയിൽ വചനമുണ്ടായിരുന്നു, വചനം ദൈവത്തോടൊപ്പമായിരുന്നു. വചനം ദൈവമായിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെയായിരുന്നു (യോഹ 1.1-2). വചനവും ദൈവവും തമ്മിലുള്ള ബന്ധം രണ്ടു രീതിയിലാണ് യോഹന്നാൻ ഇവിടെ വ്യക്തമാക്കാൻ ശ്രമിക്കുന്നത്. ദൈവത്തോടുകൂടെ എന്നും, അവൻ ദൈവമായിരുന്നു എന്നും പറഞ്ഞുകൊണ്ട്. ഇത് വചനത്തിന്റെ ആദ്യ ചിത്രമാണ്. ഈ ചിത്രത്തിൽ ഒരു മാറ്റം വരുത്തിക്കൊണ്ട് 1.14-ൽ സുവിശേഷകൻ പറയുന്നു: വചനം മാംസമായി ഞങ്ങളുടെയിടയിൽ (നമ്മുടെയിടയിൽ എന്ന പി.ഒ.സി പരിഭാഷ യോഹന്നാന്റെ സാഹിത്യ രൂപത്തോടു നീതി പുലർത്തുന്നില്ല) വസിച്ചു. അവന്റെ മഹത്വം ഞങ്ങൾ ദർശിച്ചു (1.14).

മറിയത്തിൽനിന്ന് ജനിച്ച് ഈ ഭൂമിയിൽ പ്രവർത്തിച്ച്, ഈ ഭൂമിയിൽതന്നെ കൊല്ലപ്പെട്ട യേശുവിന്റെ യഥാർത്ഥ ഉത്പ്പത്തി മറിയത്തിലല്ല, ദൈവത്തിലാണ്. കാരണം അവൻ ദൈവമാണ് എന്ന് സുവിശേഷകൻ പ്രഘോഷിക്കുകയാണ് ഈ വാക്യങ്ങളിലൂടെ. യോഹന്നാന്റെ സുവിശേഷത്തിൽ ഒരു ബാല്യവർണനയില്ല. എന്നാൽ യേശുവിന്റെ - മാംസമായി ഞങ്ങളുടെയിടയിൽ വസിച്ചവന്റെ - ദൈവത്തിൽനിന്നുള്ള ഉത്പ്പത്തിയെപ്പറ്റി, ദൈവത്തോട് അഭിമുഖമായിരിക്കുന്നതിനെപ്പറ്റി വ്യക്തമായ പ്രബോധനം നൽകുന്നുണ്ട്. 1.1 - ലും 1.4 -ലും 1.18-ലും ഈ ബന്ധംതന്നെയാണ് പ്രധാന പ്രബോധനം. ചുരുക്കത്തിൽ പറഞ്ഞാൽ, യേശു ദൈവമാണെന്ന പ്രബോധനം.

മത്തായിയും ലൂക്കായും ഓരോ ബാല്യവർണന എഴുതിച്ചേർക്കുന്നുണ്ട് - മറിയത്തിന്റെ ഭാഗത്തുനിന്ന് നോക്കിക്കാണാവുന്ന ഒരു ശൈശവ വർണന ലൂക്കായിലും (1.26-66, 2.1-52), ജോസഫിന്റെ ഭാഗത്തുനിന്ന് നോക്കിക്കാണാവുന്ന ഒരു ശൈശവ വർണന മത്തായിയിലും (1.18-2.23). രണ്ടിന്റെയും ലക്ഷ്യം ഒന്നുതന്നെ. യേശുവിന്റെ പിതൃത്വം ഒരു മനുഷ്യനിലും ആരോപിക്കാതെ ദൈവം തന്നെയാണ് അവന്റെ പിതാവ് എന്ന് സ്ഥാപിച്ചുകൊണ്ട് അവന്റെ ദൈവത്വം വ്യക്തമാക്കുക. ഒരു ശൈശവ വർണന കൂടാതെ മർക്കോസും ഇതുതന്നെ ചെയ്യുന്നു. യേശുവിന്റെ മാമ്മോദീസായിൽ ദൈവം നൽകുന്ന പ്രഖ്യാപനവും (നീ എന്റെ പ്രിയ പുത്രൻ , നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന പ്രഖ്യാപനവും) യേശുവിന്റെ ആദ്യത്തെ അത്ഭുതമായി മർക്കോസ് വർണിക്കുന്ന കഥയിലെ പിശാചിന്റെ ആക്രോശവും (ദൈവത്തിന്റെ പരിശുദ്ധൻ എന്ന അലർച്ച 1.24).

## ദൈവത്തിന്റെ മനുഷ്യാവതാരം

ദൈവത്തോടുകൂടെയായിരുന്ന്, ദൈവം തന്നെയായിരുന്നവൻ മനുഷ്യനായിത്തീർന്നു എന്നതാണ് മാർച്ച് 25-ന് നാം ആഘോഷിക്കുന്ന തിരുനാൾ. എന്താണ് ഈ തിരുനാളിന്റെ അർഥം എന്ന് മനസിലാക്കിക്കൊണ്ട് തിരുനാൾ ആഘോഷത്തിലേക്ക് കടക്കാം. ഇതു മനുഷ്യാവതാരത്തിരുനാളാണ്, മറിയത്തിന്റെ തിരുനാളല്ല. എന്നാൽ മനുഷ്യാവതാരത്തിൽ മറ്റാരും വഹിക്കാത്ത, മറ്റാർക്കും വഹിക്കാനാകാത്ത പങ്ക് മറിയം വഹിച്ചുവെന്ന അർഥത്തിൽ ഇതു മറിയത്തിന്റെയും കൂടി തിരുനാളായി ഭവിക്കുന്നു എന്നു മാത്രം.

ദൈവം മനുഷ്യനാകുകയെന്നാൽ എന്താണർഥം? ദൈവം ദൈവമല്ലാതായിത്തീരുകയും മനുഷ്യനായിത്തീരുകയും ചെയ്തെന്നാണോ? തീർച്ചയായും അല്ല. കാരണം ദൈവത്തിനു ദൈവമല്ലാതാകാൻ കഴിയുകയില്ലെന്നതുതന്നെ. മനുഷ്യാവതാരത്തെപ്പറ്റി പുതിയനിയമം നൽകുന്ന ആദ്യത്തെ പ്രബോധനം ഫിലിപ്പിയ ലേഖനത്തിലാണ്. അത് ഇങ്ങനെയാണ്: ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്നു (2.6-7). ഈ വാക്യം പലപ്പോഴും തെറ്റിദ്ധരിക്കപ്പെടുന്നുണ്ട്. യേശു ദൈവവുമായി സമാനതയുള്ളവനായിരുന്നെന്നും (ദൈവമായിരുന്നെന്നും) മനുഷ്യാവതാരംവഴി അതു നഷ്ടപ്പെടുത്തിയെന്നുമല്ല പൗലോസ് ഇവിടെ ഉദ്ദേശിക്കുന്നത്. അങ്ങനെ ആർക്കെങ്കിലും - ദൈവത്തിനുപോലും - നഷ്ടപ്പെടുത്താൻ കഴിയുന്നതല്ല ദൈവസമാനത. നിലനിർത്തേണ്ട എന്ന മലയാളപദമാണ് ഇവിടെ വില്ലനായി പ്രവർത്തിക്കുന്നത്. അർപ്പാഗ്മോൻ (arpagmon) എന്ന ഗ്രീക്കുപദമാണ് നിലനിർത്തേണ്ട കാര്യം എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. യഥാർഥത്തിൽ നിലനിർത്തേണ്ടകാര്യം എന്നല്ല അർഥം. പിടിച്ചുവച്ച് ആസ്വദിക്കേണ്ടത് എന്ന് പറഞ്ഞാൽ,

കുറച്ചുകൂടി ഗ്രീക്കിനോട് നീതി പുലർത്താം. അതായത് ദൈവമാണ്, അല്ലെങ്കിൽ ദൈവസമനാണ് എന്നത് തനിക്കുതന്നെ ആസ്വദിക്കാനുള്ള ഒന്നായി യേശു പരിഗണിച്ചില്ല എന്നാണർഥം. മനുഷ്യാവതാരം എന്നത് ദൈവമല്ലാതാകുകയല്ല. എങ്കിൽ പിന്നെന്താണ്? അത് ദൈവത്വത്തോട് മനുഷ്യത്വം കൂട്ടിക്കലർത്തുകയായിരുന്നു. കലർത്തുക എന്നാൽ ദൈവവും മനുഷ്യനും അല്ലാത്ത ഒരവസ്ഥയിൽ വന്നു എന്നല്ല മനസിലാക്കേണ്ടത്. മറിച്ച് ഒരേ സമയം ദൈവവും മനുഷ്യനുമായി നിലനിന്നുവെന്നാണ്. മനുഷ്യനും ദൈവവുമെന്നാൽ യേശു എന്ന യാഥാർഥ്യത്തിൽ പകുതി ദൈവവും പകുതി മനുഷ്യനും ആയിയെന്നുമല്ല അർഥം. അതുപോലെ, ദൈവത്വത്തിന്റെ ഒരംശവും മനുഷ്യത്വത്തിന്റെ ഒരംശവും കൂടിക്കലർത്തി മനുഷ്യാവതാരം ചെയ്തുവെന്നും ചിന്തിക്കാൻ പാടില്ല. മനുഷ്യാവതാരമെന്നത് ദൈവമായവൻ അങ്ങനെതന്നെ ദൈവമായി നിലനിന്നുകൊണ്ട് തന്നിലേക്ക് മനുഷ്യത്വംകൂടി ചേർത്തു എന്നാണ്. അങ്ങനെ പൂർണദൈവവും പൂർണമനുഷ്യനുമായി നിലനിൽക്കുന്ന യാഥാർഥ്യമാണ് മനുഷ്യാവതാരം എന്നത്. ഇത് സഭയിലെ മറ്റെല്ലാ വിശ്വാസങ്ങളുടെയും, എല്ലാ ആരാധനയുടെയും അടിസ്ഥാനമാണ്. മനുഷ്യാവതാരം സംഭവിച്ചതുകൊണ്ടാണ് യേശുവിന്റെ ജനനത്തിരുനാളായ ക്രിസ്തുമസ് അർഥമുള്ളതായിത്തീരുന്നത്. മനുഷ്യാവതാരമാണ് പരിശുദ്ധ കന്യകയോടുള്ള നമ്മുടെ ഭക്തിയുടെ അടിസ്ഥാനം. മനുഷ്യാവതാരംതന്നെയാണ് യേശുവിന്റെ കുരിശിലെ മരണം പാപമോചനശക്തിയുള്ളതായി തീരാൻ കാരണം. ഉയിർപ്പിന്റെ അർഥവും ഇവിടെനിന്നു വരുന്നു. യേശുവിന്റെ പുനരാഗമനവും അർഥവത്താകുന്നത് മനുഷ്യാവതാരംവഴിയാണ്.

ഈ വലിയ പ്രാധാന്യം ആരാധനക്രമത്തിൽ വ്യക്തമായി ആഘോഷിക്കുന്നു. പാശ്ചാത്യസുറിയാനിസഭകൾ ആഘോഷത്തിന്റെ ദിവസം മാർച്ച് 25 എന്ന് നിശ്ചയിച്ചിരിക്കുന്നു. ഒരു കാരണവശാലും ഈ തിരുനാൾ ഒരു ദിവസം മുന്നോട്ടോ പിന്നോട്ടോ മാറ്റുക എന്നത് സുറിയാനിസഭയ്ക്ക് ചിന്തിക്കാനേ കഴിയുകയില്ല. ഈ തിരുനാൾ ദിനം ദുഃഖവെള്ളിയിലാണ് വരുന്നതെങ്കിൽ പോലും മനുഷ്യാവതാരത്തിരുനാൾ ആദ്യം ആഘോഷിച്ചശേഷമേ ദുഃഖവെള്ളിയാഴ്ചയുടെ ശുശ്രൂഷകൾ നടത്താൻ പാടുള്ളു എന്നാണ് ആരാധനക്രമത്തിൽ വിധിച്ചിരിക്കുന്നത്. കാരണം ദൈവം മനുഷ്യനായതാണ് ദുഃഖവെള്ളിയാഴ്ചയെ അർഥമുള്ളതാക്കിത്തീർക്കുന്നത്. ഈ തിരുനാൾ യാതൊരു കാരണവശാലും മറ്റൊരു ദിവസത്തേക്ക് മാറ്റാത്ത സുറിയാനിസഭയുടെ പാരമ്പര്യം തന്നെയാണ് ഗ്രീക്ക് ഓർത്തഡോക്സ്സഭയ്ക്കുമുള്ളത് അവർ ഈ തിരുനാളിനു കൊടുത്തിരിക്കുന്ന പേര് ഈവൻജേലിസ്മോസ് (evangelismos) എന്നാണ്. സദ്വാർത്ത എന്നർഥം. വലിയ നോമ്പുകാലം അവർക്കനുവദിച്ചിട്ടുള്ളത് പൂർണ സസ്യാഹാരമാണ്. എന്നാൽ വലിയനോമ്പുകാലത്തുവരുന്ന സദ്വാർത്തതിരുനാളിന്റെ പ്രാധാന്യം കണക്കാക്കി മത്സ്യാഹാരം അനുവദിച്ചിട്ടുണ്ട്. ഈവൻജേലിയ, ഇവാൻജെലിൻ എന്നീ സ്ത്രീനാമങ്ങളും ഇവാൻജെലോസ്, ഇവാൻ, ആൻജലോ എന്നീ പുരുഷനാമങ്ങളും ഉള്ളവർ തങ്ങളുടെ തിരുനാൾ ആഘോഷിക്കുന്നതും ഈ ദിവസമാണ്. ജോൺ ക്രിസോസ്റ്റോമിന്റെ പേരിലുള്ള അനാഫൊറയാണ് വി.കുർബാനയിൽ ഉപയോഗിക്കുന്നത്.

എത്യോപ്യൻ സഭയിൽ ട്സിൻസെറ്റോർ (tsinsetor) എന്നാണ് ഈ തിരുനാൾ അറിയപ്പെടുന്നത്. മനുഷ്യാവതാരത്തിരുനാൾ എന്നാണ് ഈ പദത്തിനുമർത്ഥം. മെഗാബിറ്റ് എന്ന എത്യോപ്യൻ മാസത്തിലെ 29-ാം തീയതിയാണ് ഈ തിരുനാൾ കൊണ്ടാടുന്നത്. യഹൂദരുടെ യോംഹകിപൂർ (yom ha kippur) എന്ന ദിവസംപോലെ പാപമോചനത്തിരുനാളായി ഈ ദിവസം അറിയപ്പെടുന്നു. സിറിയൻ ഓർത്തഡോക്സ്, ഇന്ത്യയിലെ ഓർത്തഡോക്സ് യാക്കോബായസഭകളും മലങ്കര കത്തോലിക്കാസഭയും ഈ തിരുനാളിനു നൽകുന്ന പേര് സൂബോറോ എന്നാണ്. വചനം അല്ലെങ്കിൽ വാർത്ത അറിയിക്കൽ എന്ന് ഇതിന് അർഥം നൽകാം. ഈ സഭകളിൽ ഈ തിരുനാളിന്റെ യഥാർഥ മൂല്യം അന്നത്തെ ആരാധനാക്രമത്തിലൂടെ കാത്തുസൂക്ഷിക്കപ്പെടുന്നുവെന്നത് എടുത്തുപറയേണ്ട സവിശേഷതയാണ്. ഏറ്റവും പുരാതനമായ തിരുനാളുകളിലൊന്നാണ് സൂബോറോതിരുനാൾ. നാലാം നൂറ്റാണ്ടുമുതലെങ്കിലും ഈ തിരുനാൾ ആഘോഷിച്ചു വന്നിരുന്നുവെന്ന് വിശ്വസിക്കാൻ വ്യക്തമായ തെളിവുകളുണ്ട്.

## ക്രിസ്തുമസ്

ദൈവം മനുഷ്യനായ തിരുനാൾ മാർച്ച് 25 ന് ആഘോഷിക്കുന്ന സഭ, മനുഷ്യനായവന്റെ ജനനം കൃത്യം ഒൻപതുമാസം പൂർത്തിയാകുന്ന ഡിസംബർ 25ന് ആഘോഷിക്കുന്നു. എന്നാൽ ആഘോഷങ്ങളുടെ

ബാഹ്യതലത്തിൽ ക്രിസതുമസിന് സൂബോറോ തിരുനാളിനേക്കാൾ പ്രാധാന്യം നൽകപ്പെടുന്നു. ഗ്രീക്കുസഭയിൽ മാത്രമാണ് സൂബോറോതിരുനാളിന് ബാഹ്യമായ ആഘോഷങ്ങളുള്ളത്. അതിന് പ്രധാനകാരണം മാർച്ച് 25 ന്റെ രാഷ്ട്രീയ പ്രാധാന്യമാണ്. അന്നാണ് ഓട്ടോവാൻ ഭരണത്തിൽനിന്ന് ഗ്രീക്കുകാർ സ്വാതന്ത്ര്യം പ്രാപിച്ചത്.

സുവിശേഷങ്ങളിലും സുബോറോയെക്കാൾ യേശുവിന്റെ ജനനത്തിരുനാളിന് അധിക പ്രാധാന്യം നൽകിയിരിക്കുന്നു. ആട്ടിടയന്മാരുടെ സന്ദർശനം ജനനത്തിരുനാളിന്റെ ആഘോഷങ്ങൾക്ക് മാറ്റുകൂട്ടുന്നു, ലൂക്കായുടെ സുവിശേഷത്തിൽ. പൗരസ്ത്യദേശത്തുനിന്നുള്ള വിദ്വാന്മാരുടെ സന്ദർശനം വിവരിച്ചുകൊണ്ടാണ് മത്തായി ഈ തിരുനാളിന് പ്രാധാന്യം നൽകുന്നത്. സൂബോറോ, ദൈവവും മറിയവും മാത്രം മനസിലാക്കിയ ആന്തരിക സംഭവമാണ്. ക്രിസ്തുമസ് ആർക്കും ആഘോഷിക്കാവുന്ന ബാഹ്യസംഭവമാണ്. എന്നാൽ സൂബോറോയിലേക്ക് തിരിഞ്ഞുനോക്കാൻ, അതായത് ജനിച്ചവൻ ദൈവവും മനുഷ്യനുമാണെന്ന് മനസിലാക്കാൻ സഹായിക്കുന്നില്ലെങ്കിൽ ക്രിസ്തുമസാഘോഷം ആധ്യാത്മികമായി അർഥമില്ലാത്തതായിപ്പോകും. ഈ സത്യം മനസിലാക്കിയതുകൊണ്ടാകും മലങ്കര ലിറ്റർജിക്ക് രൂപം നൽകിയ സഭാപിതാക്കന്മാർ ക്രിസ്തുമസ് ലിറ്റർജിയിലെ പ്രാർഥനകളിലുടെ, ബത്‌ലഹേമിലെ ജനനത്തെവിട്ട് നസറേത്തിലെ മനുഷ്യാവതാരത്തിലേക്ക് വിശ്വാസികളുടെ ശ്രദ്ധ തിരിക്കുന്നത്. സന്ധ്യയുടെ എനിയോനോ ഗാനത്തിൽ നാം ഇങ്ങനെ ആലപിക്കുന്നു:

ശാശ്വതനാം താതനിൽ നിന്നുത്ഭൂതാ<br>
കാലത്തികവിൽ മേരിസുതനായൊരു<br>
ദേവാ ദയചെയ്തീടണമെ

ജനനം കാലത്തിൽ – സമയത്തിൽ നടന്നതാണ്. എന്നാൽ നിത്യതയിൽ മറ്റൊരു ജനനംവഴി പിതാവിൽനിന്ന് ജനിച്ച ദൈവമാണീ പൈതൽ എന്നാണ് സഭ ഉദ്ഘോഷിക്കുന്നത്. വീണ്ടും മനുഷ്യാവതാര രഹസ്യത്തിലേക്ക് വിശ്വാസികളുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് സഭ പ്രാർഥിക്കുന്നു: തിരുവിഷ്ടത്താൽ അവൻ കന്യകയുടെ ഉദരത്തെ ശുദ്ധീകരിച്ച് അതിൽ ഇറങ്ങി വസിക്കുകയും യഹൂദ്യായിലെ ബേത്‌ലഹേമിൽ എളിയവനായി ജനിക്കുകയും ചെയ്തു (സന്ധ്യാ പ്രുമിയോൻ). കന്യകയുടെ ഉദരത്തിൽ വസിച്ചതാണ് മനുഷ്യാവതാരം, ബേത്‌ലഹേമിൽ ജനിച്ചത് ക്രിസ്തുമസും. ആദ്യത്തേതിനാണ് കൂടുതൽ പ്രാധാന്യം. ആദ്യത്തേതിൽ നിന്നാണ് രണ്ടാമത്തേത് പ്രാധാന്യം സ്വീകരിക്കുന്നത്.

സുവിശേഷകന്മാർ ക്രിസ്തുമസ് ആഘോഷമാക്കി മാറ്റുന്നതിന്റെ കാരണവും അത് മനുഷ്യാവതാരത്തിന്റെ അനന്തരഫലമായതുകൊണ്ടാണ്. ശിശുവിനെ കാണാൻ വന്ന വിദ്വാന്മാർ കാഴ്ചവച്ചത് പൊന്നും കുന്തിരിക്കവും മീറയുമാണ്. ആദ്യകാലം മുതലേ ഈ കുന്തിരുക്കത്തെ ദൈവത്വത്തിന്റെ പ്രതീകമായി സഭ കണ്ടിരുന്നു. സുവിശേഷകൻ പറയാൻ ആഗ്രഹിക്കുന്നത് ഈ ശിശുവിനെ വെറുമൊരു മനുഷ്യനായോ മനുഷ്യരുടെ രാജാവായോ കണ്ടാൽ പോരാ, ദൈവമായി കാണണമെന്നാണ്. ആട്ടിടയന്മാർക്ക് നൽകിയ സന്ദേശത്തിൽ മാലാഖമാർ പാടിയത് ഇങ്ങനെയാണ്. അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം. എന്താണിതിന്റെ അർഥം? യേശുശിശു ദൈവവും മനുഷ്യനുമാണ് എന്നതാണ് സന്ദേശം. ദൈവം മനുഷ്യനായി മനുഷ്യരക്ഷ സാധിക്കുന്നതിനാൽ ഈ ശിശുവിന്റെ ജനനംവഴി ദൈവം മഹത്വപ്പെടുന്നു. ദൈവം മനുഷ്യനിവാസ സ്ഥാനത്തെത്തി മനുഷ്യനെ സന്ദർശിക്കുകയും, മനുഷ്യന് രക്ഷ നൽകുകയും ചെയ്യുന്നതിനാൽ മനുഷ്യനു സമാധാനം. മനുഷ്യാവതാരം ദൈവമനുഷ്യ സംഗമമാണ്. ദൈവത്തിന് അത് മഹത്വവും മനുഷ്യന് രക്ഷയിലൂടെ ലഭിക്കുന്ന സമാധാനവുമാണ്. ഇത് എങ്ങനെ സംഭവിക്കുന്നു? ദൈവത്തിന്റെ മനുഷ്യാവതാരത്തിലൂടെ.

ഈ രണ്ടു തിരുനാളുകളെയും യോജിപ്പിച്ചുകൊണ്ട് നമുക്ക് ഇങ്ങനെ പറയാം: സൂബോറോ ദൈവത്തിന്റെ മനുഷ്യാവതാരം എന്ന യാഥാർഥ്യം അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നു, ക്രിസ്തുമസ് ഈ യാഥാർഥ്യത്തിന്റെ കാണപ്പെടുന്ന തലം അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നു. രണ്ടും ഒരേ സത്യത്തിന്റെ രണ്ടു വശങ്ങളാണ്. അവയെ വേർതിരിക്കാൻ പാടില്ല. മനുഷ്യാവതാരം ചെയ്തവൻ മനുഷ്യനായി ജനിച്ചു. അതാണ് ക്രിസ്തുമസ്.

■

# മാർ അപ്രേമിന്റെ മനുഷ്യാവതാരഗീതങ്ങൾ



ഫാ. ഡോ. ഗീവർഗീസ് ചേടിയത്ത് മൽപ്പാൻ

സുറിയാനിസഭയുടെ അഭിമാനവും സാർവത്രികസഭയിലെ വേദപാരംഗതനുമായ മാർ അപ്രേം (+373) നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തെക്കുറിച്ച് പദ്യരൂപത്തിൽ ഒരു കൃതി രചിച്ചിട്ടുണ്ട്. അതിൽനിന്ന് ഒരു ഭാഗം ഉദ്ധരിക്കാം. കരകാണാക്കടൽ പോലെ അദ്ദേഹത്തിന്റെ പദ്യകൃതികൾ വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. പരിശുദ്ധാത്മാവിന്റെ വീണയെന്നാണ് സൈറസിലെ തിയഡൊറെറ്റ് മാർ അപ്രേമിനെ വിശേഷിപ്പിക്കുന്നത്. അനർഘസുന്ദരമായ വാഗ്ധോരണികൊണ്ടും കവിതാവാസനകൊണ്ടും അനുഗൃഹീതനായ പ്രതിഭാശാലി ആയിരുന്നു അദ്ദേഹം. സഭാപിതാക്കന്മാരുടെ കാലത്തെ അതിപ്രഗത്ഭരായ ദൈവശാസ്ത്രജ്ഞന്മാരിൽ ഏറ്റവും മൗലികതയുള്ളവരിൽ മുൻപന്തിയിൽ നിൽക്കുന്നത് മാർ അപ്രേമാണ്. മാർ അപ്രേമിന്റെ അംഗീകൃത കൃതികൾ കുറേ നാളുകൾക്കുമുമ്പ് പതിമൂന്ന് വാല്യങ്ങളിലായി ഞാൻ മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവയിൽ ചിലത് ഇപ്പോഴും കോട്ടയത്തുള്ള പൗരസ്ത്യവിദ്യാപീഠത്തിൽ ലഭ്യമാണ്. നമ്മുടെ കർത്താവിനെപ്പറ്റി സംസാരിക്കുമ്പോൾ മാർ അപ്രേം വാചാലനാകുന്നു.

ഒരുദാഹരണം:

''അവന്റെ ആകൃതി ആര് തിരക്കുന്നു?

ആ രൂപം ആര് മനസ്സിൽ വരയ്ക്കുന്നു?

ചെവിയില്ലാതെ അവൻ കേൾക്കുന്നു.

വായില്ലാതെ അവൻ സംസാരിക്കുന്നു.

കരങ്ങൾ കൂടാതെ അവൻ പ്രവർത്തിക്കുന്നു.

കണ്ണുകൾ കൂടാതെ അവൻ കാണുന്നു'' (നിസിബിയൻ ഗീതം, 3,2).

ഇനിയും മനുഷ്യാവതാരഗീതങ്ങളിൽനിന്ന് ചില ഭാഗങ്ങൾ ഉദ്ധരിക്കാം. നമ്മുടെ കർത്താവിന്റെ ജന്മദിനത്തെ സംബന്ധിച്ചാണിത്. ഇതേപ്പറ്റി പ്രവാചകന്മാർ പറഞ്ഞിരിക്കുന്നത് ഉദ്ധരിച്ചുകൊണ്ടാണ് അദ്ദേഹം കവിത രചിച്ചിരിക്കുന്നത്:

1. എന്റെ കർത്താവേ, രാജാക്കന്മാരെയും പുരോഹിതന്മാരെയും ഈ ദിവസം സന്തോഷിപ്പിക്കുന്നു. കാരണം, ഇന്ന് അവരുടെ വാക്കുകളെല്ലാം പൂർത്തീകരിക്കപ്പെടുകയും യാഥാർഥ്യമാകുകയും ചെയ്തു.

2. ഇന്ന് കന്യക ബേത്‌ലഹേമിൽ അമ്മാനുവേലിനെ പ്രസവിച്ചതിനാൽ, ഏശായാ സംസാരിച്ച വചനം ഇന്ന് പൂർത്തീകരിക്കപ്പെട്ടു (7,14).

3. ജനതകളുടെ പേരെഴുതുന്നവൻ അവിടെ ഭൂജാതനായി. ദാവീദ് പാടിയ സങ്കീർത്തനം ഇന്ന് പൂർത്തീകരിക്കപ്പെട്ടു (സങ്കീ.87,6).

4. മീക്കാ സംസാരിച്ച വചനം ഇന്ന് യാഥാർഥ്യമായി. എഫ്രാത്തായിൽനിന്ന് ഒരിടയൻ പുറപ്പെട്ടു. അവന്റെ വടി ആത്മാക്കളെ മേയിക്കുന്നു (മീക്കാ 5,2).

5. ബാലാം പ്രവചിച്ച പ്രവചനം ഇന്ന് അർഥം കണ്ടെത്തി. ഇതാ, യാക്കോബിൽനിന്ന് ഒരു നക്ഷത്രം ഉദിച്ചു. ഇസ്രായേലിൽനിന്ന് ഒരു രാജകുമാരൻ എഴുന്നേറ്റു (സംഖ്യ 24,17: പ്ശീത്താ).

6. സക്കറിയാ സംസാരിച്ച ഉഷസ് ഇന്ന് ബേതലഹേമിനെ പ്രകാശിപ്പിച്ചു (2,5).

7. യാക്കോബ് ഉച്ചരിച്ച അനുഗ്രഹവചനം ഇന്ന് പൂർത്തീകരിക്കപ്പെട്ടു (ഉല്പ.49,8-12).

8. ജീവവൃക്ഷം മരിച്ചവർക്ക് പ്രത്യാശ കൊണ്ടുവന്നു. സോളമന്റെ നിഗൂഢവചനം ഇന്ന് അവയുടെ വിശദീകരണം ദർശിച്ചു (സുഭാ.12,13: പ്ശീത്താ).

9. ഇന്ന് ഒരു ശിശു ജാതനായി. അവൻ അത്ഭുതം എന്ന് വിളിക്കപ്പെട്ടു. എന്തുകൊണ്ടെന്നാൽ ദൈവം ഒരു ശിശുവായി സ്വയം വെളിപ്പെടുത്തുക എന്നത് അത്ഭുതം തന്നെ (ഏശാ.9, 6).

10. അവൻ അവന്റെ മുമ്പിൽ ഒരു മുളപോലെ, വരണ്ട ഭൂമിയിൽനിന്നുള്ള കിളിർപ്പുപോലെ മുളച്ചുവന്നു. രഹസ്യമായി പറഞ്ഞ കാര്യം ഇന്ന് പരസ്യമായി സംഭവിച്ചു (ഏശാ. 53,2; പ്ശീത്താ).

11. രാജാവ് യൂദായിൽ നിഗൂഢനായിരുന്നതിനാൽ അവനിൽനിന്ന് താമാർ അവനെ തട്ടിയെടുത്തു. ആ സൗന്ദര്യതേജസ്സ് ഇന്ന്

പ്രകാശിച്ചു. അതിന്റെ നിഗൂഢരൂപത്തെ അവൾ സ്നേഹിച്ചു (ഉല്പ.38,12-19).

12.ജീവന്റെ ഔഷധം ബോവാസിൽ നിഗൂഢമായിരിക്കുന്നു എന്നുകണ്ട് റൂത്ത് അവനുമായി ബന്ധപ്പെട്ടു. ഇന്ന് അവളുടെ ശപഥം നിറവേറി. കാരണം അവളുടെ വിത്തിൽ നിന്ന് ജീവദാതാവ് എഴുന്നേറ്റു (റൂത്ത്, 1,16f.).

ഈ രീതിയിൽ പഴയനിയമത്തിലെ പ്രവചനങ്ങളെല്ലാം യേശുവിൽ പൂർത്തീകരിക്കപ്പെട്ടെന്ന് മാർ അപ്രേം വ്യാഖ്യാനിക്കുന്നു: അഹറോന്റെ തളിർത്ത വടി മറിയത്തിന്റെ കന്യാത്വത്തെ സൂചിപ്പിക്കുന്നു: ''കന്യാത്വം അഴിയാത്ത ഉദരം ഇന്ന് പ്രസവിച്ചു''.

കൊല്ലപ്പെട്ട ഹാബേൽ രക്ഷകന്റെ മുൻകുറി ആയിരുന്നു. അവന്റെ കുരിശ് കായേന്റെ കൊലയായുധത്തെ നിർവീര്യമാക്കി.

വ്യഭിചാരികളെ പാവനരാക്കുന്ന പരിപാവന സുതനെ നോഹ മുൻകൂട്ടി കണ്ടു.

മൽക്കീസദേക്ക് അവനെ മുൻകൂട്ടി സൂചിപ്പിച്ചു. പൗരോഹിത്യത്തിന്റെ ഉടമസ്ഥനെ കാണാൻ അവൻ നോക്കിപ്പാർത്തുകൊണ്ടിരുന്നു.

ശുദ്ധത പ്രദാനം ചെയ്യുന്ന പ്രകൃതിനാഥനെ ലോത്ത് നോക്കിപ്പാർത്തു (ഉൽപ.19).

അഹറോനും മോശയും അവിടുത്തെ മുൻകൂട്ടി സൂചിപ്പിച്ചു. ആദത്തെയും ഹവ്വായെയും വിഴുങ്ങിയ സർപ്പത്തെ രക്ഷകന്റെ കുരിശ് വിഴുങ്ങും എന്ന് അവർ മുൻകൂട്ടി സൂചിപ്പിച്ചു (പുറ. 7,8-13). ആദ്യസർപ്പം ഉണ്ടാക്കിയ മുറിവുണക്കുന്നവനെ താൻ കാണുമെന്ന് മോശ പിച്ചളസർപ്പത്തിലൂടെ സൂചിപ്പിച്ചു. (പുറ. 34,29-35).

സൃഷ്ടിയെ മുഴുവൻ സമാശ്വസിപ്പിക്കുന്ന വീഞ്ഞ് നൽകുന്ന മുന്തിരക്കുലയെ, താൻ വഹിച്ച മുന്തിരിക്കുലയിലൂടെ കാലേബ് സൂചിപ്പിച്ചു (സംഖ്യ 13,23f).

ജോഷ്വാ അവന്റ മുൻകുറി ആയിരുന്നു. റാഹാബും ചെമന്ന ചരടിലൂടെ അവിടുത്തെ ദർശിച്ചു. (ജോഷ്വാ 2,8-12;6,17-25).

മോശയും ഏലിയായും അവനെ കാത്തിരുന്നു. താബോർമലയിൽ അവർ അവനെ ദർശിച്ചു (മർക്കോ. 9,2-8).

അവസാനം മാർ അപ്രേം പറയുന്നു: ''പുത്രന്റെ മുൻകുറിയായി വന്ന നീതിമാന്മാരുടെ നിരയുടെ അന്ത്യത്തെ ആരെന്നെ കാണിക്കും? അവരുടെ എണ്ണം തിട്ടപ്പെടുത്താൻ എനിക്കാവില്ല.''

ഹാനോക്കും ലാമേക്കും നോഹയും അവിടുത്തെ കാണാൻ കാത്തിരുന്നു (ഉല്പ.5,24.29). പുത്രന്റെ ജനനം വിദൂരത്തിലാണെന്ന് ആത്മാവിൽ അബ്രഹാം ദർശിച്ചു. അവനെ കാണാൻ അവൻ താൽപര്യപൂർവം ആഗ്രഹിച്ചു (യോഹ.8,56).

ഈ ദിവസത്തെ ജാഗരണത്തെപറ്റിയും മാർ അപ്രേം സംസാരിക്കുന്നു:

''സൃഷ്ടി മുഴുവൻ ഉണർന്നിരിക്കുന്ന ഈ രാത്രിയിൽ ആരാണ് ഉറങ്ങാൻ പോകുന്നത്?''

പലിശയ്ക്ക് പണം കൊടുക്കുന്നവനും കള്ളനും കവർച്ചക്കാരനും ഭോജനപ്രിയനും ആർത്തി പൂണ്ട കച്ചവടക്കാരനും ധനവാനും ഉറക്കമില്ലാതെ ക്ലേശിക്കുന്നവനും ജാഗരണം നടത്തുന്നു. യൂദാസ്കറിയോത്തായും ഫരിസേയരും ജാഗരണം നടത്തി. എന്നാൽ അതുപോലെയല്ല നാം ജാഗരണം നടത്തേണ്ടതെന്ന് മാർ അപ്രേം പറയുന്നു:

''ശോഭയുള്ള ഈ രാത്രിയിൽ പ്രകാശിതരെപ്പോലെ ജാഗരണം നടത്തുവിൻ. അപ്പോൾ നിഗൂഢ പ്രകാശത്താൽ നാം പൊതിയപ്പെടും.''

അസൂയാലുവിനെപ്പോലെയും വായാടിയെപ്പോലെയും രോഷാകുലനെപ്പോലെയും അവിവേകിയെപ്പോലെയും നമുക്ക് ജാഗരണം നടത്താതിരിക്കാം.

''നമ്മുടെ ശ്രവണപാത തടസ്സമില്ലാതിരിക്കട്ടെ. കണ്ണിന്റെ കാഴ്ച വേഗതയുള്ളതായിരിക്കട്ടെ. ഹൃദയത്തിന്റെ ധ്യാനം പാവനമായിരിക്കട്ടെ. വായുടെ സംസാരം സംശുദ്ധമായിരിക്കട്ടെ.''

''ഇതാണ് അനുരഞ്ജനത്തിന്റെ രാത്രി. ഇതാണ് മാധുര്യവാന്റെ രാത്രി. ഇതാണ് ക്ഷമയുടെ രാത്രി. ഇതാണ് രക്ഷയുടെ രാത്രി. ഇതാണ് ഉന്നതകവാടം തുറക്കപ്പെട്ട രാത്രി. ഈ ദിവസം നമുക്ക് അർഥസംപുഷ്ടമായി നടത്താം. നമുക്കിതിൽ രോഷാകുലരോ, ദുഃഖിതരോ ആകാതിരിക്കാം. നമുക്കിതിൽ കയ്പ്പുള്ളവരോ, കാഠിന്യമുള്ളവരോ ആകാതിരിക്കാം. നമുക്കിതിൽ രോഷാകുലരാകാതിരിക്കാം.''

(മാർ അപ്രേം, മനുഷ്യാവതാരഗീതങ്ങൾ, കോട്ടയം, 2001, പേജ്, 9-23).

■

# ശതാഭിഷേക നിറവിൽ ബഹു. മാത്യു പഞ്ഞിക്കാട്ടിലച്ചൻ

മോൺ. ചെറിയാൻ താഴമൺ (മുഖ്യ വികാരിജനറാൾ)

**മുഖമൊഴി**

ഏഴ് വർഷങ്ങൾക്ക് മുൻപ്, 2012 സെപ്റ്റംബർ മാസത്തിൽ ആധുനിക മെഡിക്കൽ ശാസ്ത്രം പ്രഖ്യാപിച്ചു. 'അച്ചന്റെ ആയുസ്സ് ഏറിയാൽ ഇനി ഏതാനും മണിക്കൂറുകൾ മാത്രം. അദ്ദേഹത്തെ അവർ അതിതീവ്ര ഹൃദ്രോഗ പരിചരണ കേന്ദ്രത്തിലേക്ക് മാറ്റി. ഇരുപത്തിനാല് മണിക്കുറും ഹൃദ്രോഗവിദഗ്ദരായ ഡോക്ടർമാരുടെ നിരീക്ഷണം. കർശന നിയന്ത്രണങ്ങൾ : സന്ദർശകരെ അനുവദിക്കുന്നില്ല, എഴുന്നേല്ക്കാനോ നടക്കാനോ അനുവാദമില്ല, ശരീരം അനങ്ങാതെ കിടന്നുകൊള്ളണം, സംസാരിക്കാനും അനുവാദമില്ല. ശ്വാസതടസ്സവും നെഞ്ചുവേദനയും അനുഭവപ്പെട്ടതിനെ തുടർന്ന് ആശുപത്രിയിലെത്തിച്ചതാണ്. വിദഗ്ദപരിശോധനയിൽ കണ്ടെത്തി, അദ്ദേഹത്തിന്റെ ഹൃദയ അറകളെ വേർതിരിക്കുന്ന ഭിത്തിയുടെ പേശികളിൽ പൊട്ടലുണ്ടായതിനാൽ ശുദ്ധരക്തവും അശുദ്ധരക്തവും തമ്മിൽ കൂടിക്കലരുന്നു. അതീവ ഗൗരവമായ അവസ്ഥ. ഏതു നിമിഷവും മരണം സംഭവിക്കാം. അതുകൊണ്ടാണ് ആശുപത്രി അധികൃതർ അദ്ദേഹത്തെ അതിതീവ്രപരിചരണ കേന്ദ്രത്തിൽ പ്രവേശിപ്പിച്ചതും സന്ദർശകരെ അനുവദിക്കാത്തതും. രോഗത്തിന്റെ ഗൗരവം ഡോക്ടർമാർ അദ്ദേഹത്തെ ധരിപ്പിച്ചു എന്നാൽ അദ്ദേഹത്തിന്റെ





പ്രതികരണം ഇപ്രകാരമായിരുന്നു: 'ഡോക്ടറെ, എന്നെ ഒരു സാധാരണ മുറിയിലേക്ക് മാറ്റുക, സന്ദർശകർ വരട്ടെ, ഞാൻ അവരെയും അവർ എന്നെയും കാണട്ടെ. എന്റെ മരണത്തെ ഓർത്ത് നിങ്ങൾ ആകുലപ്പെടേണ്ടാ. ഞാൻ ഇത്രയുംകാലം ജീവിച്ചതും ഒരുങ്ങിയതും മരണത്തിനുവേണ്ടിയാണ്. പരിശുദ്ധ കത്തോലിക്കാസഭയുടെ വിശ്വാസങ്ങളുംപ്രബോധനങ്ങളും ദൈവവചനവും മനസ്സിലാക്കിയിട്ടുള്ളതനുസരിച്ച് ഞാൻ ജീവിക്കുന്നു. എനിക്ക് മരണത്തെ ഭയപ്പെടേണ്ടതില്ല. പിന്നെ നിങ്ങൾ എന്തിനാണ് ആകുലപ്പെടുന്നത്. മരിക്കാൻ മരുന്നെന്തിനാണ്'. ഏഴ് വർഷങ്ങൾക്കപ്പുറം ഡോക്ടർമാരോട് ഇപ്രകാരം പറഞ്ഞ അദ്ദേഹം, ഇന്നും തന്റെ അടുത്തേക്കു വരുന്നവർക്കു മാത്രമല്ല തന്റെ സാന്നിദ്ധ്യവും ശുശ്രൂഷയും ആവശ്യമുള്ളവരുടെ പക്കലേക്ക് കടന്നു ചെന്നു സംസാരിക്കുകയും, സാദ്ധ്യമായ ശുശ്രൂഷകൾ ചെയ്തുകൊടുക്കുകയും ചെയ്യുന്നു. ഒക്ടോബർ 31-ാം തീയതി അദ്ദേഹത്തിന്റെ ശതാഭിഷേകമായിരുന്നു. ആയിരം പൂർണ്ണ ചന്ദ്രനെ കണ്ട അദ്ദേഹം പൂർണ്ണ ചന്ദ്രന്റെ പൂർണ്ണനിലാവുപോലെ സഭയിൽ പ്രഭവിതറി ഇടയനടുത്ത ശുശ്രൂഷകൾ തുടരുന്നു. ഔദ്യോഗികമായി അജപാലന ചുമതലകളിൽനിന്ന് വിരമിച്ചെങ്കിലും ശുശ്രൂഷകൾ ആവശ്യമുള്ളിടങ്ങളിൽ ഓടിയെത്തി ഇടയശുശ്രൂഷ നിർവ്വഹിക്കുന്ന ആ വന്ദ്യ വൈദികശ്രേഷ്ഠനാണ്, കണ്ടുമുട്ടുകയും പരിചയപ്പെടുകയും ചെയ്തിട്ടുള്ള എല്ലാവരുടെയും ഹൃദയങ്ങളുടെ ഉള്ളറകളിൽ സ്ഥാനം നേടിയിരിക്കുന്ന ബഹുമാനപ്പെട്ട മാത്യു പഞ്ഞിക്കാട്ടിലച്ചൻ. ശതാഭിഷിക്തനായ അദ്ദേഹത്തിന്റെ ജീവിതത്തിലേക്കും ശുശ്രൂഷകളിലേക്കും ഒരു എത്തിനോട്ടമാണ് വരും താളുകളിൽ.

**ജന്മനാടിന്റെ നന്മ**

പ്രകൃതിയുടെ വരദാനമായ പരിശുദ്ധി പരിലസിക്കുന്ന ഗ്രാമം, 'അയിരൂർ'. പോളിയോ

നിർമ്മാർജ്ജനത്തിലും സാക്ഷരതയിലും ജനസംഖ്യാസന്തുലനത്തിലും ശുദ്ധവായുവിന്റെയുംശുദ്ധജലത്തിന്റെയും സംലഭ്യതയിലും ദേശീയ മാതൃക സൃഷ്ടിച്ച പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിന്റെ പടിഞ്ഞാറെ അതിർത്തിഗ്രാമം. 'ദക്ഷിണഗംഗയെന്നറിയപ്പെടുന്ന പമ്പാനദിയുടെ തീരം ചേർന്നുള്ള ഗ്രാമം. ക്രിസ്തുവർഷാരംഭത്തിൽ തമിഴകത്തിൽ പെട്ടിരുന്ന ഗ്രാമം. പുരാതനകാലം മുതൽ ജനവാസമുണ്ടായിരുന്നതായി കരുതപ്പെടുന്ന ഗ്രാമം. എങ്ങും വൃക്ഷങ്ങളും പച്ചപ്പും കുന്നുകളും തോടുകളും പാടങ്ങളും കൃഷിയിടങ്ങളും കൊണ്ടു നിറഞ്ഞ കാർഷിക ഗ്രാമം. നാഗരികതയുടെ നാരകീയതകളോട് മുഖം തിരിച്ചിരിക്കുന്ന നന്മ നിറഞ്ഞവരുടെ നാട്. പള്ളികളും പള്ളിക്കുടങ്ങളും ക്ഷേത്രങ്ങളുംകൊണ്ട് അനുഗ്രഹീതമായ നാട്. മതമൈത്രിയും സമുദായ സൗഹാർദ്ദവും ആദ്ധ്യാത്മികതയും പരിമളം പരത്തുന്ന നാട്. വിദ്യാഭ്യാസത്തിലൂടെയും വിദേശജോലിയിലൂടെയും വിദേശനാണ്യം നാട്ടിലെത്തിക്കുന്ന ദേശസ്നേഹികളുടെ നാട്. നൂറ്റാണ്ടുകളായി ക്രൈസ്തവ വിശ്വാസം തളിരിട്ടു നില്ക്കുന്ന നാട്. അനേകം ശ്രേഷ്ഠാചാര്യന്മാരെയും ആചാര്യന്മാരെയും സമുദായനേതാക്കന്മാരെയും സഭയ്ക്കും സമൂഹത്തിനും പ്രദാനം ചെയ്ത നാട് . സ്നേഹവും സൗഹാർദ്ദതയും സഹിഷ്ണതയും സഹവർത്തിത്വവും പുലരുന്ന പുണ്യനാട്. മതവൈരമോ വർഗ്ഗീയ വിരോധമോ കേട്ടുകേൾവിപോലും ഇല്ലാത്ത നാട്. കഥകളിഗ്രാമം. മലങ്കര പുനരൈക്യത്തിന്റെ വിളഭൂമി - അയിരൂർ. അയിരൂർ ഗ്രാമത്തിന്റെ നന്മയും പ്രത്യേകതകളും ബഹു. മാത്യു പഞ്ഞിക്കാട്ടിലച്ചന്റെ ജീവിതത്തിൽ പ്രകടമായി കാണാൻ സാധിക്കും.

## അല്പം കുടുംബവിശേഷം

പാലയൂരിൽവച്ച് ക്രിസ്തുശിഷ്യൻ മാർത്തോമ്മാശ്ലീഹായിൽനിന്ന് ക്രിസ്തുവേദം സ്വീകരിച്ച കാളികാവ് ഇല്ലത്തിൽപെട്ടവർ, ചരിത്രപരമായ കാരണങ്ങളാൽ സ്വദേശം വിട്ട് കടുത്തുരുത്തി കുറവിലങ്ങാട് പ്രദേശത്തും, പിന്നീട് നിലയ്ക്കലും പള്ളിവാതുക്കൽ എന്ന വീട്ടുപേരിൽ വന്നുതാമസിച്ചു. അയിരൂർ തൊടുവോപ്പുഴ പഞ്ഞിക്കാട്ടിൽ കുടുംബചരിത്ര രചയിതാവ് കാളികാവ് ഇല്ലക്കാരെ മാർത്തോമ്മാശ്ലീഹാ നിലയ്ക്കലിൽ വച്ച് മാനസാന്തരപ്പെടുത്തിയതായും അവർ പള്ളിയുടെ പടിഞ്ഞാറുഭാഗത്ത് പള്ളിവാതുക്കൽ എന്ന വീട്ടുപേരിൽ താമസിച്ചതായും പറയുന്നുണ്ട്. ഇത് ശരിയാകാൻ സാദ്ധ്യതയില്ല. കാരണം കള്ളി, കാളികാവ്, ശങ്കരപുരി, പകലോമറ്റം ബ്രാഹ്മണ കുടുംബങ്ങൾ പാലയൂരിൽ ആയിരുന്നതായും അവിടെ വച്ച് മാർത്തോമ്മാശ്ലീഹായാൽ മാമോദീസാ സ്വീകരിച്ചതുമായിട്ടാണ് പൊതുവേ അംഗീകരിക്കപ്പെടുന്നത്. അങ്ങനെ ക്രിസ്ത്യാനികളായ കാളികാവ് ഇല്ലത്തെ ക്രിസ്ത്യാനികളിൽ ചിലർ നിലയ്ക്കലിൽ എത്തി 'പള്ളിവാതുക്കൽ' എന്ന വീട്ടുപേരിൽ താമസിച്ചതായി കരുതുന്നതിനാണ് കൂടുതൽ വിശ്വാസ്യത. കാലാന്തരത്തിൽ സാമൂഹിക കാരണങ്ങളാൽ നിലയ്ക്കൽ വിട്ടുപേക്ഷിച്ച് പുറപ്പെട്ട അവരിൽ ഒരു കൂട്ടർ കാഞ്ഞിരപ്പള്ളിയിലും മറ്റൊരു കൂട്ടർ കടമ്പനാട്ടും അതേ കുടുംബപ്പേരിൽ വന്നു താമസിച്ചു.

ഏകദേശം ഏഴ് നൂറ്റാണ്ടുകൾക്ക് മുൻപ് കടമ്പനാട് പള്ളിവാതുക്കൽ കുടുംബത്തിന്റെ ശാഖയിൽപെട്ട 'തെക്കേവീട്ടിൽ' നിന്ന് സഹോദരങ്ങളായ വർക്കിയും നൈനാനും പുത്തൻകാവിൽ എത്തി 'വലിയവീട്ടിൽ' എന്ന കുടുംബനാമം സ്വീകരിച്ച് താമസിച്ചിരുന്നു. കൂടുതൽ മെച്ചമായ ജീവിതസൗകര്യങ്ങൾ തേടി വർക്കി അവിടെനിന്നും കല്ലൂപ്പാറ പ്രദേശത്ത് വന്നു താമസിച്ചു. അദ്ദേഹത്തിന്റെ സന്തതി പരമ്പരകളാണ് കല്ലൂപ്പാറ കാളിയാങ്കലായ മുണ്ടുപാലത്തുങ്കൽ കുടുംബം. കടമ്പനാട് പള്ളിവാതുക്കൽ കുടുംബത്തിൽനിന്ന് A D 1790 - ൽ 'കോശി'എന്ന പിതാവ് പ്രക്കാനത്ത് കാവുങ്കൽ'എന്ന വീട്ടുപേരിൽ വന്നു താമസിച്ചു. ഈ പിതാവിന് ചാക്കോ, തോമസ്, കോരുത് എന്ന് മൂന്ന് പുത്രന്മാരും മറിയാമ്മ, ഏലിയാമ്മ എന്ന് രണ്ട് പുത്രിമാരും ഉണ്ടായിരുന്നു. അതിൽ മൂത്ത പുത്രി മറിയാമ്മയെ അയിരൂർ പകലോമറ്റം താഴമൺ കുടുംബത്തിന്റെ വാഴക്കാല ശാഖയിൽ പേക്കാവുങ്കൽ വീട്ടിലേക്ക് വിവാഹം ചെയ്തിരുന്നു. മറിയാമ്മയുടെ മൂത്ത സഹോദരൻ ചാക്കോ 1831 -ൽ സഹോദരിയുടെ ഭവനത്തിൽ പേക്കാവുങ്കൽ വന്ന് താമസിക്കുകയും പിന്നീട് ഇലന്തൂർ കളിയിക്കൽനിന്ന് മറിയാമ്മയെ വിവാഹം കഴിച്ച് 1835ൽ തൊടുവോപ്പുഴ പുരയിടത്തിൽ വീട് പണിത് കുടുംബമായി താമസം തുടങ്ങി. അദ്ദേഹത്തിന് ഏഴ് ആൺമക്കൾ. അതിൽ ഒരാൾ തോമസ് കാരയ്ക്കൽനിന്ന് വിവാഹം ചെയ്ത് അവിടേക്ക് താമസം മാറി. ഇളയ മകൻ മത്തായി തൊടുവോപ്പുഴ അതേ വീട്ടുപേരിൽ താമസിച്ചു. മറ്റ് അഞ്ച് ആൺമക്കൾ ചാക്കോ, കോശി, ഗീവർഗീസ്, ചെറിയാൻ, യോഹന്നാൻ എന്നിവർ ചേർന്ന് അയിരൂർ പഞ്ഞിക്കാട്ടിൽ ഭാഗത്ത് വസ്തുക്കൾ സമ്പാദിച്ച് അവിടെ താമസിച്ചു. ഇവരുടെ സന്തതിപരമ്പരകളാണ് അയിരൂർ പഞ്ഞിക്കാട്ടിൽ എന്ന വീട്ടുപേരിൽ

അറിയപ്പെടുന്നത്. അയിരൂർ തൊളുവോപ്പുഴ വന്ന് താമസിച്ച ചാക്കോയുടെ കൊച്ചുമകന്റെ മകനാണ് ബഹു. മാത്യു പഞ്ഞിക്കാട്ടിലച്ചൻ. ഏഴു പേരിൽ മൂത്ത മകൻ ചാക്കോ കോഴഞ്ചേരിൽ വഞ്ചിത്തറ വടക്കേവീട്ടിൽ ആച്ചിയമ്മയെയാണ് വിവാഹം ചെയ്തിരുന്നത്. അദ്ദേഹത്തിന്റെ സീമന്തപുത്രൻ മത്തായി പാറേൽനിന്നും ശോശാമ്മയെ വിവാഹം ചെയ്തു. ചാക്കോ എന്ന മകന്റെ ജനനത്തെതുടർന്ന് ശോശാമ്മ നിര്യാതയായതിനാൽ കല്ലുപ്പാറ (പുറമറ്റം) പേരാലുംമൂട്ടിൽ കുടുംബത്തിലെ അഴകത്തുമണ്ണിൽ ശോശാമ്മ (കുഞ്ഞമ്മ)യെ പുനർവിവാഹം ചെയ്തു. ഈ വിവാഹത്തിൽ ജനിച്ച മകനാണ് ബഹു. മാത്യു പഞ്ഞിക്കാട്ടിലച്ചൻ. ശൈശവത്തിൽതന്നെ അച്ചന് അമ്മയെ നഷ്ടപ്പെട്ടു. അമ്മയുടെ അസാന്നിദ്ധ്യം മക്കളുടെ രൂപീകരണത്തെ പ്രതികൂലമായി ബാധിക്കുമെന്ന് കണ്ട മത്തായി അടൂരിൽനിന്ന് മറിയാമ്മ എന്നയാളെ പുനർ വിവാഹം ചെയ്തു. ഈ വിവാഹത്തിൽ ചെറിയാൻ (തങ്കച്ചൻ) എന്നൊരു മകൻ കൂടി ജനിച്ചു.

## ജനനവും ബാല്യവും വിദ്യാഭ്യാസവും

1935 ഒക്ടോബർ 31-ാം തീയതി വിശുദ്ധ അൽഫോൺസ് റൊഡ്രിഗെഡിന്റെ തിരുനാൾ ദിവസമായിരുന്നു അദ്ദേഹത്തിന്റെ ജനനം. നവംബർ ഏഴാം തീയതി വിശുദ്ധ വില്ലിബ്രോഡിന്റെ തിരുനാൾ ദിവസം, അയിരൂർ സെന്റ് കുറിയാക്കോസ് യാക്കോബായ സുറിയാനി പള്ളിയിൽ (പഞ്ഞിക്കാട്ടിൽ പള്ളി) വി. മത്തായി ശ്ലീഹായുടെ നാമത്തിൽ ജ്ഞാനസ്നാനവും മൂറോൻ കൂദാശയും സ്വീകരിച്ചു. വിശുദ്ധ അൽഫോൺസ് റൊഡ്രിഗഡിന്റെയും വിശുദ്ധ വില്ലിബ്രോഡിന്റെയും വിശുദ്ധ മത്തായി ശ്ലീഹായുടെയും ജീവിതത്തിലെ സവിശേഷതകൾ ബാലനിൽ കാലാന്തരത്തിൽ സ്വാധീനം ചെലുത്തിയിരുന്നതായി കാണാൻ സാധിക്കും.

പ്രാഥമിക വിദ്യാഭ്യാസം ഞൂഴൂർ എം. റ്റി. എൽ. പി. സ്കൂളിലും, അഞ്ചാം ക്ലാസ്സ് പഠനം കുമ്പളന്താനം വലിയകുന്നം സെന്റ് മേരീസ് സ്കൂളിലും, തുടർപഠനം മതാപ്പാറ എം. റ്റി. ഹൈസ്കൂളിലും ആയിരുന്നു. 1954 -ൽ എസ്സ്. എസ്സ്. എൽ. സി. പാസ്സായി. പന്ത്രണ്ടാം വയസ്സിൽ 1947 ൽ പെന്തക്കോസ്തിഞായറാഴ്ച മാതാപിതാക്കന്മാരോടും സഹോദരങ്ങളോടുമൊപ്പം ബഹു. ജേക്കബ് വഴതലക്കാട്ടച്ചന്റെ മുൻപാകെ വിശ്വാസം ഏറ്റു പറഞ്ഞ് പരിശുദ്ധ കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ട് അയിരൂർ സെന്റ് പാട്രിക്സ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയിൽ ചേർന്നു. തന്റെ വത്സല പിതാവ് ഗൗരവമായി രോഗബാധിതനായിരുന്ന അവസരത്തിലായിരുന്നു കുടുംബത്തിന്റെ കത്തോലിക്കാസഭാ പുനരൈക്യം. പുനരൈക്യത്തിനുശേഷം അധികനാൾ കഴിയുന്നതിനുമുൻപ് 1947 ൽ തന്നെ വത്സല പിതാവ് നിര്യാതനായി. കത്തോലിക്കാസഭാ പുനരൈക്യം ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട സംഭവമായിട്ടാണ് ബഹു. പഞ്ഞിക്കാട്ടിലച്ചൻ ഇന്നും കരുതുന്നത്. തന്റെ വത്സല പിതാവിന് സത്യസഭയുടെ അംഗമായി നൽമരണം പ്രാപിക്കുവാൻ ഇടയായി എന്നതാണ് അതിൽ പ്രധാനം. തനിക്ക് പരിശുദ്ധ കത്തോലിക്കാസഭയിൽ ഒരു വൈദികനായി ശുശ്രൂഷചെയ്യാൻ സാധിക്കുന്നു എന്നതാണ് സംതൃപ്തി നല്കുന്ന മറ്റൊരു കാര്യം. മലങ്കര പുനരൈക്യത്തെ നെഞ്ചിലേറ്റിയിരിക്കുന്ന ഒരു മിഷനറിയായി അദ്ദേഹം പുനരൈക്യപ്പെട്ടനാൾ മുതൽ അനുദിന വിശുദ്ധ കുർബാനയിൽ സംബന്ധിക്കാനും വേദപഠനവും സഭാചരിത്രപഠനവും ഗൗരവമായി നടത്താനും ശ്രദ്ധിച്ചിരുന്നു. ബഹു. ഇടവക വികാരിയോടൊപ്പം ഭവനസന്ദർശനം നടത്താനും യാത്രാമദ്ധ്യേ സഭാസംബന്ധമായ സംശയങ്ങൾക്ക് നിവാരണം നടത്താനും ശ്രമിച്ചിരുന്നു. പുനരൈക്യത്തെയും പരിശുദ്ധ കത്തോലിക്കാസഭയുടെ വിശ്വാസത്തെയും സംബന്ധിച്ച് ലഭ്യമായ പുസ്തകങ്ങളും ലഘുലേഖകളും, ലേഖനങ്ങളും വായിച്ച് മനസ്സിലാക്കുവാനും ശ്രദ്ധിച്ചിരുന്നു. ഇതിന്റെയെല്ലാം ഫലമായി ഒരു പുനരൈക്യ മിഷനറിയാകുവാൻ മാത്യു അതിയായി ആഗ്രഹിച്ചു. തന്റെ ആഗ്രഹം വികാരി ബഹു. തോമസ് പാണ്ടിപ്പള്ളിയച്ചനോട് യഥാസമയം അറിയിച്ചു. മാത്യുവിന്റെ സ്വഭാവവും സഭാതീക്ഷണതയും നന്നായി അറിഞ്ഞിരുന്ന വികാരിയച്ചൻ അവനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

1954 ൽ വി. നോർബർട്ടിന്റെ തിരുനാൾദിവസം ജൂൺ ആറാം തീയതി മാത്യുവിനെ മലങ്കര പുനരൈക്യത്തിന്റെ ശൗൽ എന്നറിയപ്പെടുന്ന ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത തിരുവല്ലാ ഇൻഫന്റ് മേരീസ് മൈനർ സെമിനാരിയിൽ വൈദികപഠനത്തിനായി സ്വീകരിച്ചു. ബഹു. തോമസ് പാണ്ടിപള്ളിലച്ചനായിരുന്നു മാത്യുവിനെ സെമിനാരിയിൽ കൊണ്ടാക്കിയത്. രണ്ട് വർഷത്തെ ഭാഷാപഠനവും ആദ്ധ്യാത്മിക ശിക്ഷണവും തൃപ്തികരമായി പൂർത്തിയാക്കിയ ബ്രദർ മാത്യുവിന് 1956 മേയ് 18-ാം തീയതി സക്കറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്താ വൈദികവസ്ത്രമായ കുപ്പായം നല്കി. തത്വശാസ്ത്രപഠനത്തിനായി 1956 മേയ് 22-ാം തീയതി പൂനാ പേപ്പൽ സെമിനാരിയിൽ പ്രവേശനം നേടി. തത്വശാസ്ത്രപഠനത്തേതുടർന്ന് 1960

മേയ് 25 ന് ദൈവശാസ്ത്രപഠനം ആരംഭിച്ചു. 1963 മേയ് 31 ന് സബ്ഡീക്കൻ പട്ടവും 1963 ജൂൺ ഒന്നാം തീയതി പൂർണ്ണശെമ്മാശ പട്ടവും സ്വീകരിച്ചു. പൂനാ പേപ്പൽ സെമിനാരി ചാപ്പലിൽവച്ച് 1963 സെപ്റ്റംബർ 2-ാം തീയതി വൈദികപട്ടം സ്വീകരിക്കുകയും, പിറ്റെ ദിവസം അവിടെത്തന്നെ പ്രഥമ ദിവ്യബലി അർപ്പിക്കുകയും ചെയ്തു. അങ്ങനെ അദ്ദേഹത്തിന്റെ ഏറ്റവും വലിയ ജീവിതാഭിലാഷം സഫലമായി. വൈദികപട്ടത്തിനുശേഷം സെമിനാരിയിൽ അജപാലന ദൈവശാസ്ത്രപഠനം തുടർന്നു. പഠനമെല്ലാം വിജയകരമായി പൂർത്തിയാക്കി അദ്ധ്യയന വർഷാവസാനം 1964 മാർച്ച് 31 ന് തിരുവല്ലായിൽ മടങ്ങിയെത്തി. ഏപ്രിൽമാസം ആദ്യ ഞായറാഴ്ച അയിരൂർ സെന്റ് പാട്രിക്സ് പള്ളിയിൽ പ്രഥമ ദിവ്യബലി അർപ്പിച്ചു. അന്നത്തെ വികാരി ബഹു. സക്കറിയാസ് വടക്കേതലയ്ക്കലച്ചൻ തന്റെ നരച്ച താടി തടവിക്കൊണ്ട് നവവൈദികന് ആശംസകൾ അർപ്പിച്ച് സംസാരിച്ചത് ഒരു ബാലനായി അന്നവിടെ ഉണ്ടായിരുന്ന എന്റെ മനസ്സിൽ ഇപ്പോഴും തെളിഞ്ഞു നില്ക്കുന്നു. ആദ്യകുർബാന സ്വീകരണത്തിന് ലേഖകനെ പരിശീലിപ്പിച്ചതും നവവൈദികനായ ബഹു. മാത്യു പഞ്ഞിക്കാട്ടിലച്ചനായിരുന്നു എന്നത് സന്തോഷപൂർവ്വം അനുസ്മരിക്കുന്നു.

### അജപാലന വയലിലേക്ക്

നവവൈദികന്റെ ആദ്യ നിയമനം 1964 ഏപ്രിൽ 18 മുതൽ വെണ്ണിക്കുളം ഇടവകയിൽ ബഹു. മാത്യു ചുണ്ടമണ്ണിലച്ചന്റെ സഹായപട്ടക്കാരനായിട്ടായിരുന്നു. തിരുവല്ല രൂപതയിൽ 'വികാരിയച്ചൻ'' എന്നു മാത്രം പറഞ്ഞാൽ സകലരുടെയും മനസ്സിൽ തെളിയുന്ന ചിത്രം ബഹു. മാത്യു ചുണ്ടമണ്ണിലച്ചന്റേതാണ്. അത്രമാത്രം ജനഹൃദയങ്ങളിൽ സ്ഥാനം നേടിയിട്ടുള്ള വൈദികനായിരുന്നു ബഹു. ചുണ്ടമണ്ണിലച്ചൻ. ഇടവകമക്കളുടെ ജീവിതത്തിലേക്ക് ആഴത്തിൽ കടന്നുചെന്ന് പ്രവർത്തിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ അജപാലനശൈലി. ഈ ശൈലി അജപാലന ശുശ്രൂഷയുടെ ആരംഭനാളുകളിൽതന്നെ സ്വായത്തമാക്കാൻ, ബഹു. ചുണ്ടമണ്ണിലച്ചനോടൊപ്പമുള്ള പ്രവർത്തനങ്ങൾ ബഹു. പഞ്ഞിക്കാട്ടിലച്ചനെ സഹായിച്ചു അദ്ദേഹത്തിന്റെ വികാരിയായുള്ള ആദ്യത്തെ സ്വതന്ത്രനിയമനം 1965 ഏപ്രിൽ 29 മുതൽ വാളക്കുഴി, വാലാങ്കര ഇടവകകളിലേക്കായിരുന്നു. രണ്ട് വർഷങ്ങൾക്കുമുൻപ് മാത്രം (1963) ആരംഭം കുറിച്ച രണ്ട് ഇടവകകളുടെയും ബാലാരിഷ്ടതകളുടെ കാലത്ത് പുനരൈക്യ പ്രേഷിത ചൈതന്യത്താൽ നിറഞ്ഞ യുവ വൈദികന്റെ ശുശ്രൂഷ ഇടവകകളുടെ അടിത്തറ ബലപ്പെടുത്തി. അനേക കുടുംബങ്ങളെ പരിശുദ്ധ കത്തോലിക്കാ സഭാകൂട്ടായ്മയിലേക്ക് അദ്ദേഹം നയിച്ചു. ഈ അവസരത്തിൽ ദൈവശാസ്ത്രത്തിൽ ഉപരിപഠനത്തിനായി രൂപതാധികാരികൾ അദ്ദേഹത്തെ തെരഞ്ഞെടുത്തു. ഫ്രാൻസിന്റെ തലസ്ഥാനമായ പാരിസിലെ കാത്തലിക്ക് സർവ്വകലാശാലയിൽ 1967 സെപ്റ്റംബർ 29-ാം തീയതി പഠനം ആരംഭിച്ചു. ബിരുദാനന്തര ബിരുദം സമ്പാദിച്ച് 1969 ഒക്ടോബർ 9-ാം തീയതി അദ്ദേഹം മടങ്ങിയെത്തി. ചെളിവെള്ളത്തിലെങ്കിലും അല്പം പോലും മാലിന്യമേശാതെ ഉയർന്നു നില്ക്കുന്ന താമര കണക്കെ പരിഷ്ക്കാരങ്ങളുടെയും ഭൗതികതയുടെയും ലോകതലസ്ഥാനമായ പാരീസ് പട്ടണത്തിൽ ജീവിച്ചിട്ടും അതിന്റെ ലാഞ്ചനപോലും ഏശാതെ പഠനം വിജയകരമായി പൂർത്തിയാക്കി നാട്ടിൽ നിന്നും കൊണ്ടുപോയ പെട്ടിയും വസ്ത്രങ്ങളും വാച്ചുമായി മടങ്ങിയെത്തിയ ബഹു. പഞ്ഞിക്കാട്ടിലച്ചൻ അന്നും ഇന്നും ഒരു സമസ്യയാണ് അനേകർക്ക്.

ഉപരിപഠനശേഷം മടങ്ങിയെത്തിയ അദ്ദേഹത്തിന്റെ നിയമനം 1969 നവംബർ 14 മുതൽ കത്തീഡ്രൽ ഇടവകയിൽ ബഹു. അലക്സാണ്ടർ അറയ്ക്കപ്പടവിലച്ചന്റെ സഹായപട്ടക്കാരനായിട്ടായിരുന്നു. വിദേശപഠനം സഹവികാരിയാകുന്നതിന് അദ്ദേഹത്തിന്റെ മനസ്സിൽ അവമതിയൊന്നും ഉളവാക്കിയില്ല. അതാണ് പഞ്ഞിക്കാട്ടിലച്ചൻ. അടുത്ത നിയമനം 1970 മെയ് രണ്ട് മുതൽ കുമ്പനാട്, കോയിപ്പുറം ഇടവകകളുടെ വികാരിയായിട്ടായിരുന്നു, താമസം കുമ്പനാട് പള്ളി മേടയിൽ. ഇതേ കാലയളവിൽ തിരുവല്ലാ മൈനർ സെമിനാരിയിൽ ആദ്ധ്യാത്മിക പിതാവായും നിയമിതനായി (1970). 1974 മാർച്ച് 13 മുതൽ രൂപതാ വൈദിക സെനറ്റിലും, രൂപതാ പാസ്റ്ററൽ കൗൺസിലിലും അംഗമായി തെരഞ്ഞെടുക്കപ്പെടുകയും, വൈദിക പ്രോവിഡന്റ് ഫണ്ട് അസോസിയേഷന്റെ ട്രഷററും സെക്രട്ടറിയുമായി നിയമിതനാകുകയും ചെയ്തു. കുമ്പനാട് പള്ളിയുടെ മുൻപിൽ ഫെലോഷിപ്പ് ആശുപത്രിറോഡിൽ പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിലുള്ള കുരിശടിയുടെ പ്ലാൻ അംഗീകരിപ്പിച്ച് പണി ആരംഭിച്ചത് അദ്ദേഹമാണ്. തന്റെ പിൻഗാമിയായി വികാരിയായി വന്ന ബഹു. അലക്സാണ്ടർ അറയ്ക്കപ്പടവിലച്ചൻ പണി പൂർത്തിയാക്കിയ കുരിശടി പിന്നീട് ബഹു. മാത്യു കരിമ്പിലച്ചൻ നവീകരിച്ചതാണ് ഇപ്പോൾ കാണുന്ന കുരിശടി. കുമ്പനാട്, കോയിപ്പുറം പള്ളികളിൽ വികാരിയായിരിക്കുമ്പോൾതന്നെ

1974 മെയ് 13 -ാം തീയതി മുതൽ രൂപതയുടെ സൺഡേസ്ക്കൂൾ ഡയറക്ടറായി അദ്ദേഹം നിയമിതനായി. കുമ്പനാട് പള്ളിമേടയിൽ താമസിച്ചുകൊണ്ട് സൺഡേസ്ക്കൂൾ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചു. 1974 ജൂലൈ 20 -ാം തീയതി കുമ്പനാട് പള്ളിയുടെ വികാരിസ്ഥാനം മാറുകയും തിരുവല്ല മേരിഗിരി അരമനയിലേക്ക് താമസം മാറ്റുകയും ചെയ്തു. 1975 മെയ് 10-ാം തീയതിവരെ കോയിപ്പുറം ഇടവകയുടെ വികാരിയായി തുടർന്നു. 1975 മെയ് 10 മുതൽ ആഗസ്റ്റ് 15-ാം തീയതിവരെ കോട്ടൂർ പള്ളിയുടെ വികാരിയായി ശുശ്രൂഷ ചെയ്തു. രൂപതാ സൺഡേസ്ക്കൂൾ കേന്ദ്രകാര്യാലയവും അജപാലനകേന്ദ്രവുമായി ശാന്തിനിലയം നവീകരിച്ച് കൂദാശ ചെയ്തതോടുകൂടി 1975 ആഗസ്റ്റ് 15 മുതൽ ബഹു. പഞ്ഞിക്കാട്ടിലച്ചൻ ശാന്തിനിലയത്തിലേക്ക് താമസം മാറ്റി. 1975 സെപ്റ്റംബർ 29-ാം തീയതി മുതൽ ശാന്തിനിലയം അജപാലന കേന്ദ്രത്തിന്റെ ഡയറക്ടർ എന്ന ചുമതലകൂടി ബഹു. അച്ചന് നല്കപ്പെട്ടു. 1975 ഒക്ടോബർ 16 മുതൽ ലീജിയൻ ഓഫ് മേരി സംഘടനയുടെ രൂപതാതല ആദ്ധ്യാത്മിക പിതാവായും 1978 ജനുവരി 30 മുതൽ വീണ്ടും തിരുവല്ലാ മൈനർ സെമിനാരിയിലെ ആദ്ധ്യാത്മിക പിതാവായും, 1978 ആഗസ്റ്റ് ഒന്നു മുതൽ തിരുമൂലപുരം ബഥനി മഠത്തിന്റെ ചാപ്ലയിനായും, 1978 ആഗസ്റ്റ് 11 മുതൽ രൂപതാ അജപാലന സമിതിയുടെ സെക്രട്ടറിയായും നിയമിതനായി. 1984 മാർച്ച് 25 മുതൽ കോട്ടൂർ ഇടവകയുടെ വികാരിയായി രണ്ടാം പ്രാവശ്യം നിയമനം ലഭിച്ചു. ശാന്തിനിലയത്തിന്റെ ഡയറക്ടറും സൺഡേസ്ക്കൂൾ രൂപതാ ഡയറക്ടറുമായിരുന്ന കാലയളവിൽ ഏതാനും വർഷം ഐക്യദീപം മാസികയുടെ മുഖ്യപത്രാധിപരായും പ്രവർത്തിച്ചിരുന്നു.

1984 ഏപ്രിൽ 24-ാം തീയതി ശാന്തിനിലയത്തിന്റെയും സൺഡേസ്ക്കൂളിന്റെയും ചുമതലയിൽനിന്ന് വിടുതൽ ലഭിക്കുകയും, അന്നുമുതൽ തിരുവല്ലാ മൈനർ സെമിനാരിയുടെ റെക്ടറായി ചുമതല ഏല്ക്കുകയും ചെയ്തു. 1989 മെയ് 11-ാം തീയതിവരെ ആ ശുശ്രൂഷ തുടർന്നു. 1988 നവംബർ 13 മുതൽ മുണ്ടുകുഴി ഇടവകയുടെ വികാരിയായുള്ള ചുമതലയും വഹിച്ചിരുന്നു. 1989 മെയ് 11-ാം തീയതി മുതൽ മാന്നാർ കിഴക്ക് ഇടവകയുടെ വികാരിയായി നിയമിതനായി. 1991 ഫെബ്രുവരി 17 വരെ അവിടെ ശുശ്രൂഷ ചെയ്തു. ആ കാലത്ത് മാന്നാറിൽ, തിരുവല്ല സോഷ്യൽ സർവ്വീസ് സൊസൈറ്റിയോടുചേർന്ന് ഗുണനിലവാരമുള്ള കുറ്റിയാടി തെങ്ങിൻതൈകൾ ഉല്പാദിപ്പിച്ച് കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് നല്കിയിരുന്നത് കേരകർഷകർ ഇന്നും സ്മരിക്കുന്നു. 1991 ഫെബ്രുവരി 17 മുതൽ പൂഴിക്കുന്ന്, തൃക്കോമല ഇടവകകളുടെ വികാരിയായി നിയമിതനായി. 1992 മാർച്ച് എട്ടാം തീയതിവരെ അവിടെ ശുശ്രൂഷ ചെയ്തു. ഈ കാലയളവിൽ 1991 മെയ് 30 മുതൽ തിരുവനന്തപുരം സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയിൽ ആദ്ധ്യാത്മിക പിതാവും അദ്ധ്യാപകനുമായി നിയമിതനായി. 1992 മാർച്ച് എട്ടാം തീയതിമുതൽ താമസം നാലാഞ്ചിറ സെമിനാരിയിലേക്ക് മാറ്റി. 2000 മാർച്ച് 10 വരെ സെമിനാരിയിൽ ശുശ്രൂഷ തുടർന്നു. ഇതേ കാലയളവിൽ തിരുവനന്തപുരം അതിരൂപതയിലെ ചന്നൻകര, കഠിനംകുളം ഇടവകകളിൽ 1992 ആഗസ്റ്റ് 20 മുതൽ വികാരിയായും, മൺവിള, പൗഡിക്കോണം, പിരപ്പൻകോട്, മുടിയൂർകോണം, കൊപ്പം, കണ്ണൻകോട്, പിളയാർകോണം, പാറോട്ടുകോണം, രണ്ടാംചിറ എന്നീ ഇടവകകളിൽ സഹായിയായും ശുശ്രൂഷ നടത്തിയിട്ടുണ്ട്. 2000 ഏപ്രിൽ 14 മുതൽ മേയ് 7 വരെ കോട്ടൂർ ഇടവകയിൽ മൂന്നാം പ്രാവശ്യം ചുമതല വഹിച്ചു. 2000 മെയ് 12 മുതൽ 2004 ജനുവരി 28 വരെ വെളിയനാട്, കളമ്പൂർ ഇടവകകളിൽ വികാരിയായി ശുശ്രൂഷ ചെയ്തു. ആ കാലത്താണ് വെളിയനാട് സെന്റ് പോൾസ് ഹൈസ്ക്കൂൾ കെട്ടിടങ്ങൾ നവീകരിച്ചും ചുറ്റുമതിൽ നിർമ്മിച്ചും, ഭാവിയിൽ ഹയർ സെക്കന്ററി സ്ക്കൂൾ ആകാൻ പാകത്തിൽ വിപുലപ്പെടുത്തിയതും. അഭിവന്ദ്യ ഐസക് മാർ ക്ലീമീസ് മെത്രാപ്പോലീത്താ തിരുവല്ലാ രൂപതാദ്ധ്യക്ഷനായതിനെ തുടർന്ന് നടത്തിയ വൈദികസ്ഥലം മാറ്റത്തിൽ 2006 ജനുവരി 28-ാം തീയതി മുതൽ ബഹു. അച്ചനെ രൂപതയുടെ ഫിനാൻസ് ഓഫീസർ ആയി നിയമിച്ചു. 2004 മെയ് 11 വരെ പ്രസ്തുത ചുമതല വഹിച്ചു. ആ കാലത്ത് എല്ലാ ദിവസവും രൂപതയുടെ സാമ്പത്തികസ്ഥിതി സംബന്ധിച്ച കണക്ക് ഒരു പേജിൽ തയ്യാറാക്കി രൂപതാദ്ധ്യക്ഷന്റെ പക്കൽ നല്കുമായിരുന്നു. ഇതേ കാലയളവിൽ 2004 മെയ് 15 മുതൽ 2005 ഫെബ്രുവരി 12 വരെ പാണ്ടങ്കരി ഇടവകയിലും, 2005 ഫെബ്രുവരി 12 മുതൽ 2006 മെയ് 11 വരെ ചാത്തങ്കരി ഇടവകയിലും വികാരിയായും ശുശ്രൂഷ ചെയ്തിരുന്നു. 2006 മെയ് 11 മുതൽ 2010 മെയ് എട്ടുവരെ തിരുമൂലപുരം പള്ളിയിൽ വികാരിയായിരുന്നു. 2010 മെയ് എട്ടാം തീയതി കുമ്പനാട് ഇടവകയിൽ വികാരിയായി രണ്ടാം പ്രാവശ്യം നിയമിതനായി. 2012 സെപ്റ്റംബർ 24-ാം തീയതിവരെ അവിടെ ശുശ്രൂഷ ചെയ്തു. അവിടെ ആയിരിക്കു

മ്പോഴാണ് അദ്ദേഹത്തിന് ഹൃദ്രോഗബാധയുണ്ടാകുന്നതും, ചികിത്സാർത്ഥം അജപാലന ശുശ്രൂഷയിൽനിന്ന് വിരമിക്കുന്നതും, ചികിത്സക്കുശേഷം പള്ളിമല ശാലോം വൈദികമന്ദിരത്തിലേക്ക് താമസം മാറുന്നതും. അജപാലന ശുശ്രൂഷയിൽനിന്ന് ഔദ്യോഗികമായി വിരമിച്ചെങ്കിലും ഏതെങ്കിലും പള്ളിയിൽ സഹായം ആവശ്യപ്പെട്ടാൽ യാതൊരു മടിയും കൂടാതെ ഇന്നും അദ്ദേഹം ഓടിയെത്തും.

## 'മൂശാനിയമംപോൽ ആചാര്യർ വളർത്തി....'

ശ്ഹീമ്മോ നമസ്കാരം മെനഓലം ഭാഗത്തിൽ വെള്ളിയാഴ്ചത്തെ പ്രഭാതപ്രാർത്ഥനയുടെ രണ്ടാമത്തെ കോലോയിലെ ഒരു ഗീതം ബഹു. മാത്യു ചെമ്പോത്തിനാലച്ചൻ സുറിയാനിയിൽനിന്ന് ഇപ്രകാരം മൊഴിമാറ്റം നടത്തിയിരിക്കുന്നു:

മാതൃ പിതൃക്കൾ മരിച്ചഗതിയുമായ് മറിയാം
ദൈവാലയമുള്ളിൽ ഉപശിക്ഷണമാർന്നാൾ
മൂശാനിയമം പോൽ ആചാര്യർ വളർത്തി
നിബിനാഥനിറങ്ങി വാഴ്വുമവൾക്കേകി
ഹാ- അവൾ പ്രാർത്ഥന കോട്ടയുമഭയവുമാകട്ടെ'.

ബഥനിയിലെ ബഹു. എബ്രഹാം പടിഞ്ഞാറേമണ്ണിലച്ചൻ അത് ഗദ്യത്തിൽ ഇപ്രകാരം ഭാഷാന്തരം ചെയ്തിരിക്കുന്നു: 'പിതാവും മാതാവും ഇല്ലാതെ മറിയാം അനാഥയായി. മൂശ കല്പിച്ച പ്രകാരം ആചാര്യന്മാർ അവളെ എടുത്തുവളർത്തി. അവളുടെ ആത്മപിതാക്കന്മാർ മരിച്ചപ്പോൾ വിശുദ്ധ സ്ഥലത്തിൽ അവൾ ഉപേക്ഷിക്കപ്പെട്ടു. ദീർഘദർശികളുടെ നാഥൻ ഇറങ്ങിവന്ന് അവളെ അനുഗ്രഹിക്കുകയും ശുദ്ധീകരിക്കുകയും ചെയ്തു. അവളുടെ പ്രാർത്ഥന ഞങ്ങൾക്ക് അഭയവും കോട്ടയുമായിരിക്കട്ടെ'.

നസ്രത്തിലെ മറിയത്തിന് ബാല്യത്തിൽ മാതാപിതാക്കൾ നഷ്ടപ്പെട്ടിരുന്നതിനാൽ മൂശയുടെ നിയമപ്രകാരം ദൈവാലയത്തിൽ പുരോഹിതന്മാരുടെ ശിക്ഷണത്തിൽ വളർന്നതുപോലെയായിരുന്നു ബഹു. പഞ്ഞിക്കാട്ടിലച്ചന്റെ ശൈശവവും ബാല്യവും. ശൈശവത്തിൽ മാതാവിനെ നഷ്ടപ്പെട്ടു. ബാല്യത്തിൽ, പന്ത്രണ്ടാംവയസ്സിൽ പിതാവിനെയും. പന്ത്രണ്ടാം വയസ്സിലായിരുന്നു കത്തോലിക്കാസഭയിലേക്കുള്ള പുനരൈക്യവും. അയിരൂർ സെന്റ് പാട്രിക്സ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയിൽ വികാരിമാരായിരുന്ന പ്രേഷിത തീഷ്ണതയിൽ ജ്വലിച്ചു നിന്നിരുന്ന ബഹു. ജേക്കബ് വഴുതലക്കാട്ട്, ബഹു. തോമസ് പാണ്ടിപ്പള്ളിൽ എന്നീ വൈദികരോടൊപ്പം ബാല്യത്തിൽ ഇടപെടാനും, ദൈവാലയ ശുശ്രൂഷകളിൽ സഹായിയാകാനും, ഭവനസന്ദർശനങ്ങളിൽ കൂടെപോകാനും ദൈവാലയത്തിൽ പലപ്പോഴും വൈദികരോടൊപ്പം കഴിയാനും ഇടയായിരുന്നു. പുരോഹിതന്മാരുടെ ശിക്ഷണത്തിൽ ദൈവാലയത്തിൽ വളർന്ന നസ്രത്തിലെ മറിയാമിനും, ഹേലിപുരോഹിതനോടൊപ്പം ദൈവാലയത്തിൽ കഴിഞ്ഞ ശമുവേലിനും ലഭിച്ചതുപോലെയുള്ള ശിക്ഷണവും രൂപീകരണവും ബാല്യത്തിൽതന്നെ ലഭിക്കുവാൻ ബഹു. പഞ്ഞിക്കാട്ടിലച്ചനും ഇടയായി. വൈദികരിൽ നിന്നും ലഭിച്ച രൂപീകരണം പൗരോഹിത്യ ദൈവവിളിയിലേക്ക് അദ്ദേഹത്തെ ആനയിച്ചു. ബഹു. വൈദികരുടെ സാമിപ്യത്തിൽനിന്നും ലഭിച്ച വിശ്വാസദൃഢതയും, പുനരൈക്യപ്രേഷിത തീഷ്ണതയും ഇന്നും അദ്ദേഹത്തിൽ മിഴിവാർന്നു നില്ക്കുന്നു. ഒരു പക്ഷെ ശൈശവത്തിലും ബാല്യത്തിലുമുണ്ടായ നഷ്ടങ്ങളായിരിക്കാം, ജീവിതത്തിൽ മറ്റ് എന്തിനേക്കാൾ അധികം വിലമതിക്കുന്ന വൈദികജീവിതത്തിലേക്കും പുനരൈക്യപ്രേഷിതശുശ്രൂഷയിലേക്കും അദ്ദേഹത്തെ എത്തിച്ചത്.'എന്റെ ദൈവം എല്ലാം എനിക്ക് നന്മയ്ക്കായി ഭവിപ്പിക്കുന്നു' എന്ന് വി. പൗലോസിനെപ്പോലെ ജീവിതാനുഭവത്തിലൂടെ അദ്ദേഹവും സാക്ഷ്യപ്പെടുത്തുന്നു.

## സത്യവിശ്വാസസംരക്ഷകൻ

പരിശുദ്ധ കത്തോലിക്കാസഭയുടെ വിശ്വാസത്തിലും ധാർമ്മികതയിലും അണുവിട വിട്ടുവീഴ്ച അദ്ദേഹം അനുവദിക്കില്ല. പരിശുദ്ധ കത്തോലിക്കാസഭയിലാണ് യേശുക്രിസ്തു സ്ഥാപിച്ച സഭയുടെ പൂർണ്ണതയെന്നും, അപ്പസ്തോലസംഘത്തിന്റെ തലവനായി യേശുക്രിസ്തു നിയമിച്ച വിശുദ്ധ പത്രോസ്ശ്ലീഹായുടെ യഥാർത്ഥ പിൻഗാമി റോമിലെ പരിശുദ്ധ മാർപ്പാപ്പാ ആണെന്നും, അപ്പസ്തോലസംഘത്തിന്റെ പിൻഗാമികളായ മെത്രാന്മാരുടെ കൂട്ടായ്മയിൽ സാർവ്വത്രികസഭയുടെ തലവനെന്ന നിലയിൽ റോമാമാർപ്പാപ്പായുടെ വിശ്വാസവും ധാർമ്മികതയും സംബന്ധിച്ച പ്രബോധനങ്ങളെ എല്ലാ വിശ്വാസികളും പൂർണ്ണമായും അംഗീകരിക്കുവാൻ ബാദ്ധ്യസ്ഥരാണന്നുമുള്ള കാര്യത്തിൽ യാതൊരു ഒത്തുതീർപ്പിനും അദ്ദേഹം തയ്യാറല്ല. പരിശുദ്ധ കത്തോലിക്കാസഭയുടെ അനന്യതയും ആധികാരികതയും ഉയർത്തിപ്പിടിക്കുന്നതിലും മനുഷ്യരക്ഷയ്ക്കുള്ള ഏകവഴി യേശുക്രിസ്തുവിലുള്ള വിശ്വാസവും, തന്റെ ശുശ്രൂഷാപിൻതുടർച്ചക്കായി പത്രോസാകുന്ന പാറമേൽ യേശുക്രിസ്തു സ്ഥാപിച്ച

പരിശുദ്ധ കത്തോലിക്കാ സഭയുമാണെന്നും തന്റെ സംസാരങ്ങളിലൂടെയും, പ്രസംഗങ്ങളിലൂടെയും എഴുത്തുകളിലൂടെയും സാക്ഷ്യപ്പെടുത്തുവാൻ അദ്ദേഹം എപ്പോഴും ശ്രദ്ധാലുവാണ്. സഭയുടെ വിശ്വാസ സത്യങ്ങൾക്കും ധാർമ്മികതയ്ക്കും പ്രബോധനങ്ങൾക്കും എതിരായി നേരിയ ശബ്ദം ഉയർന്നാൽപോലും അതിനെതിരെ അദ്ദേഹം ശക്തമായി പ്രതികരിക്കും. സത്യവിശ്വാസത്തിൽ വെള്ളം ചേർത്തുകൊണ്ടുള്ള യാതൊരുവിധ ചർച്ചയ്ക്കും, സംവാദത്തിനും, സംസർഗ്ഗത്തിനും അദ്ദേഹം അശേഷം തയ്യാറല്ല. അനുസരണത്തിന്റെ അതിരുകൾക്കുള്ളിൽ നിന്നുകൊണ്ടദ്ദേഹം പ്രതികരിച്ചിരിക്കും.

### ലാളിത്യം, അനുസരണം

ഏറ്റവും കുറച്ച് കാര്യങ്ങൾകൊണ്ട് ജീവിതത്തിൽ സംതൃപ്തി കണ്ടെത്തുന്ന വൈദികൻ. എന്തെങ്കിലും ഒരു പ്രത്യേക സൗകര്യം വേണമെന്ന് ഒരിക്കൽപോലും ആരോടും അദ്ദേഹം ആവശ്യപ്പെട്ടിട്ടില്ല. ആരെങ്കിലും നല്കാമെന്നു പറഞ്ഞാൽ പോലും അദ്ദേഹമത് ആദരപൂർവ്വം നിരസിക്കും. 2006 – ൽ ബഹു. പഞ്ഞിക്കാട്ടിലച്ചനെ രൂപതയുടെ ഫിനാൻസ് ഓഫീസർ സ്ഥാനത്തുനിന്ന് സ്ഥലം മാറ്റം നല്കി തിരുമൂലപുരം ഇടവകവികാരിയായി നിയമിച്ച സന്ദർഭത്തിൽ അന്നത്തെ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഐസക് മാർ ക്ലീമീസ് പിതാവ് ആഗ്രഹിച്ചു. 'ബഹു. അച്ചന് പ്രായം കൂടിവരികയല്ലേ, ഒരു ചെറിയ കാറ് അദ്ദേഹത്തിന് കൊടുത്താലോ'എന്ന്. പ്രസ്തുത ആഗ്രഹം അഭിവന്ദ്യ പിതാവ് ബഹു. അച്ചനോട് സൂചിപ്പിച്ചു. അച്ചന്റെ മറുപടി ഇപ്രകാരമായിരുന്നു: പിതാവേ, അത് വേണ്ടാ, ഇനി പിതാവിന് നിർബ്ബന്ധമാണെങ്കിൽ തിരുവല്ലാ രൂപതയിലെ എല്ലാ വൈദികർക്കും കൊടുക്കുകയാണെങ്കിൽ വിരോധമില്ല'. മറുപടിയിൽ അഭിവന്ദ്യ പിതാവിന് അത്ഭുതം തോന്നിയില്ല കാരണം, അത് പറഞ്ഞത് ബഹു. പഞ്ഞിക്കാട്ടിലച്ചനായിരുന്നു. വേറൊരു സംഭവം. 2006 – ൽ തിരുവല്ലാ രൂപതയിൽ ഏതാനും വൈദികർക്ക് റമ്പാൻ, കോർഎപ്പിസ്കോപ്പാ സ്ഥാനങ്ങൾ നല്കാൻ അഭിവന്ദ്യ ഐസക് മാർ ക്ലീമീസ് മെത്രാപ്പോലീത്താ ആഗ്രഹിച്ചു. അന്ന് റമ്പാൻ സ്ഥാനം നല്കുവാൻ അഭിവന്ദ്യ പിതാവ് കണ്ടെത്തിയ ഉചിതനായ വൈദികൻ ബഹു. പഞ്ഞിക്കാട്ടിലച്ചനായിരുന്നു. ഈ വിവരം അഭിവന്ദ്യ പിതാവ് ബഹു. അച്ചനോട് പങ്കുവച്ചു. അപ്പോഴും അച്ചൻ ആദരപൂർവ്വം ആ നിർദ്ദേശം നിരസിച്ചു. വീണ്ടും അഭിവന്ദ്യ പിതാവ് നിർബ്ബന്ധിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി: 'ഞാൻ രൂപതാദ്ധ്യക്ഷന് അനുസരണം വാഗ്ദാനം ചെയ്തിട്ടുള്ളതാണ്, അതുകൊണ്ട് എന്നെ നിർബ്ബന്ധിക്കരുത്. എനിക്ക് അത് ഒരു ഭാരമായിരിക്കും. അഭിവന്ദ്യ പിതാവ് പറഞ്ഞു, അച്ചന് ഭാരമാകുന്ന ഒരു കാര്യത്തിനും ഞാൻ നിർബ്ബന്ധിക്കുകയില്ല. പാരീസിൽ ഉന്നത പഠനത്തിന് പോയിട്ട് പഠനം വിജയകരമായി പൂർത്തിയാക്കി ലാളിത്യത്തിന്റെ പര്യായമായി തിരികെ നാട്ടിലെത്തിയ വൈദികൻ. പുസ്തകങ്ങളും അത്യാവശ്യവസ്ത്രങ്ങളും സാധാരണജീവിതത്തിനാവശ്യമായ കാര്യങ്ങളുമല്ലാതെ മറ്റൊന്നും സ്വന്തമായി ഇല്ലാത്ത വൈദികൻ. ഉള്ളവതന്നെ ഏറ്റവും ലളിതവും വിലകുറഞ്ഞവയും. നോക്കുക, പദവികൾക്കും, സ്ഥാനങ്ങൾക്കും, അധികാരങ്ങൾക്കും, വേറിട്ട സ്ഥാനചിഹ്നങ്ങൾക്കും വേണ്ടി ആർത്തിയോടെ ഓടി നടക്കുന്നവരുടെ ആധുനികസമൂഹത്തിൽ വേറിട്ടൊരു വൈദികൻ. യാതൊരുവിധ പ്രത്യേക പരിഗണനയും ആനുകൂല്യവും അദ്ദേഹം ആഗ്രഹിക്കുകയോ ആവശ്യപ്പെടുകയോ ചെയ്യാറില്ല. ഗൗരവതരമായ രോഗബാധിതനായി ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നപ്പോഴും രൂപതയിലെ ഏതൊരു വൈദികനും നല്കുന്ന ചികിത്സയിലും പരിചരണത്തിലും സൗകര്യങ്ങളിലും കൂടുതലായി തനിക്കൊന്നും ആവശ്യമില്ലെന്നും നല്കരുതെന്നും നിർബ്ബന്ധപൂർവ്വം അദ്ദേഹം ആവശ്യപ്പെട്ടിരുന്നു. അധികാരികളോട് അനുസരണത്തോടും വിനയത്തോടും വിധേയത്വത്തോടും മാത്രമേ അദ്ദേഹം ഇടപെടുകയുള്ളു. പ്രായത്തിലോ, അനുഭവത്തിലോ, അറിവിലോ ഒക്കെ തന്നെക്കാൾ കുറവുള്ളവരാണങ്കിലും അധികാരികളെ ആദരവോടു മാത്രമെ അദ്ദേഹം വീക്ഷിക്കാറുള്ളു.

### സേവനവും ശുശ്രൂഷയും മുഖമുദ്ര

സഭയിലും അതിരൂപതയിലും നിരവധി അധികാരസ്ഥാനങ്ങളിൽ അദ്ദേഹം നിയമിതനായിട്ടുണ്ട്. ആ സ്ഥാനങ്ങളെല്ലാം സേവനത്തിനും ശുശ്രൂഷക്കുമുള്ള അവസരങ്ങളായിട്ടാണ് അദ്ദേഹം കണ്ടിട്ടുള്ളത്. മതബോധന മണ്ഡലത്തിന്റെയും ശാന്തിനിലയത്തിന്റെയും ഡയറക്ടർ, മൈനർ സെമിനാരി റെക്ടർ, രൂപതാ ഫിനാൻസ് ഓഫീസർ, രൂപതാ അജപാലന സമിതി സെക്രട്ടറി, മേജർ സെമിനാരി പ്രൊഫസർ, ആദ്ധ്യാത്മിക പിതാവ്, ലീജിയൻ ഓഫ് മേരി സംഘടനയുടെ രൂപതാ ഡയറക്ടർ, വൈദിക പ്രോവിഡന്റ് ഫണ്ട് അസോസിയേഷൻ സെക്രട്ടറി-ട്രഷറാർ, ഐക്യദീപം മാസികയുടെ മുഖ്യ പത്രാധിപൻ, രൂപതാ കൂരിയ അംഗം തുടങ്ങി സഭയിലെ ഒരു ഡസ്സനിലധികം പദവികളും അധികാരസ്ഥാന

ങ്ങളും അദ്ദേഹം അലങ്കരിച്ചിട്ടുണ്ട്. ചുമതലകൾ കൃത്യതയോടെയും നീതിപൂർവ്വവും നിർവ്വഹിക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചിട്ടുണ്ട്. രൂപതാ ഫിനാൻസ് ഓഫീസർ ആയിരുന്ന കാലത്ത് ഓരോ ദിവസവും അന്നന്നത്തെ കണക്കുകൾ കൃത്യമായി എഴുതി പൂർത്തിയാക്കുവാനും അതിന്റെ ഒരു സംക്ഷിപ്തരൂപം എല്ലാ ദിവസവും രൂപതാദ്ധ്യക്ഷന് നല്കാനും അദ്ദേഹം എന്നും ശ്രദ്ധിച്ചിരുന്നു. ആരുടെയും ശുശ്രൂഷ ആഗ്രഹിക്കാത്തപ്പോഴും മറ്റുള്ളവർക്കെല്ലാം സാദ്ധ്യമായ ശുശ്രൂഷകൾ ചെയ്തുകൊടുക്കാൻ അദ്ദേഹം ഉത്സുകനാണ്. മൈനർ സെമിനാരിയിലും മേജർ സെമിനാരിയിലും ചുമതലകൾ വഹിച്ചിരുന്നപ്പോഴും താൻ ജീവിതത്തിൽ അനുവർത്തിക്കാത്ത ഒരു കാര്യവും വൈദികവിദ്യാർത്ഥികളിൽ നിന്നും അദ്ദേഹം ആവശ്യപ്പെട്ടിട്ടില്ല. മഹാത്മജിയെപ്പോലെ അദ്ദേഹത്തിനും പറയാൻ സാധിക്കും എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്ന്. ഉപദേശങ്ങളെക്കാൾ അദ്ദേഹത്തിന്റെ ജീവിതമാണ് വൈദികവിദ്യാർത്ഥികൾ ജീവിതത്തിൽ പകർത്താൻ ശ്രദ്ധിച്ചിരുന്നത്. അദ്ദേഹത്തിന്റെ അധികാരത്തിൻ കീഴിൽ ആയിരിക്കുക ആർക്കും ഒരിക്കലും മടുപ്പുളവാക്കിയിരുന്നില്ല. കാരണം അധികാരത്തെ സേവനത്തിനും ശുശ്രൂഷക്കുമുള്ള ഉപാധിയായിട്ടുമാത്രമാണ് അദ്ദേഹം കണ്ടിരുന്നതും വിനിയോഗിച്ചിരുന്നതും.

## ഉത്തമ ഇടയൻ

അജപാലനരംഗത്ത് ബഹു. പഞ്ഞിക്കാട്ടിലച്ചൻ എന്നും പത്തര മാറ്റാണ്. എവിടെയെല്ലാം അദ്ദേഹം അജപാലനശുശ്രൂഷ നിർവ്വഹിച്ചിട്ടുണ്ടോ അവിടെയെല്ലാം ഇന്നും അദ്ദേഹം ജനഹൃദയങ്ങളിൽ ജീവിക്കുന്നുണ്ട്. കാരണം, അദ്ദേഹം ഒരിക്കലും തന്റെ മഹത്വത്തിനോ നേട്ടത്തിനോ വേണ്ടിയല്ല പ്രവർത്തിച്ചിട്ടുള്ളത്. ദൈവമഹത്വവും ജനങ്ങളുടെ നന്മയും സഭയുടെ വളർച്ചയും മാത്രമെ അദ്ദേഹം ആഗ്രഹിച്ചിട്ടുള്ളു. വൈദികജീവിതത്തിൽ അദ്ദേഹത്തിന്റെ മാതൃകകൾ, തന്നിൽ വൈദികജീവിതത്തെക്കുറിച്ചുള്ള ആഗ്രഹം മുളപ്പിച്ച വിശ്വാസധീരനും പുനരൈക്യ പ്രേഷിതനുമായിരുന്ന ബഹു. തോമസ് പാണ്ടിപ്പള്ളിയച്ചനും, വൈദികശുശ്രൂഷയുടെ ആരംഭവർഷത്തിൽ തന്നെ സഹായപട്ടക്കാരനായി സ്വീകരിച്ച് കൂടെ താമസിപ്പിച്ച് അജപാലനശുശ്രൂഷയുടെ മർമ്മങ്ങൾ അഭ്യസിപ്പിച്ച ബഹു. മാത്യു ചുണ്ടമണ്ണിലച്ചനുമാണ്. ഇവർ രണ്ടുപേരിൽനിന്നും ഒപ്പിയെടുത്ത അജപാലന മാതൃകകളാണ് ബഹു. പഞ്ഞിക്കാട്ടിലച്ചനെ, ശുശ്രൂഷ ചെയ്തിട്ടുള്ള സ്ഥലങ്ങളിലെല്ലാം സർവ്വഥാ സ്വീകാര്യനാക്കിയത്.

പ്രശ്നസങ്കീർണമായ ഇടവകകളിലേക്കോ സ്ഥാപനങ്ങളിലേക്കോ, സംഘടനകളിലേക്കോ, എവിടേക്കും ധൈര്യപൂർവ്വം അധികാരികൾക്കു നിയമിക്കാവുന്ന ഒരു വൈദികനാണദ്ദേഹം. ഒരു മാസംകൊണ്ട് സർവ്വ പ്രശ്നങ്ങളും പരിഹരിച്ച് ശാന്തതയും, സമാധാനവും, രമ്യതയും അദ്ദേഹം അവിടെ സ്ഥാപിക്കും. കാരണം, മറ്റാരുടെയും ഇഷ്ടം നോക്കാതെ ദൈവത്തിന്റെ ഇഷ്ടം മാത്രം നടപ്പാക്കാൻ മാത്രമേ അദ്ദേഹം ശ്രദ്ധിക്കുകയുള്ളു. ഒരേ സ്ഥലത്തുതന്നെ പലപ്രാവശ്യം ചുമതലക്കാരനായി അദ്ദേഹം എത്തിയാലും ആൾക്കാർക്ക് സന്തോഷമേയുള്ളു. കോട്ടൂർ ഇടവകയിൽ മൂന്ന് പ്രാവശ്യവും, കുമ്പനാട് ഇടവകയിൽ രണ്ട് പ്രാവശ്യവും വികാരിയായിട്ടും, മൈനർ സെമിനാരിയിൽ രണ്ട് പ്രാവശ്യം ആദ്ധ്യാത്മിക പിതാവായിട്ടും ശുശ്രൂഷചെയ്തത് ഇതിന് തെളിവാണ്. വലിയ പ്രസംഗകനെന്നോ സംഘാടകനെന്നോ, ഭരണാധികാരിയെന്നോ എന്നൊന്നും ആരും അദ്ദേഹത്തെ വിശേഷിപ്പിച്ചു കേട്ടിട്ടില്ല. എന്നാൽ അദ്ദേഹത്തെ വികാരിയായി കിട്ടാൻ ഇടവകക്കാർ എപ്പോഴും താല്പരരായിരിക്കുന്നതിന്റെ കാരണം എന്തായിരിക്കും? ദൈവത്തിന്റെ കരസ്പർശമുള്ള, ദൈവത്തെ ഹൃദയംകൊണ്ട് തൊട്ട ഒരു വൈദികൻ. ഇതുതന്നെ കാരണം. 2012-ൽ വളരെ ഗൗരവമായ ഹൃദ്രോഗബാധയുണ്ടായി. മരണം മിനിറ്റുകൾക്കകുത്തെന്ന് ഭിഷഗ്വരന്മാർ വിധിയെഴുതി. പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഹൃദയരോഗ വിദഗ്ദരായ ഡോക്ടർമാർ കൂടി ആലോചിച്ചു. എന്താണ് മാർഗ്ഗം. നൂതനമായ ഒരു ചികിത്സാവിധി നിർണ്ണയിച്ചു. താക്കോൽദ്വാര ശസ്ത്രക്രിയയിലൂടെ ഹൃദയ അറകളുടെ ഭിത്തികളിൽ ഒരുതരം പ്ലാസ്റ്റർ ഒട്ടിക്കുക. കാലാന്തരത്തിൽ അത് ഹൃദയഭിത്തിയുമായി ഒന്നാകും. ഹൃദയഅറകളുടെ ഭിത്തിയിലെ പേശികളിലൂള്ള കേടുപാടുകൾ അങ്ങനെ പരിഹരിക്കാം. കേരളത്തിൽ അധികം പരീക്ഷിച്ചിട്ടില്ലാത്ത ഒരു ഉദ്യമം. രോഗിയുടെ വലിയ സഹകരണം ആവശ്യമായ ഉദ്യമം. ശരീരത്തിൽ നേരിയ ചലനം പോലും ഉണ്ടാകാതെ അനേക നാൾ ശ്രദ്ധിക്കണം. ബഹു. പഞ്ഞിക്കാട്ടിലച്ചൻ പറഞ്ഞു. എന്ത് ചികിത്സ വേണമെങ്കിലും നടത്തിക്കൊള്ളുക. ഡോക്ടർമാരുടെ നിർദ്ദേശങ്ങൾ അക്ഷരംപ്രതി അച്ചൻ അനുസരിച്ചു. അതുകൊണ്ട് അവർ പ്രതീക്ഷിച്ചതിനെക്കാൾ വേഗത്തിൽ അച്ചൻ സുഖം പ്രാപിച്ചു. അസാധാരണമായ മനഃധൈര്യം ഉണ്ടദ്ദേഹത്തിന്. ഒരു കാര്യം നിശ്ചയിച്ചാൽ അതിനുവേണ്ടി എന്ത് ത്യാഗം സഹിക്കാനും അദ്ദേഹം തയ്യാറാണ്. അജപാലനശുശ്രൂഷയിലും ജീവിതത്തിലുടനീളവും അത് അന്വർത്ഥമാണ്.

ശേഷം പേജ് 45 ൽ...

# സന്തോഷവും ആനന്ദവും വി. ഗ്രന്ഥത്തിൽ

ഫാ. ഡോ. ഗീവർഗീസ് ചേടിയത്ത് മൽപ്പാൻ



ദൈവമക്കളായ നാം എപ്പോഴും സന്തോഷിക്കണമെന്ന് നമ്മുടെ കർത്താവ് ആഗ്രഹിക്കുന്നു. ദൈവം നമുക്ക് നൽകുന്ന സന്തോഷം എപ്പോഴും നമ്മിൽ ഉണ്ടായിരിക്കണം. നമ്മിൽ അതുണ്ടെങ്കിൽ, പ്രകാശരശ്മി പോലെ അത് മറ്റുള്ളവരിലേക്ക് പ്രസരിക്കും. നമ്മിൽനിന്ന് അത് കവിഞ്ഞൊഴുകണം. ''എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു'' എന്ന് ഉദ്ഘോഷിച്ച അമ്മയാണ് നമ്മുടെ മാതൃക (ലൂ.1,47). ''നിങ്ങളുടെ പേരുകൾ സ്വർഗത്തിൽ എഴുതപ്പെട്ടിരിക്കുന്നതിൽ സന്തോഷിക്കുവിൻ'' എന്നാണ് നമ്മുടെ കർത്താവ് പറഞ്ഞിരിക്കുന്നത് (ലൂ.10,20). നമ്മുടെ സന്തോഷത്തിന്റെ യഥാർഥ കാരണം ഇതായിരിക്കണം.

പഴയനിയമത്തിൽ ഉടനീളം, പ്രത്യേകിച്ച് ഏശയ്യായുടെ പ്രവചനങ്ങളിലും സങ്കീർത്തനങ്ങളിലും, സന്തോഷത്തെപ്പറ്റി പ്രസ്താവിക്കുന്നു: ''നീ ജനത്തിന് അത്യധികം ആനന്ദം നൽകി'' (ഏശാ.9,3). ''ആർത്തട്ടഹസിക്കുവിൻ, സന്തോഷത്തോടെ കീർത്തനം ആലപിക്കുവിൻ'' (ഏശാ.12,6). രക്ഷാദിനത്തിൽ ''ആകാശമേ, ആനന്ദഗാനമാലപിക്കുക. ഭൂമിയേ, ആർത്തുവിളിക്കുക. മലകളേ, ആർത്തുപാടുക. കർത്താവ് തന്റെ ജനത്തോട് കരുണ കാണിക്കും'' (ഏശാ. 40,13). സക്കറിയാ പ്രവാചകൻ പറയുന്നു: ''സീയോൻ പുത്രീ, അതിയായി ആനന്ദിക്കുക. ജറുസലേം പുത്രീ, ആർപ്പുവിളിക്കുക'' (സക്ക.9,9). ''ഇസ്രായേൽ തന്റെ സ്രഷ്ടാവിൽ സന്തോഷിക്കട്ടെ. സീയോന്റെ മക്കൾ തങ്ങളുടെ രാജാവിൽ ആനന്ദിക്കട്ടെ. നൃത്തം ചെയ്തുകൊണ്ട് അവർ അവിടുത്തെ നാമത്തെ സ്തുതിക്കട്ടെ. തപ്പുകൊട്ടിയും കിന്നരം മീട്ടിയും അവർ അവിടുത്തെ സ്തുതിക്കട്ടെ. വിശ്വസ്തജനം ജയഘോഷം മുഴക്കട്ടെ. അവർ തങ്ങളുടെ കിടക്കകളിൽ ആനന്ദംകൊണ്ട് പാടട്ടെ. അവരുടെ കണ്ഠങ്ങളിൽ ദൈവസ്തുതി ഉയരട്ടെ' (സങ്കീ.149, 2-3.5-6). ഈ ആശയം തന്നെ 150-ാം സങ്കീർത്തനത്തിലും കാണാം: ''കാഹളനാദത്തോടെ അവിടുത്തെ സ്തുതിക്കുവിൻ. വീണയും കിന്നരവും മീട്ടി അവിടുത്തെ സ്തുതിക്കുവിൻ.... ഉച്ചത്തിൽ മുഴങ്ങുന്ന കൈത്താളം കൊട്ടി അവിടുത്തെ സ്തുതിക്കുവിൻ'' (സങ്കീ.150,3-5). നിറഞ്ഞ സന്തോഷം ഉണ്ടെങ്കിലേ മേൽപ്പറഞ്ഞ വിധം സ്തുതിക്കാൻ കഴിയൂ. ഹൃദയം നിറയെ സന്തോഷമുള്ള ദൈവഭക്തനാണ് സ്തുതിക്കാൻ ആഹ്വാനം ചെയ്യുന്നത്.

''പരിശുദ്ധാത്മാവിൽ ആനന്ദിക്കുന്ന'' മിശിഹാ കർത്താവിനെ നാം കാണുന്നു (ലൂക്കാ.10,21). യേശുവിന്റെ ദൗത്യം തുടങ്ങിയപ്പോൾ സ്നാപകൻ വിളിച്ചു പറഞ്ഞു: ''എന്റെ സന്തോഷം പൂർണമായിരിക്കുന്നു'' (യോഹ.3,20). കർത്താവിന്റെ സന്തോഷം നമ്മിൽ വസിക്കണമെന്നും നമ്മുടെ സന്തോഷം പൂർണമാകണമെന്നും അവിടുന്ന് ആഗ്രഹിക്കുന്നു (യോഹ.15,11). തന്റെ സന്ദർശനത്തിൽ ശിഷ്യരുടെ ദുഃഖം സന്തോഷമായി മാറുമെന്ന് നമ്മുടെ കർത്താവ് വാഗ്ദാനം ചെയ്യുന്നു (യോഹ.16,20). ''ഞാൻ നിങ്ങളെ വീണ്ടും കാണും. അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കും. നിങ്ങളുടെ ആ സന്തോഷം നിങ്ങളിൽനിന്ന് ആരും എടുത്തു കളയുകയില്ല'' (യോഹ. 16,22). ഉത്ഥാനം ചെയ്ത കർത്താവിനെ കണ്ട് ശിഷ്യന്മാർ സന്തോഷിച്ചു (യോഹ. 20,20). അവർ ഹൃദയ ലാളിത്യത്തോടും ആഹ്ലാദത്തോടുംകൂടെ ഭക്ഷണത്തിൽ പങ്കുചേർന്നിരുന്നു (അപ്പ.പ്ര. 8,8). പീഡനങ്ങളുടെ നടുവിലും അവർ ''ആനന്ദത്താലും പരിശുദ്ധാത്മാവിനാലും നിറഞ്ഞിരുന്നു'' (അപ്പ. പ്ര.13,2). നവശിഷ്യരും സന്തോഷഭരിതരായി ജീവിതയാത്ര തുടർന്നു (അപ്പ.പ്ര.8,39). തടവറ സൂക്ഷിപ്പുകാരനും കുടുംബവും വിശ്വസിച്ച് അത്യധികം ആനന്ദിച്ചു (അപ്പ. പ്ര.16,34). നമ്മുടെ കർത്താവ് നമ്മെ അനുസ്യൂതം സ്നേഹിക്കുന്നു. ഒരിക്കലും അവസാനിക്കാത്ത സ്നേഹത്താൽ അവിടുന്ന് നമ്മെ സ്നേഹിക്കുന്നു. അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല (വിലാ. 3,17.21-23.26). ദൈവം നമ്മെ സൃഷ്ടിച്ച നാൾ മുതൽ ഇന്നയോളം ചെയ്തിട്ടുള്ള നന്മകൾ ഓർത്ത് സന്തോഷിക്കണം. ജീവിക്കുന്നതിന്റെ സന്തോഷം നാം വർധമാനമാക്കണം.

നമുക്കു ലഭിച്ച വിശ്വാസം ഓർത്ത്, അവിടുന്ന് നമ്മെ രക്ഷിച്ചതോർത്ത്, അനുനിമിഷം പരിപാലിക്കുന്നതോർത്ത്, തന്റെ

പരിശുദ്ധാത്മാവിനെ നമ്മിൽ സമൃദ്ധമായി വർഷിച്ചതോർത്ത്, നമ്മോടുകൂടെ നിത്യം വസിക്കുകയും തന്റെ ശരീരരക്തങ്ങളാൽ നമ്മെ പരിപോഷിപ്പിക്കുകയും ചെയ്യുന്ന തോർത്ത്, മനോഹരമായ ഈ ഭൗമിക പൂന്തോട്ടം നമുക്കായി സൃഷ്ടിച്ചതോർത്ത്, ഇത്ര ത്തോളം കരുണാപൂർവം വഴിനടത്തിയതോ ർത്ത്, ദൈവസ്നേഹത്താൽ നമ്മുടെ ഹൃദയം നിറച്ചതോർത്ത്, നമുക്കുവേണ്ടി അനേകരെ ഉത്തേജിപ്പിച്ചതോർത്ത്, എന്നുതുടങ്ങി ഒരായിരം കാരണങ്ങളാൽ നമുക്ക് സന്തോഷചിത്തരായിരിക്കാം. ആ സന്തോഷം നമ്മുടെ ഉള്ളിൽനിന്ന് കവിഞ്ഞൊഴുകട്ടെ, ചിറപൊട്ടിയൊഴുകട്ടെ. ആ സന്തോഷം മറ്റുള്ളവരെ സന്തോഷചിത്തരാ ക്കട്ടെ. വി. പൗലോസ്ശ്ലീഹാ പറയുന്നു: ''നിങ്ങൾ എപ്പോഴും നമ്മുടെ കർത്താവിൽ സന്തോഷിക്കുവിൻ. ഞാൻ വീണ്ടും പറയുന്നു, നിങ്ങൾ സന്തോഷിക്കുവിൻ'' (1 തെസ്സ.4.4;5,16).

സന്തോഷിക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് സങ്കീർത്തകൻ അതിനുള്ള കാരണവും നൽകുന്നു. ഹൃദയസമാധാനവും ആന്തരിക സന്തുഷ്ടിയും സമൃദ്ധമായി നൽകുന്നത് ദൈവമാണ് (സങ്കീ.4,7). ദൈവം നൽകുന്ന വിമോചനം സന്തോഷകാരണമാണ് (സങ്കീ.9,14). കർത്താവ് നൽകുന്ന രക്ഷ മറ്റൊരു കാരണമാണ് (സങ്കീ.13,5). കർത്താവ് സദാ കൂടെയുള്ളതിനാൽ സന്തോഷിക്കാം. അവിടുന്ന് കൺമുമ്പിലും വലത്തുവശ ത്തുമുണ്ട് (സങ്കീ.16,8). ആനന്ദപൂർണ തയും ശാശ്വത സന്തോഷവും ദൈവ സന്നിധിയിലത്രേ (സങ്കീ.16,11). കർത്താവ് ശക്തിയും പരിചയുമായതിനാലും കർതൃ കാരുണ്യം അചഞ്ചലമായതിനാലും സന്തോ ഷിക്കാം (സങ്കീ.28,7; 31,7). കർത്താവ് ആഗ്രഹങ്ങൾ സാധിച്ചു തരുന്നതിനാൽ അവനിൽ ആനന്ദിക്കാം (സങ്കീ.37,4). ദൈവഹിതം നിറവേറ്റുന്നതിനാൽ സന്തോഷിക്കാം (സങ്കീ.40,8). ദൈവത്തെ പാടി സ്തുതിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുന്നത് ആനന്ദകാരണമാണ് (സങ്കീ.71,23). ദൈവത്തോട് ചേർന്നു നിൽക്കുമ്പോൾ ആനന്ദം ലഭിക്കും (സങ്കീ.73,28). ദൈവത്തിന്റെ പ്രവൃ ത്തികളും അത്ഭുതകർമ്മങ്ങളും ആനന്ദിപ്പിക്കാൻ കാരണമാണ് (സങ്കീ.92,4). കർതൃനിയമം പാലിക്കുന്നത് ആനന്ദകാരണമാണ് (സങ്കീ.1,2). ''കുന്നുകൾ സന്തോഷം അണിയുന്നു. താഴ്വ രകൾ സന്തോഷംകൊണ്ട് ആർത്തു പാടുന്നു'' (സങ്കീ.65,12-13). ''ഭൂവാസികളേ, ആഹ്ലാദത്തോടെ ദൈവത്തിന് ആർപ്പുവിളി ക്കുവിൻ. ജനതകളെല്ലാം ആഹ്ലാദിക്കുകയും ആനന്ദഗാനം ആലപിക്കുകയും ചെയ്യട്ടെ'' (സങ്കീ. 66,1; 67,4). ''നീതിമാന്മാർ സന്തോഷഭരിതരാകട്ടെ. ദൈവസന്നിധിയിൽ അവർ ഉല്ലസിക്കട്ടെ. അവർ ആനന്ദംകൊണ്ട് മതിമറക്കട്ടെ. ദൈവത്തിന് സ്തുതി പാടുവിൻ'' (സങ്കീ.68,3-4). ''ഞാൻ സദാ സന്തോഷിക്കും. ദൈവത്തിന് ഞാൻ സ്തുതി ഗീതമാലപിക്കും'' (സങ്കീ.75,9).

''ദൈവത്തെ ഉച്ചത്തിൽ പാടിപ്പുകഴ്ത്തു വിൻ. അവന് ആനന്ദത്തോടെ ആർപ്പുവി ളിക്കുവിൻ'' (സങ്കീ.81,1). ''എന്റെ മനസ്സും ശരീരവും സജീവ ദൈവത്തിന് ആന ന്ദഗാനം ആലപിക്കുന്നു (സങ്കീ.84,2). ഉത്സവാഘോഷത്താൽ നിന്നെ സ്തു തിക്കുന്നവർ സദാ നിന്റെ നാമത്തിൽ ആന ന്ദിക്കുന്നു (സങ്കീ.89,15-16). ''ഞങ്ങളുടെ ആയുഷ്ക്കാലമെല്ലാം ഞങ്ങൾ സന്തോ ഷിച്ചുല്ലസിക്കട്ടെ. സന്തോഷിക്കാൻ ഞങ്ങൾക്ക് ഇടയാക്കണമെ'' (സങ്കീ.90,14-15). ''നമുക്ക് സന്തോഷപൂർവം കർത്താവിനെ പാടിപ്പുകഴ്ത്താം. ആനന്ദത്തോടെ സ്തുതി ഗീതങ്ങൾ ആലപിക്കാം (സങ്കീ.95,1-2). ''ആകാശം ആഹ്ലാദിക്കട്ടെ. ഭൂമി ആന ന്ദിക്കട്ടെ. സമുദ്രവും അതിലുള്ളവയും ആർപ്പുവിളിക്കട്ടെ. വയലും അതിലുള്ളവ യും ആഹ്ലാദിക്കട്ടെ. വനവൃക്ഷങ്ങൾ ആന ന്ദഗീതം ഉതിർക്കട്ടെ'' (സങ്കീ. 96,11-12). ''കർത്താവ് വാഴുന്നു. ഭൂമി സന്തോഷിക്കട്ടെ. ദ്വീപസമൂഹങ്ങൾ ആനന്ദിക്കട്ടെ. ഭൂമി മുഴുവൻ കർത്താവിന് ആനന്ദഗീതം ആലപി ക്കട്ടെ. പർവതങ്ങൾ ആനന്ദഗീതം ആലപി ക്കട്ടെ'' (സങ്കീ.97,1.12; 98,4-8; 100,1-2).

പ്രഭാഷകനിലും ഇതുപോലെയുള്ള പരാമർശം കാണാം: ''കർതൃഭക്തി മഹത്വവും ആനന്ദവും സന്തോഷവും ആഹ്ലാദത്തിന്റെ മകുടവുമാണ്..അത് ഹൃദയത്തെ ആന ന്ദിപ്പിക്കുന്നു. സന്തോഷവും ആനന്ദവും ദീർഘായുസ്സും നൽകുന്നു. കർത്താവിന്റെ ഭക്തരേ, ഐശ്വര്യവും നിത്യാനന്ദവും അനുഗ്രഹവും പ്രതീക്ഷിക്കുവിൻ'' (പ്രഭാ.1,11-12; 2,9). ''പ്രസന്നവദനം ഹൃദയ സന്തുഷ്ടി വെളിപ്പെടുത്തുന്നു'' (പ്രഭാ. 13,26). ഇതുപോല നിരവധി പരാമർശങ്ങൾ തിരുലിഖിതത്തിലുടനീളം കാണാം. ''ഞാൻ കർത്താവിൽ ആനന്ദിക്കും. എന്റെ രക്ഷകനായ ദൈവത്തിൽ സന്തോഷിക്കും'' (ഹബ.3,18).

■

# എല്ലാ നിയമവും വിധിയും ന്യായയുക്തമാണോ? നിയമവും വിധിയും ന്യായമാകുന്നത് എപ്പോഴാണ്?

റവ. ഫാ. മാത്യു പഞ്ഞിക്കാട്ടിൽ



സാധു: സാധാരണ മനുഷ്യൻ, സാമാന്യ വിദ്യാഭ്യാസവും, കുറെ നിയമവും പഠിച്ച ആൾ

സോഫിയ: ജ്ഞാനി, ഉന്നതവിദ്യാഭ്യാസം ഉള്ള ആൾ – തത്വശാസ്ത്രവും, സന്മാർഗ്ഗശാസ്ത്രവും പഠിച്ച ആൾ.

സാധു, ചോദ്യങ്ങൾ ചോദിച്ച് മനസ്സിലാക്കാൻ വന്നതാണ്.

സാധു: നിയമപരമായി ചില കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കാൻവേണ്ടിയാണ് ഞാൻ വന്നത്. താങ്കളുടെ വിലയേറിയ സമയത്തിൽ കുറെ എനിക്കുവേണ്ടി ചെലവഴിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സോഫിയ: വളരെ സന്തോഷം. എനിക്ക് കഴിയുന്ന നന്മ ചെയ്യാൻ കഴിയുന്നതിൽ സന്തോഷമേയുള്ളു.

സാധു: ഞാൻ നിയമങ്ങൾ കുറെയൊക്കെ പഠിച്ചിട്ടുണ്ട്. എന്നാൽ നിയമത്തെക്കുറിച്ചുള്ള അടിസ്ഥാന തത്വങ്ങൾ പഠിച്ചിട്ടില്ല. എന്തുകൊണ്ട് നിയമങ്ങൾ അങ്ങനെ പറയുന്നു. നിയമത്തിന്റെ അടിസ്ഥാന തത്വങ്ങൾ ഏവയാണ്? നിയമങ്ങൾ അനുസരിക്കാതിരിക്കാൻ പൗരന് സാധ്യമാണോ? തുടങ്ങിയ കാര്യങ്ങൾ എനിക്ക് വ്യക്തമല്ല.

സോഫിയ: ഇന്ന് നമുക്കുള്ള നിയമങ്ങൾ ആരാണുണ്ടാക്കിയത്?

സാധു: പണ്ടു രാജാക്കന്മാർ, പിന്നീട് നിയമസഭ, നിയമസഭ രൂപീകരിക്കുന്ന കമ്മറ്റികൾ തുടങ്ങിയവ.

സോഫിയ: അവർക്ക് ഇഷ്ടം പോലെ നിയമങ്ങൾ ഉണ്ടാക്കാമോ – അവർ ഉണ്ടാക്കിയ നിയമങ്ങളെല്ലാം സാധുവാണോ? അവർക്ക് ഈ അധികാരം ആരു കൊടുത്തു?

സാധു: ഈ കാര്യങ്ങളെല്ലാം ചർച്ച ചെയ്യാനായിട്ടാണ് ഞാൻ വന്നത്. രാജാക്കന്മാരും, നിയമസഭയും ഒക്കെ ജനങ്ങളുടെ ചുമതലക്കാർ ആയതുകൊണ്ട് അവർക്ക് നിയമം ഉണ്ടാക്കാൻ അധികാരമുണ്ടെന്ന് ഞാൻ കരുതുന്നു.

സോഫിയ: ശരിയാണ്. ജനങ്ങളുടെ മേൽ അധികാരമുള്ളവർക്ക് ജനങ്ങൾക്കുവേണ്ടി നിയമങ്ങൾ ഉണ്ടാക്കാം. എന്നാൽ പ്രകൃതിയിലേക്ക് ശ്രദ്ധിക്കുക. അവിടെ എല്ലാക്കാര്യങ്ങളും ക്രമമായി, നിയമാനുസൃതമായിട്ടല്ലേ പോകുന്നത്. ആ നിയമങ്ങളൊക്കെ ആരുണ്ടാക്കിയതാണ്?

സാധു: അത് പ്രകൃതിതന്നെ നിശ്ചയിച്ചതാണ്.

സോഫിയ: ബുദ്ധിയും, വിവേചനകഴിവുമില്ലാത്ത പ്രകൃതി, നിയമങ്ങൾ ഉണ്ടാക്കുമോ? നാം എവിടെ നോക്കിയാലും നമ്മുടെ ശരീരത്തിലുൾപ്പെടെ, പ്രകൃതിയിൽ, ലോകത്തിൽ എല്ലാം ക്രമീകൃതമായി നിയമാനുസൃതമായി പോകുന്നു. കാരണം അവയുടെയെല്ലാം സൃഷ്ടാവായ ബുദ്ധിയും വിവേചനാകഴിവുമുള്ള ദൈവം അവയെ സൃഷ്ടിച്ചപ്പോൾ നിശ്ചയിച്ചതു കൊണ്ടാണ്. നമ്മുടെ ശരീരത്തിലുൾപ്പെടെ ആ നിയമങ്ങൾ അനുസരിച്ച് കാര്യങ്ങൾ നടന്നുകൊള്ളും. നാം അവയെ മനസ്സിലാക്കി കൂടുതൽ നന്മയ്ക്കുവേണ്ടി ഉപയോഗിക്കാം. പശു പ്രസവിച്ചാൽ കിടാവിനെ പാൽ കുടിപ്പിക്കാൻ ആരും പഠിപ്പിക്കേണ്ടതില്ല. നമ്മുടെ ഹൃദയം പ്രവർത്തിക്കുന്നത് നാം പറഞ്ഞിട്ടല്ല. ഹൃദയപ്രവർത്തനത്തിന്റെ നിയമങ്ങൾ മനസ്സിലാക്കിയാൽ കുറവുകൾ പരിഹരിക്കാം. ചികിത്സയിൽ നാം ചെയ്യുന്നത് അതാണ്.

സാധു: ശരിയാണ്, പ്രകൃതിയിലെ നിയമങ്ങൾ അങ്ങനെ നടന്നുകൊള്ളും. എന്നാൽ മനുഷ്യർക്ക് ചില കാര്യങ്ങൾ ചെയ്യാനോ, ചെയ്യാതിരിക്കാനോ, ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ചെയ്യാനോ സാധിക്കും.

സോഫിയാ: ശരി. പ്രകൃതിയിൽ അങ്ങനെതന്നെ തുടർന്നുകൊള്ളും. അവയെ

മനസ്സിലാക്കിയാൽ നമുക്കു ചില കാര്യങ്ങൾ പ്രയോജനപ്പെടുത്താം. ഉദാഹരണമായി, ശരീരപ്രവർത്തനങ്ങളെപ്പറ്റി മനസ്സിലാക്കുന്നതു കൊണ്ടാണ് ചികിത്സ സാധിക്കുന്നത്. ചന്ദ്രന്റെ ചലനനിയമങ്ങൾ മനസ്സിലാക്കുന്നതുകൊണ്ടാണ് ചന്ദ്രനിൽ പോകാൻ സാധിക്കുന്നത്. അല്ലെങ്കിൽ നാം ചന്ദ്രനിൽ ചെല്ലാൻ ശ്രമിക്കുമ്പോൾ ചന്ദ്രൻ വേറൊരു സ്ഥലത്തായിരിക്കും.

സാധു: പ്രകൃതി നിയമങ്ങളെപ്പറ്റിയല്ല പ്രശ്നം. നാം ഉണ്ടാക്കുന്ന നിയമങ്ങളെപ്പറ്റിയാണ് സംശയം. ചില കാര്യങ്ങൾ നാം ചെയ്യണം, ചിലത് ചെയ്യാൻ പാടില്ല. ചിലത് ഒരു രീതിയിൽ ചെയ്യണം. ചിലത് മറ്റൊരു രീതിയിൽ ചെയ്യണം എന്നൊക്കെ നാം പറയാറുണ്ടല്ലോ? ഇതിനെപ്പറ്റിയാണ് എന്റെ സംശയം.

സോഫിയ: കാണപ്പെടുന്ന ലോകവസ്തുക്കളെ നാം ശ്രദ്ധിക്കുമ്പോൾ അവയിൽ പല ഗ്രേഡുകൾ കാണാം. ചിലത് ജീവനില്ലാത്തത് – കല്ല്, ഇരുമ്പ്, തടി തുടങ്ങിയവ. ചിലത് ജീവിക്കുന്നെങ്കിലും ഇന്ദ്രിയപരമായ പ്രവർത്തനം ഇല്ലാത്തത്. ഉദാ. സസ്യങ്ങൾ, മരങ്ങൾ. ചിലത് ജീവിക്കുന്നു, ചലിക്കുന്നു – ഇന്ദ്രിയപരമായി പ്രവർത്തിക്കുന്നു. ഉദാ. ഇഴജന്തുക്കൾ, മൃഗങ്ങൾ...പാമ്പ് അപകടം ഉള്ളപ്പോൾ ഓടി ഒളിക്കുന്നു – അപകടം ഉള്ളപ്പോൾ എതിർക്കുന്നു – കാട്ടുപോത്ത്, ആന തുടങ്ങിയവ. മനുഷ്യൻ കാര്യങ്ങൾ മനസ്സിലാക്കി വിചിന്തനം ചെയ്തു നിശ്ചയങ്ങൾ എടുത്തു പ്രവർത്തിക്കുന്നു. അങ്ങനെ കാണപ്പെടുന്ന വസ്തുക്കളിൽ, അചേതന വസ്തുക്കൾ, സസ്യങ്ങൾ, മൃഗങ്ങൾ, മനുഷ്യർ എന്നിങ്ങനെ ഗ്രേഡുകൾ ഉണ്ട്.

സാധു: ഇതിൽ മനുഷ്യൻ മാത്രമേ നിയമങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുന്നുള്ളല്ലോ. മറ്റുള്ളവയെല്ലാം അവയുടെ പ്രകൃതി നിയമങ്ങളനുസരിച്ച് പ്രവർത്തിക്കുന്നു. അതിനാൽ മനുഷ്യൻ മനസ്സിലാക്കി പ്രവർത്തിക്കേണ്ട നിയമങ്ങളെപ്പറ്റി നമുക്കു ചർച്ച ചുരുക്കാം.

സോഫിയ: മനുഷ്യൻ മനസ്സിലാക്കി പ്രാവർത്തികമാക്കേണ്ട നിയമങ്ങൾ എവിടെനിന്നു വരുന്നു? ആരൊക്കെയാണ് അവയുടെ നിർമ്മിതാക്കൾ?

സാധു: നിയമനിർമ്മിതാക്കൾ – സമൂഹത്തിൽ അധികാരമുള്ളവർ – അവ നിർമ്മിക്കുന്നു. അങ്ങനെ, രാജനിയമങ്ങളും രാജ്യനിയമങ്ങളും ഉത്ഭവിക്കുന്നു. പൊതുനന്മയ്ക്കുവേണ്ടി, രാജാക്കന്മാരും, നിയമസഭകളും നിയമങ്ങൾ നിർമ്മിക്കുന്നു. എന്നാൽ രാജാക്കന്മാരും നിയമസഭകളും നിർമ്മിക്കാത്ത നിയമങ്ങളും മനുഷ്യമനസ്സിൽ ഉണ്ടല്ലോ. നന്മ ചെയ്യണം, തിന്മ ചെയ്യരുത്, മാതാപിതാക്കന്മാരെ ആദരിക്കണം, കള്ളം പറയരുത്, കൊല ചെയ്യരുത് തുടങ്ങി അനേക നിയമങ്ങൾ നമ്മുടെ മനസ്സിൽ ഉണ്ടല്ലോ. അവ എവിടെ നിന്നുവരുന്നു?



സോഫിയ: പ്രകൃതിയുടെ നിയമങ്ങൾ മനുഷ്യനിലും ഉണ്ട്. നാം ഭക്ഷണം കഴിക്കുന്നു, ശ്വസിക്കുന്നു, ഉറങ്ങുന്നു– ഇവയൊക്കെ പ്രകൃതി നിയമം അനുസരിച്ച് പോകുന്നു. എന്നാൽ മനുഷ്യൻ തന്റെ ബുദ്ധിയും തിരിച്ചറിവുംകൊണ്ട്, എന്തൊക്കെ, എങ്ങനെ, എപ്പോൾ, എന്തിന് ചെയ്യണമെന്ന് ആന്തരികമായ പ്രചോദനംകൊണ്ട് നിയന്ത്രിക്കാൻ കഴിയും. ആരും പഠിപ്പിച്ചില്ലെങ്കിലും, ചില കാര്യങ്ങൾ ശരിയാണ്. ചില കാര്യങ്ങൾ തെറ്റാണ് എന്ന് അവന് അറിയാം. ഈ ബോദ്ധ്യത്തിനാണ് നാം മനഃസാക്ഷി എന്നു പറയുന്നത്. മനുഷ്യസ്വഭാവത്തിന് ചേർന്ന പ്രവർത്തികൾ എന്തൊക്കെയെന്ന് മനഃസ്സാക്ഷി അവനെ അറിയിക്കും. ഈ നിയമങ്ങളെയാണ് നാം സ്വഭാ

വിക നിയമങ്ങൾ എന്ന് വിളിക്കുന്നത്. ഓരോ വർഗ്ഗത്തിലും രാജ്യത്തും ഉള്ള ചിന്തകർ, ഈ സ്വഭാവിക നിയമങ്ങളെ ക്രോഡീകരിച്ചിട്ടുണ്ട്. അവ തമ്മിൽ സാമ്യങ്ങളുമുണ്ട്. ഓരോ സമൂഹത്തിലും നേതാക്കന്മാർ മനുഷ്യരുടെ സാമൂഹ്യജീവിതത്തിനും വ്യക്തിപരമായ ജീവിതത്തിനും നിയമങ്ങൾ ക്രോഡീകരിച്ചിട്ടുണ്ട്. ഇവ സ്വഭാവിക നിയമങ്ങളുടെ പ്രായോഗിക വശങ്ങളാണ് നൽകുന്നത്. സ്വഭാവിക നിയമങ്ങൾ ദൈവം മനുഷ്യനിൽ നിക്ഷേപിച്ചതാകയാൽ അവയ്ക്കെതിരായി തത്വപരമായോ പ്രായോഗികമായോ നിയമങ്ങൾ ഉണ്ടാക്കുവാൻ ആർക്കും അധികാരമില്ല. സ്വഭാവിക നിയമങ്ങൾ അനുസരിക്കുവാൻ എല്ലാവർക്കും ചുമതലയുണ്ട്. സ്വഭാവികനിയമങ്ങൾ അനുസരിക്കാതിരുന്നാൽ വ്യക്തിപരമായും സാമൂഹ്യമായും മനുഷ്യജീവൻ അസാദ്ധ്യമായിത്തീരും.

സാധു: ഇന്നത്തെ സമൂഹത്തിൽ നിയമം ഉണ്ടാക്കുന്നവർ (നിയമസഭ, പാർലമെന്റ്) മനുഷ്യജീവിതത്തെ സ്വഭാവികനിയമമനുസരിച്ച് ജീവിക്കുവാൻ സഹായിക്കത്തക്ക നിയമങ്ങളാണ് ഉണ്ടാക്കേണ്ടത്. സ്വഭാവികനിയമങ്ങൾ ഒരിക്കലും മനുഷ്യനന്മയ്ക്ക് എതിരാകയില്ലല്ലോ. അപ്പോൾ ഒരു വ്യക്തി ശരിയായി പ്രവർത്തിക്കുന്നതിനുള്ള മാനദണ്ഡമെന്താണ്?

സോഫിയ: ഒരു വ്യക്തി പ്രവർത്തിക്കുമ്പോൾ അവന്റെ മനഃസാക്ഷി എന്തു പറയുന്നുവെന്ന് മനസ്സിലാക്കി അതനുസരിച്ച് പ്രവർത്തിക്കണം. എന്നാൽ മനഃസാക്ഷി ദൈവനിയമവും ശരിയായ മനുഷ്യനിയമവുമനുസരിച്ച് രൂപീകരിക്കേണ്ടതുണ്ട്. ഒരാൾ തിരിച്ചറിവുണ്ടാകുന്ന പ്രായം മുതൽ അവന് അതിന് പരിശീലനം നൽകണം. തെറ്റും ശരിയും തിരിച്ചറിയാനും, അതനുസരിച്ച് പ്രവർത്തിക്കാനും അവന് വാക്കുകൊണ്ടും, മാതൃകകൊണ്ടും പരിശീലനം നൽകണം. അതിനാൽ ശരിതെറ്റുകളുടെ ഒന്നാമത്തെ മാനദണ്ഡം ശരിയായി രൂപീകരിക്കപ്പെട്ട മനഃസാക്ഷിയാണ്.

സാധു: സമൂഹത്തിൽ ഒരുപാടു നിയമങ്ങൾ ഉണ്ടല്ലോ. ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ഈ നിയമങ്ങളിൽ അവന്റെ ചുമതല എന്താണ്?

സോഫിയ: അവ, ദൈവികനിയമങ്ങൾക്ക് എതിരല്ലെന്ന് അവന്റെ മനഃസാക്ഷി അവനോട് പറയുന്നിടത്തോളം അവൻ അവയെ ആത്മാർത്ഥമായി അനുസരിക്കണം. ഒരു നിയമം, ദൈവികനിയമങ്ങൾക്കോ, സ്വഭാവികനിയമങ്ങൾക്കോ എതിരാണെന്ന് അവന്റെ മനഃസാക്ഷി പറഞ്ഞാൽ അതനുസരിക്കാൻ പാടില്ല. ഉദാഹരണമായി ആദിമ ക്രൈസ്തവ സഭയുടെ ചരിത്രം എടുക്കാം. റോമാസാമ്രാജ്യത്തിലെ നിയമമായിരുന്നു പൗരന്മാരെല്ലാം ദേവന്മാരുടെ വിഗ്രഹങ്ങളെ ആരാധിക്കണമെന്നത്. ആകാശത്തിന്റെയും ഭൂമിയുടെയും സൃഷ്ടാവായ ഏക ദൈവത്തെ മാത്രമെ ദൈവമായി ആരാധിക്കാവൂ എന്ന് ക്രിസ്ത്യാനികൾക്കറിയാമായിരുന്നു. അതുകൊണ്ട് വിഗ്രഹങ്ങളെ ആരാധിക്കുവാൻ ക്രിസ്ത്യാനികൾ തയ്യാറായില്ല. ഈ കാരണത്താൽ അനേകായിരങ്ങൾ രക്തസാക്ഷി മരണത്തിന് തയ്യാറായി. രാജ്യത്തിന്റെ ന്യായമായ നിയമങ്ങളെ അനുസരിക്കുവാൻ ക്രിസ്ത്യാനികൾ തയ്യാറായിരുന്നു.

സാധു: സമൂഹത്തിന്റെയോ രാജ്യത്തിന്റെയോ നിയമങ്ങൾ ശരിയായിട്ടുള്ളതാണോ, അതായത്, സ്വഭാവികനിയമങ്ങൾക്കും ദൈവനിയമങ്ങൾക്കും അനുസൃതമാണോയെന്ന് അറിയുവാൻ നമുക്ക് മാനദണ്ഡമെന്താണ്?

സോഫിയ: ശരിയായ മനഃസാക്ഷി ആവശ്യപ്പെട്ടാൽ ഒരു വ്യക്തി അനുസരിക്കണം. മനഃസാക്ഷി നിരോധിച്ചാൽ അവൻ അതു ചെയ്യാൻ പാടില്ല. ഉദാഹരണമായി രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട ഒരാളോട്, ഒരാളെ കൊല്ലാൻ പറഞ്ഞാലോ, പൊതുസ്ഥാപനം നശിപ്പിക്കാൻ പറഞ്ഞാലോ അതുതെറ്റെന്നു കരുതും. അതു ചെയ്യാനും പാടില്ല.

സാധു: സാധാരണക്കാരെ സംബന്ധിച്ചിടത്തോളം, അവരുടെ മനഃസാക്ഷിയും നിയമങ്ങളും ആണ് അവരുടെ പ്രവർത്തനത്തിന്റെ മാനദണ്ഡം. എന്നാൽ മനുഷ്യപ്രവർത്തനത്തിന്റെ അടിസ്ഥാന മാനദണ്ഡം എന്തായിരിക്കണം?

സോഫിയ: മനുഷ്യപ്രവർത്തനത്തിന്റെ അടിസ്ഥാന മാനദണ്ഡം മനുഷ്യസ്വഭാവം, അതിന്റെ പൂർണ്ണതയിൽ എടുക്കുമ്പോഴാണ്. നമ്മുടെ സംസാരഭാഷയിൽ, അവനൊരു മൃഗമാണ്, മനുഷ്യസ്വഭാവം അവനില്ല, തിരിച്ചറിവില്ലാത്ത മൃഗമാണ് അവൻ, അവനൊരു പിശാചാണ്, പൈശാചികമാണ് അവന്റെ പ്രവൃത്തികൾ, തുടങ്ങിയ പ്രയോഗങ്ങൾ, അതിന്റെ തെളിവാണ്. ദൈവത്തിന്റെ ഹിതമാണ് നാം പ്രവർത്തിക്കേണ്ടത്. എന്നാൽ ദൈവഹിതം നേരിട്ടറിയുവാൻ നമുക്കു സാദ്ധ്യമല്ല. സ്വഭാവിക നിയമങ്ങൾ നമ്മുടെ മനുഷ്യപ്രകൃതിയിൽ നിക്ഷിപ്തമാണ്.

സാധു: ഈ കാര്യം ഒന്നു വിവരിക്കാമോ?

സോഫിയ: മനുഷ്യന് ആത്മാവും ശരീരവുമുണ്ട്. ആത്മാവാണ് ശരീരത്തെ ജീവനുള്ളതാക്കുന്നത്. അതുകൊണ്ട് മനുഷ്യന്റെ ആത്മീക വശത്തിനാണ് കൂടുതൽ പ്രാധാന്യം നൽകേ

ണ്ടത്. ശാരീരികവശം മറക്കുകയുമരുത്. മനുഷ്യന്റെ സൃഷ്ടികർത്താവും അധികാരിയും ദൈവമാണ്. അതിനാൽ ദൈവത്തോടുള്ള ബന്ധവും കടമകളും കണക്കിലെടുക്കണം. മനുഷ്യൻ ഏകനായിട്ടല്ല ജീവിക്കുന്നത്. കുടുംബം, സമൂഹം, രാജ്യം, ലോകം മുഴുവനിലുമുള്ള മനുഷ്യർ ഇങ്ങനെ എല്ലാവരുടെയും കാര്യം കണക്കിലെടുക്കണം. മനുഷ്യൻ ഈ ലോകത്തിലാണ് ജീവിക്കുന്നത്. ഈ ലോകത്തോട്, പ്രകൃതിയോടുള്ള ബന്ധം സംരക്ഷിക്കണം. ഏറ്റവും പ്രധാനമായി, മനുഷ്യന്റെ ഈലോകജീവിതം തൽക്കാലത്തേക്കുള്ളതാണ്. നിത്യജീവിതത്തിലേക്കുള്ള ഒരുക്കമാണ് ഈലോകജീവിതം. ഈലോകജീവിതത്തെപ്പറ്റി ദൈവസന്നിധിയിൽ കണക്കു കൊടുക്കേണ്ടവനാണ് മനുഷ്യർ. രാജാവും മന്ത്രിമാരും, പ്രസിഡണ്ടുമാരും, ജഡ്ജിമാരും, സാധാരണക്കാരും, രോഗികളും. എല്ലാവരും ഈ കാര്യങ്ങളെല്ലാം കണക്കിലെടുത്താണ് ഈ ലോകത്തിൽ ജീവിച്ചു പ്രവർത്തിക്കേണ്ടത്.

സാധു: താത്വികമായി ഈ കാര്യങ്ങളെല്ലാം വ്യക്തമായി. ഇനി ചില പ്രായോഗിക കാര്യങ്ങളെപ്പറ്റി ചർച്ച ചെയ്യാം.

നിയമത്തെപ്പറ്റി നാം പറയുമ്പോൾ Legislative (നിയമനിർമ്മാണം), Executive (നിയമം നടപ്പാക്കൽ), Judiciary (നിയമത്തിന്റെ സാധുതയെയും നടപ്പാക്കൽ രീതിയെയുംപറ്റി വിധി നടത്തുക) എന്നീ മൂന്നു വശങ്ങൾ ഉണ്ടല്ലോ. ഇവയെപ്പറ്റി ഒന്നു വിശദീകരിക്കാമോ?

സോഫിയ: ഈ മൂന്നു കാര്യങ്ങളെയുംപറ്റി പറയുമ്പോൾ അതു കൈകാര്യം ചെയ്യുന്നവരുടെ ചുമതലകളെപ്പറ്റി ചിന്തിക്കേണ്ടിവരും. Legislative അധികാരം – സമൂഹത്തെ നയിക്കാൻ ചുമതലയുള്ളവർക്കു മാത്രമാണുള്ളത്. രാജാക്കന്മാർ, നിയമസഭ, പാർലമെന്റ് തുടങ്ങിയവയാണ് നിയമനിർമ്മാണം നടത്തുന്നത്. അവർ നിയമനിർമ്മാണം നടത്തുമ്പോൾ അവർക്കിഷ്ടമുള്ളതുപോലെ നിയമം നിർമ്മിക്കാൻ അവകാശമില്ല. നിയമത്തിന്റെ ലക്ഷ്യം സമൂഹത്തിന്റെ നന്മയാണ്. സമൂഹത്തിന്റെയും വ്യക്തിയുടെയും നന്മക്കുവേണ്ടി, സൃഷ്ടാവ് സ്വാഭാവിക നിയമങ്ങൾ നൽകിയിട്ടുണ്ട്. അവയ്ക്കെതിരായി നിയമനിർമ്മാണം നടത്താൻ അവർക്കധികാരമില്ല. അവ വ്യക്തമാക്കാനും പ്രായോഗികജീവിതത്തിൽ നടപ്പാക്കാനുംവേണ്ടിയാണ് നിയമനിർമ്മാണാധികാരം ഉപയോഗിക്കേണ്ടത്. അല്ലാതെയുള്ള നിയമങ്ങൾ അനുസരിക്കാൻ ജനങ്ങൾക്കു ചുമതലയില്ല, അനുസരിക്കാനും പാടില്ല. ഉദാഹരണമായി ആദിമസഭയുടെ കാലത്ത് റോമാസാമ്രാജ്യത്തിലെ നിയമമായിരുന്നു, റോമാപൗരന്മാർ ദേവന്മാരുടെയും, ചക്രവർത്തിമാരുടെയും ബിംബങ്ങളെ ആരാധിക്കണമെന്നത്. ക്രിസ്ത്യാനികൾ ഇവയനുസരിക്കാതിരുന്നതിന്റെ പേരിൽ കൊല്ലപ്പെടുകയാണ് ചെയ്തത്. ഹിറ്റ്ലറിന്റെ ജർമ്മനിയിൽ, യഹൂദവംശത്തെ നശിപ്പിക്കാൻ നിയമമുണ്ടായി. ആ നിയമം വ്യക്തികളുടെയും സമൂഹത്തിന്റെയും നന്മയ്ക്കെതിരായിരുന്നതിനാൽ അനുസരിക്കാൻ പാടില്ലായിരുന്നു.

സാധു: ഈ കാര്യം വ്യക്തമായി. ഇനി Executive നിയമം നടപ്പിലാക്കുന്ന അധികാരം വ്യക്തമാക്കിയാലും.

സോഫിയ: നിയമം നിയമത്തിനുവേണ്ടിയല്ല. മനുഷ്യനുവേണ്ടിയാണ്. അതിനാൽ അതു നടപ്പിലാക്കുന്നത്, വ്യക്തിയുടെയും സമൂഹത്തിന്റെയും നന്മയ്ക്കുവേണ്ടിയായിരിക്കണം. വ്യക്തിയുടെയും സമൂഹത്തിന്റെയും നന്മയ്ക്കെതിരായിരിക്കരുത്. ഉദാഹരണമായി, രാജ്യത്ത് ഒരു ഭാഷയോ, മതമോ അടിച്ചേല്പിക്കുന്നത്, സ്വന്തമായി ബോദ്ധ്യമുള്ള മതം സ്വീകരിക്കുന്നതിന് തടസ്സം നില്ക്കുന്നത്, തങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കാൻ അനുവദിക്കാത്തത് തുടങ്ങിയ ന്യായമല്ലാത്ത നിയമങ്ങൾ നടപ്പിലാക്കുവാൻ അധികാരികൾ തുനിയരുത്.

സാധു: അക്കാര്യം വ്യക്തമായി. ഇനി ജുഡീഷ്യറിയെപ്പറ്റി വിശദീകരിക്കാമോ?

സോഫിയ: ജുഡീഷ്യറിയുടെ ഉദ്ദേശ്യം നിയമം വ്യാഖ്യാനിച്ച് അതിന്റെ അർത്ഥം വ്യക്തമാക്കുകയും നിയമലംഘനം കണ്ടുപിടിച്ച് തെറ്റുകാരെ തിരുത്തുകയും, ന്യായം സ്ഥാപിക്കുകയും ചെയ്യുകയെന്നതാണ്. വ്യാഖ്യാനത്തിന്റെ പേരിൽ പുതിയനിയമം നിർമ്മിക്കുവാൻ ജുഡീഷ്യറിക്കധികാരമില്ല. സ്വാഭാവികനിയമങ്ങളുടെയും മനഃസാക്ഷിയുടെയും വെളിച്ചത്തിൽ ഒരു നിയമം ന്യായമാണോ അല്ലയോ എന്ന് പ്രഖ്യാപിക്കാനും അവർക്ക് അധികാരമുണ്ട്. എല്ലാവരുടെയും ന്യായമായ അവകാശങ്ങളും അധികാരങ്ങളും സംരക്ഷിക്കത്തക്കതുപോലെ വേണം നിയമം വ്യാഖ്യാനിക്കാൻ. നിയമം നിയമത്തിനുവേണ്ടിയല്ല, നിയമം മനുഷ്യനുവേണ്ടിയാണ് എന്നതായിരിക്കണം അടിസ്ഥാനതത്വം.

സാധു: തത്വപരമായ ഈ കാര്യങ്ങളെല്ലാം വ്യക്തമായി. ഈ അടുത്തകാലത്ത് നമ്മുടെ പരമോന്നത കോടതി, കുറെ വിധികൾ പ്രസ്താവിച്ചിട്ടുണ്ടല്ലോ. സ്വവർഗ്ഗരതി, ലൈംഗിക സ്വാതന്ത്ര്യം, ശബരിമലയിലെ സ്ത്രീ പ്രവേശനം, ഓർത്തഡോക്സ് യാക്കോബായ സഭാക്കേസിന്റെ വിധി, കൊച്ചി മരടിലെ ഫ്ളാറ്റ് എന്നിവ – അവയെപ്പറ്റി എനിക്ക് ഒരുപാടു സംശയങ്ങളുണ്ട്. അവയെ

പ്പറ്റിയുള്ള വിശദീകരണം ആഗ്രഹിക്കുന്നു.

സോഫിയ: സാധാരണരീതിയിൽ, വ്യക്തികളെ സംബന്ധിച്ചും, സമൂഹത്തെ സംബന്ധിച്ചും പരമോന്നത കോടതികളുടെ വിധി അന്ത്യതീർപ്പാണ്. അങ്ങനെയുള്ള വിധി അംഗീകരിക്കാൻ നമുക്കു കടമയുമുണ്ട്. എന്നാൽ വിധി പുറപ്പെടുവിക്കുന്ന ആളുകൾ മനുഷ്യരാകയാൽ അവരിലും തെറ്റു വരാം. പ്രസ്തുത വിധിയിൽ സ്വഭാവിക നിയമത്തിനും, മനുഷ്യസ്വഭാവത്തിന്റെ എല്ലാ ചുറ്റുപാടുകളോടുംകൂടി കണക്കാക്കുമ്പോൾ അസ്വീകാര്യവുമാണെങ്കിൽ അങ്ങനെയുള്ള വിധികൾ തെറ്റു തന്നെയാണ്. അങ്ങനെയുള്ള വിധി തീർപ്പുകൾ അംഗീകരിക്കാനോ, നടപ്പാക്കാനോ പാടുള്ളതല്ല.

സാധു: പൊതുതത്വം മനസ്സിലായി. ഇനി ഓരോ വിധി തീർപ്പിനെപ്പറ്റിയും താങ്കളുടെ അഭിപ്രായം അറിയുവാൻ ആഗ്രഹിക്കുന്നു. ഒന്നാമതായി, സ്വവർഗ്ഗരതി തന്നെയെടുക്കാം.

സോഫിയ: മനുഷ്യന് ലൈംഗികത സ്രഷ്ടാവ് നൽകിയിരിക്കുന്നത് മനുഷ്യവർഗ്ഗത്തിന്റെ നിലനില്പിനുവേണ്ടിയാണ്. ലൈംഗികതയോടുകൂടി ആനന്ദവും ഉണ്ടെന്നത് ശരിയാണ്. എന്നാൽ ആനന്ദത്തിനുവേണ്ടി മാത്രം ലൈംഗികത ഉപയോഗിക്കാൻ പാടില്ല. സ്വവർഗ്ഗരതിയിൽ മനുഷ്യവർഗ്ഗത്തിന്റെ നിലനില്പു സാദ്ധ്യമല്ല. അതിനാൽ അതു നിഷിദ്ധമാണ്. മനുഷ്യമനഃസാക്ഷി അതു തെറ്റാണെന്ന് പറയുന്നു. എല്ലാ ദേശത്തുമുള്ള ജ്ഞാനികൾ സ്വവർഗ്ഗരതി തിന്മയാണെന്ന് പഠിപ്പിക്കുന്നു. അതിനാൽ പരമോന്നത കോടതി പറഞ്ഞാലും തെറ്റു ശരിയാകയില്ല.

സാധു: ഒരു പുരുഷനും സ്ത്രീയും പരസ്പര സമ്മതത്തോടുകൂടി ലൈംഗികബന്ധത്തിൽ ഏർപ്പെട്ടാൽ, അവരുടെ അവസ്ഥ എന്താണെങ്കിലും, അതിൽ തെറ്റില്ലെന്ന് നമ്മുടെ പരമോന്നത കോടതി വിധിച്ചിട്ടുണ്ടല്ലോ. അതിനെപ്പറ്റി പറയാമോ?

സോഫിയ: കുടുംബബന്ധം മനുഷ്യചരിത്രത്തിന്റെ ആരംഭം മുതൽ, എല്ലാ വംശങ്ങളിലും, ദേശങ്ങളിലും പവിത്രമായി കണക്കാക്കപ്പെടുന്നു. ലൈംഗികബന്ധം വിവാഹിതരായ, ഭാര്യാഭർത്താക്കന്മാർ തമ്മിൽ മാത്രമേ പാടുള്ളൂവെന്ന ബോദ്ധ്യം മനുഷ്യസമൂഹത്തിനുണ്ട്. മക്കളുടെ ജനനത്തിനും, വളർത്തലിനും പരിശീലനത്തിനും കെട്ടുറപ്പുള്ള കുടുംബബന്ധം ആവശ്യമാണ്. ഇതെല്ലാം സ്വഭാവികനിയമപ്രകാരം മനുഷ്യമനസ്സിൽ പതിഞ്ഞിട്ടുണ്ട്. ഇതെല്ലാം മറന്നിട്ട് മനുഷ്യന്റെ സ്വാതന്ത്ര്യം എന്ന ഒറ്റക്കാര്യം മാത്രം കണക്കിലെടുത്ത്, മറ്റു വശങ്ങളെല്ലാം മറന്ന് പരമോന്നത കോടതിയാണെങ്കിലും വിധി പുറപ്പെടുവിച്ചാൽ അത് അബദ്ധവും അപക്വവും ആണ്. ഈ വിധിയനുസരിച്ച് ജീവിച്ചാൽ കുടുംബജീവിതം തകരുകയില്ലേ? സമൂഹജീവിതം സാധ്യമാണോ? സമൂഹത്തിൽ സമാധാനവും സന്തോഷവും ഉണ്ടാകുമോ?

സാധു: ഈ കാര്യവും വ്യക്തമായി. ഇനി, ശബരിമലയിലെ യുവതീ പ്രവേശനത്തെപ്പറ്റി വ്യക്തമാക്കാമോ?

സോഫിയ: ശബരിമലയിൽ 10 വയസ്സിനും, 50 വയസ്സിനും ഇടയിൽ പ്രായമുള്ള യുവതികൾ ദർശനം നടത്താൻ പാടില്ലായെന്നാണ് കേരളത്തിലെ ഹിന്ദുക്കളുടെ പാരമ്പര്യവും വിശ്വാസവും, വേറൊരു മതത്തിന്റെ പാരമ്പര്യത്തെക്കുറിച്ചും വിശ്വാസത്തെക്കുറിച്ചും അഭിപ്രായം ഞാൻ പറയുന്നത് ശരിയല്ല. അതിനാൽ ചില പൊതുതത്വങ്ങൾ മാത്രം പറയുന്നു. ദൈവത്തെ ആരാധിക്കാൻ എല്ലാവർക്കുമുള്ള അവകാശവും, സ്വാതന്ത്ര്യവും കണക്കിലെടുത്താണ്, യുവതികൾക്കും ശബരിമലയിൽ പ്രവേശിക്കാമെന്ന് പരമോന്നത കോടതി വിധിച്ചിരിക്കുന്നത്. സ്ത്രീകൾക്ക് ശബരിമലയിൽ ദർശനം നടത്താൻ വിലക്കില്ല. യുവതികൾക്കു മാത്രമാണ് വിലക്ക്. അതുകൊണ്ട് സ്ത്രീകളുടെ അവകാശത്തിനും സ്വാതന്ത്ര്യത്തിനും എതിരാണ് ശബരിമല സംബന്ധിച്ചുള്ള വിശ്വാസമെന്ന് പറയാൻ പറ്റുകയില്ല. അതിനാൽ ഈ വിധിയും അപക്വമാണെന്നാണ് എന്റെ ബോദ്ധ്യം.

സാധു: യാക്കോബായ സഭയും, ഓർത്തഡോക്സ് സഭയും തമ്മിലുള്ള കേസിന്റെ വിധിയെപ്പറ്റിയും പറയാമോ?

സോഫിയ: സഭാക്കേസിനെപ്പറ്റി ചിന്തിക്കുമ്പോൾ, എനിക്കു പറയാനുള്ളത് അതിന് രണ്ടു വശമുണ്ടെന്നതാണ്. ഒന്നാമത്തേത് ആത്മീകവശം – അതിനെപ്പറ്റി കോടതിക്കോ, ഭൗതിക അധികാരത്തിനോ പറയാൻ പറ്റുകയില്ല. അതായത് യേശുക്രിസ്തു ലോകത്തിലേക്ക് വന്നത് മനുഷ്യരക്ഷയ്ക്കുവേണ്ടിയാണെന്നും, അതിനുള്ള മാർഗ്ഗങ്ങൾ യേശുക്രിസ്തു സ്ഥാപിച്ചെന്നും, സഭ അതിന്റെ ഭാഗമാണെന്നും ഉള്ള കാര്യം. യേശുക്രിസ്തു രക്ഷയ്ക്കുവേണ്ടി സ്ഥാപിച്ച കാര്യങ്ങൾ ആരിലും അടിച്ചേല്പിക്കുന്നില്ല. മനുഷ്യൻ സ്വതന്ത്രമായി മനസ്സിലാക്കി സ്വീകരിച്ച് അതനുസരിച്ച് ജീവിക്കാൻ സന്നദ്ധനായാൽ നിത്യരക്ഷ ലഭിക്കും. സ്വാതന്ത്ര്യമുപയോഗിച്ച് സ്വീകരിക്കാതിരിക്കുകയോ നിഷേധിക്കയോ ചെയ്താൽ നിത്യരക്ഷ ലഭിക്കുകയില്ല. നിത്യശിക്ഷയായിരിക്കും ഫലം. ഈ

കാര്യത്തിൽ പൊതുസമാധാനമോ, മനുഷ്യസ്വാതന്ത്ര്യമോ അപകടത്തിലല്ലെങ്കിൽ, രാഷ്ട്രത്തിനോ ജുഡീഷ്യറിയ്ക്കോ ഇടപെടേണ്ടതില്ല. സഭയുടെ സ്വത്തു സംബന്ധിച്ചോ സ്ഥാപനങ്ങൾ സംബന്ധിച്ചോ തർക്കമുണ്ടായാൽ ഇടപെടേണ്ടി വരും. ഇതിന്റെ മാനദണ്ഡം എന്തായിരിക്കണം? സഭയുടെ പൊതുവായിട്ടുള്ള സമ്പത്തിൽനിന്ന് സ്ഥാപനം കെട്ടിപ്പടുത്താൽ സ്ഥാപനം സഭയുടെ പൊതു സ്വത്തായിരിക്കും. സഭ രണ്ടായി പിരിഞ്ഞാൽ സ്വത്തിന്റെ അവകാശം ആരുടെതായിരിക്കും? ഏതു സഭയായിരിക്കും യഥാർത്ഥ സഭ? രാഷ്ട്രത്തിനോ, കോടതിക്കോ നിശ്ചയിക്കാൻ പ്രയാസമായിരിക്കും. സ്വത്തു സമ്പാദിച്ച് കൈവശം വച്ചിരിക്കുന്നവർ അതു സ്വന്തമാക്കട്ടെ. സ്ഥാപനംതന്നെ രണ്ടായി പിരിഞ്ഞാൽ രണ്ടു പേർക്കും ന്യായമായ വിഹിതം ലഭിക്കത്തക്കതുപോലെ ക്രമീകരിക്കണം. അല്ലാതെ സമ്പാദിച്ച് കൈവശം വച്ചിരിക്കുന്നവരിൽ നിന്ന് പിടിച്ചെടുത്ത് സമ്പാദിക്കാത്ത, കൈവശമില്ലാത്തവർക്കുവേണ്ടി നൽകാൻ ശ്രമിച്ചാൽ, അതു അനീതിയല്ലേ?

സാധു: ഈ കാര്യവും വ്യക്തമായി. ഇനി കൊച്ചിയിൽ മരടു ഫ്ളാറ്റു സംബന്ധിച്ചുള്ള വിധിയെപ്പറ്റി എന്തു പറയുന്നു? അഭിപ്രായം പറയാമോ?

സോഫിയ: മരട് ഫ്ളാറ്റ് സംബന്ധിച്ച കേസിൽ, നിയമവിരുദ്ധമായി പ്രവർത്തിച്ചിട്ടുള്ളവർ ഉണ്ടെങ്കിൽ കണ്ടുപിടിച്ച് ശിക്ഷിക്കേണ്ടതാണ്. എന്നാൽ ആ നിയമലംഘനത്തിന്റെ ദൂഷ്യഫലം അനുഭവിക്കുന്നവരെ കേൾക്കാൻപോലും തയ്യാറാകാത്ത ഉന്നത നീതിപീഠത്തിന്റെ മനോഭാവം നീതീകരിക്കാമോ? കടൽത്തീരത്തും കായൽത്തീരത്തും നിർമ്മിതികൾ അപകടകരമാണ്. പരിസര മലിനീകരണത്തിന് കാരണമാണ്. എല്ലാം ശരിയാണ്. അമേരിക്കയിലെ ഫ്ളോറിഡായിലും, വിയറ്റ്നാമിലെ കടൽത്തീരത്തും, കിഴക്കൻ യൂറോപ്പിലെ ഉൾക്കടൽ തീരത്തും, കടലാക്രമണങ്ങളും മലിനീകരണങ്ങളും അതിജീവിക്കത്തക്കതുപോലെ നിർമ്മിതികൾ നടത്താമെങ്കിൽ, മരടിലും അപകടം ഒഴിവാക്കിയാണോ നിർമ്മിതിയെന്നും, പരിസര മലിനീകരണം ഉണ്ടാകാത്ത ക്രമീകരണം ഉള്ള രീതിയിലാണോ നിർമ്മിതിയെന്നും, മറ്റു രാജ്യങ്ങളിൽ ഇതുപോലെയുള്ള സാഹചര്യങ്ങളിൽ മലിനീകരണം ഒഴിവാക്കുന്ന രീതി, ഇവിടെയും അവലംബിച്ചുകൂടെയെന്നും അന്വേഷിച്ചുകൂടെ? ഇതൊക്കെ സാധ്യമെങ്കിൽ ഉടൻ ഫ്ളാറ്റു പൊളിച്ച് കൂടുതൽ പരിസരമലിനീകരണം ഉണ്ടാക്കേണ്ടതുണ്ടോ? ഈ പരിസര മലിനീകരണത്തിന് പരിഹാരം നിർദ്ദേശിച്ചിട്ടുണ്ടോ? കൂടാതെ, ശമ്പളവും, പെൻഷനുംപോലും കൊടുക്കാൻ ബുദ്ധിമുട്ടുന്ന കേരള സർക്കാരിന്റെമേലും കേരളത്തിലെ പൊതുജനങ്ങളുടെമേലും ഈ ഭാരം അടിച്ചേല്പിക്കേണ്ടതുണ്ടോ? ചെലവിനെപ്പറ്റി ചിന്തിച്ചിട്ടുണ്ടോ? 625 ഭവനങ്ങൾക്ക് 25 ലക്ഷം വച്ച് നഷ്ടപരിഹാരംതന്നെ 15,62,500,000 രൂപ (156 കോടി 25 ലക്ഷം രൂപ) നൽകണം. കൂടാത ഫ്ളാറ്റു പൊളിച്ച് മാറ്റി പരിസരം ശുദ്ധീകരിക്കുന്ന വർദ്ധിച്ച ചെലവ്, മാറ്റി പാർപ്പിക്കുന്ന മറ്റു ഫ്ളാറ്റുകളുടെ വാടക, സാധനസാമഗ്രികൾ മാറ്റുന്ന ചെലവ് ഇവയെല്ലാം കണക്കാക്കിയാൽ എത്ര വലിയ തുകയായിരിക്കും? ഫ്ളാറ്റു നിർമ്മാതാക്കളുടെ കൈവശം ഇത്ര വലിയ തുക പിടിച്ചെടുക്കാൻ ഉണ്ടാകുമോ? ഇല്ലെങ്കിൽ അവരെ ജയിലിലടയ്ക്കാമെന്നല്ലാതെ എന്തു പരിഹാരം. ജയിലിലടച്ചാൽ അതിനും സർക്കാരിന് വരുന്ന ചെലവ് കണക്കാക്കണ്ടേ? ഇനി ഫ്ളാറ്റുടമകൾക്ക് പണം ഉണ്ടെന്ന് വന്നാൽത്തന്നെ അവ പിടിച്ചെടുക്കുന്നതിന്, കേസുകളും അപ്പീലുകളുമായി പോയാൽ ഈ തലമുറയിൽ ഫലം കാണാൻ സാധിക്കുമോ? കേസ് നടത്താൻ സർക്കാരിന് വീണ്ടും ചെലവ്.

സാധു: ഈ സാഹചര്യങ്ങളെല്ലാം കണക്കാക്കി വിധി പ്രസ്താവിച്ചിരുന്നെങ്കിൽ, വിധി മറ്റൊന്നാകുമായിരുന്നു. ലോകചരിത്രത്തിൽ അബദ്ധമായി മാറിയ, നിയമങ്ങളും അവയുടെ വിധിതീർപ്പും പിന്നീട് അബദ്ധമായി അംഗീകരിക്കപ്പെടുകയും ലജ്ജാകരമായി കണക്കാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഭാരതത്തിലെ ജാലിയൻവാലാ സംഭവവും, ജർമ്മനിയിൽ ഹിറ്റ്ലറുടെ യഹൂദവംശ നശീകരണവും ഫ്രാൻസിലെ ജോവാൻ ഓഫ് ആർക്കിന്റെ വിധിയും കൊലപാതകവും ഉദാഹരണങ്ങളാണ്.

സോഫിയ: ഭാരതത്തിലെ നീതിപീഠത്തെപ്പറ്റി നമുക്കഭിമാനമായിരുന്നു. ഈ സംഭവങ്ങൾ നമുക്ക് നിരാശയുണ്ടാക്കുന്നു. ദൈവം നമ്മെ രക്ഷിക്കട്ടെ.

സാധു: ഈ കാര്യങ്ങളെപ്പറ്റി ചിന്തിച്ചപ്പോൾ എന്റെ മനസ്സിലും ഇതുപോലെയുള്ള ചിന്തകളാണ് വന്നത്. ഉറപ്പു വരുത്താൻവേണ്ടിയാണ് താങ്കളെ സമീപിച്ചത്. ഇത്രയും സമയം എനിക്കു വേണ്ടി ചെലവാക്കിയതിന് നന്ദി പറയുന്നു. നല്ല ആശയങ്ങൾ ജനങ്ങളുടെയിടയിൽ പ്രചരിപ്പിക്കാൻ നമുക്കു യത്നിക്കാം.

■

# ഇതാ മാതാവിന്റെ ദാസി

തയ്യാറാക്കിയത് : ബേബിച്ചൻ തെക്കേടത്ത് കോഴിമണ്ണിൽ



ഏഴ് പതിറ്റാണ്ടുകൾക്ക് മുമ്പ്, കലിതുള്ളി പെയ്യുന്ന ഒരു കാലവർഷക്കാലം. നാടെങ്ങും പകർച്ചവ്യാധി പടർന്ന് പിടിച്ചിരിക്കുന്ന കാലഘട്ടത്തിൽ മാരകമായ മഹാവ്യാധി പിടിക്കപ്പെട്ട തന്റെ ഒന്നര വയസ്സുള്ള പെൺകുഞ്ഞിനെ മാറത്തടുക്കിപ്പിടിച്ച് ആ പെറ്റമ്മ നെഞ്ച് പൊട്ടി അലറി കരഞ്ഞു. കണിയാൻ പറഞ്ഞ വാക്കുകൾ ഇടിമുഴ



ക്കംപോലെ ആ അമ്മയുടെ കാതുകളിൽ വന്നലച്ചു. ''ഇനിയും ഈ കുഞ്ഞ് അധികനാളൊന്നും ജീവിച്ചിരിക്കില്ല''. തനിക്കുണ്ടായ പൊന്നോമനകളായ രണ്ട് പെൺകുഞ്ഞുങ്ങളെ മരണം കവർന്നെടുത്തെങ്കിലും ഈ കുഞ്ഞിനേയും മരണത്തിനു വിട്ടുകൊടുക്കാൻ ആ മാതൃമനസ്സ് അനുവദിച്ചില്ല. തന്റെ ഉള്ളംകൈയ്യിൽ ഒതുക്കി പിടിച്ചിരുന്ന കൊന്തമണികളിൽ നിന്നവൾ ശക്തി സംഭരിച്ചു. കൊന്തയുടെ കുരിശ് കുഞ്ഞിനെ മുത്തിച്ചു. കടുത്ത മാതൃഭക്തയായ ആ അമ്മ നാല് ചുവരുകൾക്കുള്ളിലിരുന്ന് ഉറച്ച ഒരു തീരുമാനം എടുത്തു. ഭീതിപ്പെടുത്തുന്ന കനത്ത ഇരുട്ടിലും പുറത്ത് കോരി ചൊരിയുന്ന പേമാരിയിലും ആ തീരുമാനത്തിന് മാറ്റമുണ്ടായില്ല. നേരം പുലരുന്നതേയുള്ളൂ. തന്റെ തോളിൽ മയങ്ങി കിടക്കുന്ന കുഞ്ഞിനേയും വഹിച്ച ആ സ്ത്രീ തന്റെ ഇടവക ദൈവാലയത്തിലേക്ക് വേഗം നടന്നു. വിളിച്ചാൽ വിളി കേൾക്കുന്ന ഒരമ്മ തന്റെ ചാരത്തുള്ളപ്പോൾ അവൾക്ക് വേറെ ഒന്നും ചിന്തിക്കേണ്ടി വന്നില്ല.

നാട്ടാചാരപ്രകാരം പരി. കന്യകാമാതാവിൽ നിന്നും ഉദ്ദിഷ്ഠകാര്യലബ്ധിക്കായി പള്ളിയുടെ പടിഞ്ഞാറ് ഭാഗത്തുള്ള പവിത്രമായ കുളത്തിൽ ഇറങ്ങി കുളിച്ച് ശരീരശുദ്ധി വരുത്തി മാത്രമേ പള്ളിക്കുള്ളിൽ കയറി പ്രാർത്ഥിക്കാവൂ. കുഞ്ഞിനേയും കുളിപ്പിച്ച് അമ്മയും കുളിച്ച് അവർ കുട്ടിയെ എടുത്ത് അമ്മയുടെ തിരുമുമ്പിൽ പള്ളിയുടെ മദ്ധ്യഭാഗത്തായി കിടത്തി. മുട്ട് കുത്തി ഇരുകൈകളും ഉയർത്തി, കണ്ണീരൊഴുക്കി, ഹൃദയം നുറുങ്ങി വേദനയോടെ പറഞ്ഞു. ''നീ എന്റെ രണ്ട് കുഞ്ഞുങ്ങളെയും തിരിച്ചെടുത്തു. ഇതിനെയെങ്കിലും എനിക്ക് തരണം. തരുന്നെങ്കിൽ അത് തികവൊത്ത കുഞ്ഞായിരിക്കണം. അങ്ങനെയല്ലെങ്കിൽ നീ തന്നെ ഇതിനെ എടുത്തോ. കുഞ്ഞിനെ ആരോഗ്യത്തോടെ തിരിച്ചുതന്നാൽ ഇതിനെ ഈ പള്ളിയുടെ ശുശ്രൂഷക്കായി നിനക്കായ് വിട്ട് തരാം''. ഒരു നിമിഷം അവരുടെ കണ്ഠം ഇടറി. പെട്ടെന്ന് ചുറ്റും പരന്ന പ്രകാശവലയത്തിൽ അവൾ പരി. അമ്മയുടെ മുഖം ദർശിച്ചു. രോഗവിമുക്തയായി പെൺകുഞ്ഞ് വളർന്നു, ബാലികയായി, യുവതിയായി, ഏലിയാമ്മ ജോർജ് എന്ന ഉത്തമ സ്ത്രീയായി......

പെരിങ്ങര സെന്റ് മേരീസ് മലങ്കര കത്തോലിക്കാപള്ളിയുടെ മതബോധനദ്ധ്യാപികയായി നിശബ്ദ സേവനത്തിന്റെ 44 വർഷങ്ങൾ പിന്നിടുമ്പോൾ മുഖത്ത് നിറഞ്ഞ് നിൽക്കുന്നത് ദീപ്തമായ ആത്മസംതൃപ്തിയുടെ പുഞ്ചിരി മാത്രം. തിരുവല്ലായിൽനിന്നും 4 കി.മീ. അകലെയുള്ള അപ്പർ കുട്ടനാടൻ പ്രദേശമാണ് പെരിങ്ങര എന്ന കൊച്ചുഗ്രാമം. ഒരു കാലത്ത് നെൽകൃഷിയിലൂടെ മാത്രം സമൃദ്ധി കൈവരിച്ച്, കർഷകർ ഇടതിങ്ങി പാർത്തിരുന്ന പ്രദേശത്ത് ഇന്ന് അതെല്ലാം മധുരിക്കുന്ന ഓർമ്മകൾ മാത്രം. വർഷത്തിൽ ഒരിക്കൽ ഒരു കൂപ്പ് കൃഷി ചെയ്താലായി. കുഴികണ്ടങ്ങൾ എല്ലാം മണ്ണിട്ട് നികത്തി കരഭൂമിയായി. ഗ്രാമത്തിന്റെ തനിമയും വിശുദ്ധിയും സംരക്ഷിക്കുന്ന ഈ നാട് വിദ്യാഭ്യാസപരമായും സാമൂഹിക സാംസ്കാരിക രംഗങ്ങളിലും ഏറെ ഔന്നത്യം പ്രാപിച്ചു കഴിഞ്ഞു. വിവിധ ജാതി മതവിഭാഗങ്ങൾ സോദരണേന വസിക്കുന്ന ഈ ഫലഭൂയിഷ്ഠമായ മണ്ണിൽ മലങ്കര കത്തോലിക്കാസഭയുടെ ആരംഭ കാലഘട്ടത്തിൽ 1931 ജനുവരി മാസം

ദൈവേഷ്ഠപ്രകാരം ഒരു ദൈവാലയം നിർമ്മിക്കപ്പെട്ടു. പുനരൈക്യത്തിന്റെ പ്രണേതാവ് അഭി. ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് ശിലയിട്ട് സ്ഥാപിച്ച ഈ ദൈവാലയം, വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ 3 പ്രാവശ്യം പുനരുദ്ധരിച്ചതിനുശേഷമാണ് ഇന്നു കാണുന്ന മനോഹരമായ സെന്റ് മേരീസ് മലങ്കര കത്തോലിക്ക ദൈവാലയമായി രൂപം പ്രാപിച്ചത്. മലങ്കര കത്തോലിക്ക സഭാതലവന്മാരുടെ സാന്നിദ്ധ്യവും, പരിലാളനയും, അനുഗ്രഹവും ഈ ഇടവകയ്ക്ക് ആവോളം ലഭിക്കുകയുണ്ടായി. ഇന്ന് 95 കുടുംബങ്ങളുടെ കൂട്ടായ്മയായ ഈ ദൈവാലയത്തിൽ ഇതിനോടകം 29 വൈദികശ്രേഷ്ഠർ സേവനം അനുഷ്ഠിച്ചു. 2 വർഷങ്ങളായി ഈ ഇടവകയെ നയിക്കുന്നത് തിരുവല്ല അതിരൂപത മതബോധന ഡയറക്ടറായ ബഹു. ഡോ. തോമസ്കുട്ടി പതിനെട്ടിലച്ചനാണ്. പരി. ദൈവമാതാവിന്റെ ശക്തമായ സാന്നിദ്ധ്യം നിറഞ്ഞ് നിൽക്കുന്ന ഈ ദൈവാലയം നാനാ ജാതി മതസ്ഥരുടെ ആശാകേന്ദ്രം കൂടിയാണ്. പെരിങ്ങര മാതാവിനെ വിളിച്ചു പ്രാർത്ഥിച്ചാൽ അച്ചട്ടായി ഫലം സിദ്ധിക്കും. അതുകൊണ്ട് തിരുനാൾ ദിവസങ്ങളിലും മറ്റും ധാരാളം ആളുകൾ ഈ ദൈവാലയത്തിലേക്ക് അനുഗ്രഹ പ്രാപ്തിക്കായി കടന്നു വരുന്നു.

1939 ൽ പെരിങ്ങര കാരയ്ക്കൽ സെന്റ് ജോർജ് ഇടവകയിലെ യാക്കോബായ വൈദികനായിരുന്ന മൂലമണ്ണിൽ വന്ദ്യ തോമസ് കത്തനാർ കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെടുകയുണ്ടായി. തിരുവല്ല രൂപതയുടെ സുറിയാനി മല്പാനായിരുന്ന അദ്ദേഹം 1959 ൽ മരിക്കുന്നതുവരെ പെരിങ്ങര ഇടവകയുടെ വികാരിയായിരുന്നു. അദ്ദേഹത്തിന്റെ ബസ്ക്യാമ സാറാമ്മ തോമസിന്റെ ആഗ്രഹപ്രകാരം വന്ദ്യ പക്കോമിയോസ് ഒ.ഐ.സി. അച്ചന്റെ സഹകരണത്തോടെ 1941 ൽ ഈ ദൈവാലയത്തിൽ ആരംഭിച്ച എട്ടുനോമ്പാചരണമാണ് മലങ്കര കത്തോലിക്ക സഭയിലെ ആദ്യത്തെ എട്ടുനോമ്പാചരണം.

എഫേ. 4:1 ൽ പറയുന്നതുപോലെ ''നിങ്ങൾക്ക് ലഭിച്ച ജീവിതവിശുദ്ധിയുടെ ഉദാത്ത മാതൃകയാണ് ഏലിയാമ്മ ജോർജ്. തന്നെത്തന്നെ പരിപൂർണ്ണമായി മാതാവിന് സമർപ്പിച്ചിരിക്കുകയാണ് ഈ ടീച്ചർ. തന്റെ ജീവിതവും മാതാവിന് അനുരൂപയായി എളിയ ജീവിതം നയിക്കുമ്പോൾ, ഇത്തരം അറിയപ്പെടലിന് ഒരു പ്രസക്തിയും ഇല്ലെന്ന് പറഞ്ഞ് വിമുഖത പ്രകടിപ്പിച്ചപ്പോൾ, അങ്ങനെയല്ലാ ടീച്ചർ അറിയപ്പെടാൻ ദൈവം ആഗ്രഹിക്കുന്നു എന്നറിയിച്ചപ്പോൾ മാത്രമാണ് അവർ മെല്ലെ ഹൃദയം തുറന്നത്.

പെരിങ്ങര കാരയ്ക്കൽ വടക്കേടത്ത് മലങ്കര കത്തോലിക്കാസഭാംഗങ്ങളായ ശ്രീ. വി.എ. ഏബ്രഹാമിന്റെയും ഏലിയാമ്മ ഏബ്രഹാമിന്റെയും 4 മക്കളിൽ ഏറ്റവും ഇളയ മകളാണ് കുഞ്ഞൂഞ്ഞമ്മ എന്ന ഏലിയാമ്മ ജോർജ്. 1946 ജനുവരി 3 ന് ജനനം. 4 മക്കളിൽ 3 പെൺമക്കളും ഒരു മകനും ഉണ്ടായെങ്കിലും കുട്ടിക്കാലത്തുതന്നെ 2 പെൺമക്കളും മരണപ്പെട്ടു. ഏലിയാമ്മ ജനിച്ച് ഒന്നര വർഷം കഴിഞ്ഞപ്പോൾ പിതാവ് മരിച്ചു. പിന്നെ അമ്മ ചിന്നമ്മയുടെ സംരക്ഷണയിലാണ് കുഞ്ഞ് കുഞ്ഞൂഞ്ഞമ്മ വളർന്നത്. ''നിന്നെ പരി. അമ്മക്ക് കൊടുത്തിട്ടുള്ളതാണ് അതുകൊണ്ട് ആ ബോധ്യത്തിൽ വേണം നീ ജീവിക്കാൻ''. അമ്മ മകളെ എപ്പോഴും ഓർമ്മിപ്പിച്ചു കൊണ്ടിരുന്നു. മറ്റ് കുട്ടികളെ പോലുള്ള സ്വൈരവിഹാരത്തിന് ഏലിയാമ്മക്ക് വിലക്കുകൾ വീണു. സിനിമ കാണുന്നതിനോ മറ്റ് ആഹ്ളാദ പരിപാടികൾക്കോ അമ്മ അനുവദിച്ചില്ല. ക്രമേണ അവൾ പരി. മാതാവിന്റെ ജീവിതശൈലിയുമായി അനുരൂപപ്പെട്ടു ജീവിക്കാൻ തുടങ്ങി. ഇത് ഈ പെൺകുട്ടിയിൽ വിശുദ്ധിയുടെ മാർഗ്ഗങ്ങൾ തുറന്നു കൊടുത്തു. അവൾ അടിയുറച്ച ദൈവവിശ്വാസത്തിലും, ദൈവകൃപയിലും വളർന്നുവന്നു. 10-ാം ക്ലാസ്സോടെ പഠനം അവസാനിച്ചു. അക്കാലത്ത് മതപഠനം പള്ളികളിൽ 6-ാം ക്ലാസ്സ് വരെ മാത്രമേ ഉണ്ടായിരുന്നുള്ളു. ബഹു. അക്വീനോസച്ചൻ വികാരിയായിരിക്കുമ്പോൾ മുതിർന്ന പെൺകുട്ടികൾക്ക് മാത്രമായി 'മതപഠന ക്ലാസ്' ഏർപ്പെടുത്തിയിരുന്നു. അതിൽ കഴിവ് തെളിയിക്കുന്ന കുട്ടികളെ മതബോധനാദ്ധ്യാപകരായി തെരഞ്ഞെടുക്കും. ഏലിയാമ്മ ജോർജ് 20-ാമത്തെ വയസ്സിൽ മതാദ്ധ്യാപികയായി. എന്നും ദിവ്യബലിയിൽ പങ്കെടുക്കുന്ന അമ്മയോടൊപ്പം മകളും മുടങ്ങാതെ പള്ളിയിൽ പോകാൻ തുടങ്ങി.

1975 മാർച്ച് 2-ാം തീയതി ഹരിപ്പാട് വിജയപുരത്തുള്ള ഓർത്തഡോക്സ് സഭാംഗമായ കെ.സി. ജോർജിനെ വിവാഹം ചെയ്തു. കടുത്ത ഓർത്തഡോക്സ് വിശ്വാസികളായ ജോർജിന്റെ കുടുംബക്കാർ ചേർന്ന് സ്വന്തമായി പണികഴിപ്പിച്ചതാണ് ആനാരിക്കൽ ഓർത്തഡോക്സ് ദൈവാലയം. ജോർജിനെ വിവാഹം കഴിക്കുന്നതിന് ഏലിയാമ്മ ടീച്ചറിന് ഒരു നിബന്ധനയെ ഉണ്ടായിരുന്നുള്ളു. കത്തോലിക്കാസഭയിലേക്ക് ചേർന്നാൽ വിവാഹം ചെയ്യാം. അല്ലെങ്കിൽ ഈ വിവാഹം വേണ്ട. അങ്ങനെ വിവാഹം നടന്നു. പക്ഷേ ഇവർക്ക് കുട്ടികൾ ഉണ്ടായില്ല. 14 വർഷങ്ങൾക്ക് മുമ്പ് പെരിങ്ങര കാരക്കലിൽവച്ച് ഒരു സ്കൂട്ടർ അപകടത്തിൽ ജോർജ് മരണപ്പെട്ടു. ദൈവത്തോട് ചേർന്ന് നിൽക്കുവാൻ അമ്മ എന്നെ ഉപയോഗിക്കുകയാണ് എന്ന് ടീച്ചറിന് പലപ്പോഴും തോന്നാറുണ്ട്.

കാരക്കലിൽ ഏക സഹോദരൻ തങ്കച്ചനോടും (വി.എ. ഇത്താക്ക്) അദ്ദേഹത്തിന്റെ ഭാര്യയോടുമൊത്താണ് ഏലിയാമ്മയുടെ താമസം. തങ്കച്ചൻ ഭോപ്പാൽ ബി.എച്ച്.ഇ.എൽ. കമ്പനിയിലെ ജീവനക്കാരനായിരുന്നു. 20 വർഷങ്ങൾക്ക് മുമ്പ് റിട്ടയർ ചെയ്ത് നാട്ടിൽ താമസിക്കുന്നു. ഇവർക്ക് മൂന്ന് മക്കൾ.

പ്രഭാ. 11:22 ൽ ഇപ്രകാരം പറയുന്നു: ''കർത്താവിന്റെ അനുഗ്രഹമാണ് ദൈവഭക്തന്റെ സമ്മാനം''. ഒരു സ്ഥാനമാനത്തോടും ടീച്ചറിന് താല്പര്യമില്ല. സണ്ടേസ്കൂൾ എച്ച്.എം. ആകാൻ പല അവസരങ്ങളും വന്നു. എന്നേക്കാൾ വിദ്യാഭ്യാസവും കഴിവും ഉള്ളവർ ആ സ്ഥാനം വഹിക്കട്ടെ. നിശബ്ദ സേവനമാണ് തന്റെ ജീവിതവ്രതം. കുഞ്ഞുങ്ങളെ സണ്ടേസ്കൂൾ പഠിപ്പിക്കുന്നതിനുമപ്പുറം മറ്റൊരു സന്തോഷവും എന്റെ ജീവിതത്തിൽ ഇല്ല. അതിനുവേണ്ടി ഞാനെന്റെ സമയവും ആരോഗ്യവും ചെലവഴിക്കും. കുട്ടികൾ ഇല്ലാത്തതിന്റെ ഒരു ദുഃഖവും എനിക്കുണ്ടായിട്ടില്ല. ഈ കുഞ്ഞുങ്ങൾ ധാരാളം മതിയല്ലോ. കുട്ടികൾ നമ്മുടെ സഭയെ അറിഞ്ഞ് വളരണം. ആഴത്തിലുള്ള ദൈവവിശ്വാസവും, നല്ല സ്വഭാവരൂപീകരണവും, ഇതു മാത്രമാണ് ഞാൻ മതബോധനത്തിലൂടെ കുഞ്ഞുങ്ങൾക്ക് കൊടുക്കുന്നത്. അതിനുവേണ്ടി ആനുകാലിക സംഭവങ്ങളും, കഥകളും ഒക്കെ ചേർത്ത് രസകരമായ രീതിയിൽ കുട്ടികൾക്ക് മനസ്സിലാകുന്ന ഭാഷയിൽ പറഞ്ഞ് കൊടുക്കും. അതുകൊണ്ട് അവർ താല്പര്യത്തോടെയാണ് ക്ലാസിൽ ഇരിക്കുന്നത്. സഭയുടെ അടിസ്ഥാന പ്രമാണങ്ങൾ കാണാതെ പഠിപ്പിക്കും. കുട്ടികളെ തല്ലുകയോ വഴക്ക് പറയുകയോ ചെയ്യാറില്ല. അല്ലാതെ അവരെ അനുസരിപ്പിക്കാൻ പറ്റും. തിരുവല്ല വൈദികജില്ലയിൽപ്പെട്ട പെരിങ്ങര ഇടവക സണ്ടേസ്കൂൾ പഠനനിലവാരത്തിലും, കലോത്സവത്തിലും എപ്പോഴും മുൻപന്തിയിലാണ്.

ഇടവകയിൽനിന്നുള്ള ആദ്യത്തെ വനിത കമ്മറ്റി മെമ്പർ കൂടിയാണ് ഏലിയാമ്മ ജോർജ്. കൂടാതെ കുടുംബ കൂട്ടായ്മ സെക്രട്ടറിയായും ലീജിയൻ ഓഫ് മേരിയിലും പ്രവർത്തിക്കുന്നു. 2009 ൽ മതബോധനരംഗത്ത് 25 വർഷം പൂർത്തിയാക്കിയ അദ്ധ്യാപകർക്ക് അതിഭദ്രാസനാദ്ധ്യക്ഷൻ അഭി. കൂറിലോസ് പിതാവ് നൽകിയ പുരസ്കാരം ഒരു നിധി പോലെ ടീച്ചർ ഇപ്പോഴും സൂക്ഷിക്കുന്നു. അഭി. തോമസ് മാർ കൂറിലോസ് പിതാവ് മെത്രാനാകുന്നതിന് മുമ്പ് ഈ ഇടവകയുടെ വികാരിയായിരുന്നു. ടീച്ചർ ഇന്നും അത് ഓർക്കുന്നു. വികാരിയായി നിയോഗിതനായശേഷം അദ്ദേഹം, ആദ്യം വന്നയുടനെ പള്ളി പരിസരം വീക്ഷിച്ച് പള്ളിക്ക് ചുറ്റും നടക്കുകയുണ്ടായി. പുതിയ വികാരിയച്ചനെ കണ്ടപ്പോൾ അമ്മ മകളുടെ ചെവിയിൽ അടക്കം പറഞ്ഞു. ''മോള് നോക്കിക്കോ, ഈ അച്ചൻ അധിക കാലമൊന്നും ഇവിടിരിക്കില്ല. ഒരു മെത്രാനാകാനുള്ള എല്ലാ ലക്ഷണവും ഉണ്ട്''. അങ്ങനെതന്നെ സംഭവിച്ചു. 3 ആഴ്ച മാത്രമെ അദ്ദേഹം അവിടെ വികാരിയായിരുന്നുള്ളൂ. താമസിയാതെ തന്നെ അദ്ദേഹം ബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ടു. ഇടവകയിൽനിന്നും വൈദികരായി തീർന്ന ബഹു. തോമസ് ചമതയിലച്ചൻ, ബഹു. ആന്റണി പടിപുരക്കലച്ചൻ, കൂടാതെ വ്രതവാഗ്ദാനം സ്വീകരിച്ച ബഹു. 3 സിസ്റ്റേഴ്സിനെയും സണ്ടേസ്കൂൾ പഠിപ്പിക്കാൻ സാധിച്ചത് തന്റെ ജീവിതത്തിലെ വലിയ ഭാഗ്യമായി കാണുന്നു.

ടി.വി. പരിപാടികൾ ടീച്ചർ കാണാറേയില്ല. ആ സന്തോഷം എനിക്ക് വേണ്ട. ബൈബിൾ വായിച്ച് ധ്യാനിക്കുന്നതിലാണ് എനിക്ക് സന്തോഷവും ആനന്ദവും. ഒരു കഥ വായിക്കുന്ന അനുഭവമാണ് ബൈബിൾ വായിക്കുമ്പോൾ എനിക്കുണ്ടാകുന്നത്. വീണ്ടും വീണ്ടും വായിക്കാൻ തോന്നും. ബൈബിൾ ഇതിനോടകം 3 പ്രാവശ്യം പൂർണ്ണമായും ഏലിയാമ്മ ടീച്ചർ വായിച്ചു കഴിഞ്ഞു. നാലാമത്തേതിലേക്ക് കടന്നു കഴിഞ്ഞു. തയ്യൽജോലി വശമായതിനാൽ വീട്ടിലിരുന്ന് തുണി തയിച്ച് ജീവിതമാർഗ്ഗം കണ്ടെത്തുന്നു. ജീവിതത്തിൽ ഒന്നിനോടും പ്രത്യേകിച്ച് ആഗ്രഹങ്ങളില്ല. ആകെയുള്ളത് ദൈവത്തോടുള്ള അഭിനിവേശം മാത്രം. ജീവിതത്തിൽ ഏലിയാമ്മ ടീച്ചറിന്റെ താങ്ങും തണലും സംരക്ഷണവും അമ്മ ചിന്നമ്മ മാത്രമായിരുന്നു. അമ്മക്ക് മകൾ ജീവനായിരുന്നു. 2 മാസങ്ങൾക്കുമുമ്പ് അമ്മ മരിച്ചെങ്കിലും ഒറ്റപ്പെടലിന്റെ ദുഃഖം അറിയുന്നില്ല. കാരണം പരി. അമ്മ കൂട്ടായി കൂടെയുണ്ട്. ഇടവക വികാരി ബഹു. തോമസ് കുട്ടി പതിനെട്ടിലച്ചന് നല്ലത് മാത്രമേ ടീച്ചറിനെക്കുറിച്ച് പങ്കുവെക്കുവാനുള്ളൂ. സണ്ടേസ്കൂൾ പഠിപ്പിക്കുന്നത് ടീച്ചറിനൊരു ഉപാസനയാണ്. അത്രമാത്രം അതിനോട് അലിഞ്ഞ് ചേരുന്ന പ്രകൃതം. എളിമയും വിനയവും ആത്മാർത്ഥതയുമുള്ള ഒരു നല്ല മതാദ്ധ്യാപിക.

പരിഭവവും പരാതിയും ഒന്നും ഇല്ലാതെ തന്റെ ആയുസ്സിന്റെ നല്ല പങ്ക് മറ്റുള്ളവർക്കുവേണ്ടി ഹോമിക്കപ്പെടുമ്പോഴും നിശബ്ദതയെ ഭേദിക്കുന്ന തയ്യൽ മെഷീനിന്റെ ''ഘട, ഘട'' ശബ്ദത്തിൽ, കുനിഞ്ഞ ശിരസ്സോടെ, സ്നേഹത്തിന്റെ നൂലിഴകളെ സൂക്ഷ്മതയോടെ ചേർത്തുവച്ച് മറ്റാർക്കോവേണ്ടി നെയ്തെടുക്കുകയാണവർ വിശുദ്ധിയുള്ള വസ്ത്രങ്ങൾ......

■

# ജലപ്രളയം

പ്രൊഫ. ഡോ. ബാബു ഫിലിപ്പ്



അതിശക്തമായ മഴയിൽ, നദികളും തോടുകളും കരകവിഞ്ഞൊഴുകി. പ്രളയജലം നഗരത്തിലുമെത്തി. എല്ലാവരും അത്യാവശ്യ സാധനങ്ങൾ മാത്രം എടുത്തുകൊണ്ട്, എത്രയും വേഗം സുരക്ഷിതമായ സ്ഥാനങ്ങളിലേക്ക് മാറണം എന്ന് സർക്കാർ, മാദ്ധ്യമങ്ങളിലൂടെ ജനങ്ങളെ അറിയിച്ചു കൊണ്ടിരുന്നു. കുറേപ്പേർ സ്വന്തം വീടുകൾ വിട്ട്, സുരക്ഷിതമായ ബന്ധുവീടുകളിലേക്ക് താമസം മാറ്റി. ബാക്കിവന്നവരെ സുരക്ഷിതരായി മാറ്റാനായി ലോറികൾ റോഡിലൂടെ ഓടിക്കൊണ്ടിരുന്നു. ഒരാൾ ലോറിയിൽ കയറാൻ മടിച്ചു. അയാൾ പറഞ്ഞു, ‘‘ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു. എന്നെ ദൈവം രക്ഷിക്കും.’’




പാഞ്ഞുവന്ന വെള്ളം കയറി റോഡുകൾ എല്ലാം മുങ്ങി. രക്ഷാപ്രവർത്തകർ വലിയ വള്ളവുമായി ബാക്കിയുള്ളവരെ രക്ഷിക്കാനെത്തി. പക്ഷേ, അയാൾ മാത്രം വള്ളത്തിൽ കയറിയില്ല. വീടിന്റെ, മുകളിലെ ടെറസിൽ എത്തിയ അയാൾ, കൈകൾ ഉയരങ്ങളിലേക്ക് ഉയർത്തി, പ്രാർത്ഥിച്ചുകൊണ്ട് അവിടെത്തന്നെ നിന്നു.

വെള്ളം വീണ്ടും ഉയർന്നു. മിക്ക വീടുകളും വെള്ളത്തിനടിയിലായി. അവസാനമായി ഹെലികോപ്ടറിൽ രക്ഷാസേന പറന്നെത്തി. വീടിന്റെ മുകൾത്തട്ടിൽ നിന്ന വിശ്വാസിയെ രക്ഷിക്കുവാൻ അവർ ശ്രമിച്ചു. പക്ഷേ, അയാൾ അവരെയും പറഞ്ഞയച്ചു. പ്രാർത്ഥന തുടർന്ന അയാൾ, പൊങ്ങിവന്ന വെള്ളത്തിൽ മുങ്ങി മരിച്ചു.

സ്വർഗ്ഗത്തിലെത്തിയ അയാൾ ദൈവത്തോട് ചോദിച്ചു, ‘‘പൂർണ്ണ വിശ്വാസത്തോടെ അങ്ങയെ കാത്തിരുന്ന എന്നെ എന്തുകൊണ്ടാണ് അങ്ങ് രക്ഷിക്കാതിരുന്നത്?’’ ദൈവം അയാളോട് പറഞ്ഞു, മകനേ, ഞാൻ പല പ്രാവശ്യം നിന്നെ രക്ഷിക്കാൻ വന്നിരുന്നു; ‘‘പക്ഷേ നീ എന്റെ ക്ഷണം സ്വീകരിച്ചില്ല.’’ മാധ്യമങ്ങളും ലോറിയും വള്ളവും ഹെലികോപ്ടറും അയാളെ രക്ഷിക്കാൻ വന്നത്, ദൈവപരിപാലനയാൽ ആണെന്ന് അപ്പോൾ അയാൾ മനസ്സിലാക്കി. ദൈവത്തിന്റെ വഴികൾ വിസ്മയകരമാണ്. ‘‘കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത് – നിങ്ങൾക്ക് ശുഭമായ ഭാവിയും പ്രത്യാശയും നല്കുന്ന പദ്ധതി (ജറ. 29: 11).


# പേപ്പട്ടി കടിച്ച സ്ത്രീ

1885ൽ, ലൂയി പാസ്റ്റർ എന്ന ശാസ്ത്രജ്ഞൻ പേവിഷബാധ പ്രതിരോധിക്കുവാനുള്ള മരുന്ന് (RABIES VACCINE) കണ്ടുപിടിക്കുന്നതിനുമുമ്പ്, പേപ്പട്ടിയുടെ കടി കിട്ടുന്നവരിൽ മിക്കവരും പേവിഷം ബാധിച്ചു മരിക്കുക സാധാരണമായിരുന്നു. അക്കാലത്ത് ജീവിച്ചിരുന്ന സമ്പന്നയായ ഒരു സ്ത്രീയെ ഒരു പേപ്പട്ടി കടിച്ചു. പെട്ടെന്ന് അവർ അവരുടെ വക്കീലിനെ അടുത്തേക്ക് വിളിച്ചു. അവർ പല പേരുകൾ പറയുകയും വക്കീൽ അവ ക്രമമായി ഒരു പേപ്പറിൽ എഴുതുകയും ചെയ്തു. സംഭവം കണ്ടണ്ടആളുകൾ വിചാരിച്ചു, ധനികയായ ആ സ്ത്രീ, മരണശേഷം സ്വന്തം സ്വത്ത് പങ്കു വയ്ക്കുവാനുള്ള വില്പ്പത്രം തയ്യാറാക്കുകയാണ് എന്ന്. അവരുടെ വീട്ടുകാരും കൂട്ടുകാരും നാട്ടുകാരും അവരുടെ സ്വത്തിന്റെ ഒരു ഭാഗം ലഭിക്കുമെന്ന ശുഭപ്രതീക്ഷയിൽ കാത്തുനിന്നു. കുറേ പേരുകൾ എഴുതിക്കഴിഞ്ഞപ്പോൾ വക്കീൽ ഒരു സംശയം ചോദിച്ചു, ‘‘ഇവർക്കൊക്കെ നല്കേണ്ടണ്ടസ്വത്തിന്റെ ഭാഗം കൂടിവിശദമായി എഴുതണ്ടേ?’’ മറുപടിയായി ആ സ്ത്രീ പറഞ്ഞു, ‘‘സമ്പത്ത് വിഭജിക്കാനൊന്നുമല്ല ഞാൻ ഈ പേരുകൾ എഴുതിച്ചത്. എന്നെപേവിഷം ബാധിക്കുകയാണെങ്കിൽ എനിക്ക് ഓടി നടന്നു കടിക്കുവാനുള്ള എന്റെ ശത്രുക്കളുടെ ലിസ്റ്റ് ആണിത്. അങ്ങനെ അവരും എന്നെപ്പോലെ പേപിടിച്ച് മരിക്കട്ടെ.’’

ശത്രുക്കളോടുള്ള ദേഷ്യവും പ്രതികാരത്തിനുള്ള ആവേശവും പലരിലും ഉണ്ട്. എന്നാൽ യേശുക്രിസ്തു പഠിപ്പിച്ചത് ശത്രുക്കളെപ്പോലും സ്നേഹിക്കാനാണ് : ‘‘ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ ദ്വേഷിക്കുന്നവർക്ക് നന്മ ചെയ്യുവിൻ’’ (ലൂക്കാ 6: 27). ■



# വചനം മാംസമായി



സെബാസ്റ്റ്യൻ തൈശ്ശേരി
തിരുവനന്തപുരം

ആദ്യമുണ്ടായതാര്, മഹാശൂന്യതയുടെ
ഉദരഫലമായി; കാലമോ നാദംതാനോ?
ആരുമാകട്ടെ യുക്തിബോധമേ മാറിപ്പോകൂ
വരുന്നെല്ലാറ്റിനും വൃദ്ധിക്ഷയാവസ്ഥകൾ
ന്യായവാദമേ നിന്റെ കറുത്ത ചിറകുകൾ
മടക്കിയിരുളിന്റെ ലോകങ്ങൾ തേടിപ്പോകൂ
ആഴിയെയൊരു നാഴിയ്ക്കുള്ളിലായ് നിറയ്ക്കുവാൻ
പാഴ്‌വേല ചെയ്യുന്നവൻ ഭോഷനാണറിയുക
ആദിമദ്ധ്യാന്തമില്ല; ശൂന്യത നീണ്ടാൾ നീണ്ടു
സ്ഫോടനം ഭവിച്ചപ്പോൾ നാദം മാംസമായ്ത്തീർന്നു
നാദം സ്വയംഭൂവല്ലോ, അവൻ വചനംതന്നെ
സമസ്തം ഭവിച്ചതും അവനിൽകൂടെത്തന്നെ
വചനം പ്രകാശമായ്, വെട്ടത്തിനിടമില്ല
വസിക്കാൻ വിളക്കുണ്ടോ? തേടിയെത്രയോ യുഗം
“അല്ലയോ മഹോന്നതാ, ഈ ദാസിയെളിയവൾ
നിന്റെ വാക്കെന്നിൽ സത്യം സത്യമായ് ഭവിക്കട്ടെ”
യൂദയാരാജ്യത്തിലെ ബത്‌ലഹേം പുൽത്തൊട്ടിയിൽ
ലോകത്തിൻ വെളിച്ചമായ് ജനിച്ചു കർത്താവേശു

## 1-ാം ചരമവാർഷികം



**സാമുവേൽ സണ്ണി**
അമ്പലത്തിങ്കൽ, മുളകരമേട്

ജനനം : 12-10-1961
മരണം : 20-12-2018


*1 st Happy Birthday*





# MAR IVANIOS INTERNATIONAL SCHOOL

Managed by, **Malankara Catholic Educational Society, Diocese of Mavelikara**







*Committed for an Excellent Education*

Our Highlights

- CBSE Syllabus
- Efficient Faculty
- Value Based Education
- Serene Atmosphere
- Digital Class Rooms
- Homely Atmosphere
- Transportation Facility






**REGISTRATION & ADMISSION STARTED TO**

**PLAY SCHOOL & KG SCHOOL**

**Puliyoor P.O., Chengannur, Alappuzha Dist. Kerala - 689 510**

Contact: **9447 359 492, 9847 444 782, 9447 319 751**

marivaniosinternationalschool@gmail.com



# പ്രബോധനങ്ങൾ... ഡിസംബർ

**ഡിസംബർ 01 ഞായർ**

വി. ലൂക്കാ 1:39-56 - വി. ദൈവമാതാവ് എലിസബത്തിനെ സന്ദർശിക്കുന്നു

**റവ. ഫാ. ജോൺ പടിപ്പുര**

ഈ ആഴ്ചയിൽ സഭ നമ്മുടെ വിചിന്തനത്തിനായി തന്നിരിക്കുന്ന വചനഭാഗമായ പരിശുദ്ധ മറിയത്തിന്റെ സ്തോത്രഗീതത്തിൽ ദൈവസാന്നിധ്യവും പരിശുദ്ധാത്മാവിന്റെ പ്രവർത്തനവുംമൂലം മനുഷ്യജീവിതത്തിലുണ്ടാകുന്ന മൂന്നുതരം മാറ്റങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു.

1. മനുഷ്യഹൃദയങ്ങളിലുണ്ടാകുന്ന മാറ്റം
2. മനുഷ്യബന്ധങ്ങളിലുണ്ടാകുന്ന മാറ്റം
3. സാമ്പത്തിക വ്യവസ്ഥിതിയിൽ ഉളവാകുന്ന മാറ്റം

**1. മനുഷ്യഹൃദയങ്ങളിലുണ്ടാകുന്ന മാറ്റം**

പഴയനിയമകാലംമുതൽ പരിശുദ്ധ വചനം നമ്മെ പഠിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം മനുഷ്യ ഹൃദയത്തിലുളവാകേണ്ട മാറ്റത്തെക്കുറിച്ചാണ്. ''അവർക്കു ഞാൻ ഒരു പുതിയ ഹൃദയം നൽകും. ഒരു പുതിയ ചൈതന്യം അവരിൽ ഞാൻ നിക്ഷേപിക്കും. അവരുടെ ശരീരത്തിൽനിന്ന് ശിലാഹൃദയം എടുത്തുമാറ്റി ഒരു മാംസള ഹൃദയം ഞാൻ കൊടുക്കും'' (എസക്കിയേൽ 11:19). വി. മത്തായിശ്ലീഹാ എഴുതിയ സുവിശേഷം 15-ാം അദ്ധ്യായത്തിൽ യേശുതമ്പുരാൻ കൃത്യമായി പറയുന്നു, ഒരുവനെ ശുദ്ധനോ അശുദ്ധനോ ആക്കുന്നത് അവന്റെ ഹൃദയത്തിൽനിന്നുരുവാകുന്നതാണെന്ന്. ഈ സുവിശേഷഭാഗത്ത് ആത്മാവിൽ നിറഞ്ഞ പരിശുദ്ധ മറിയം പ്രഘോഷിക്കുന്ന കാര്യവും ഇതു തന്നെ. ''ഹൃദയ വിചാരത്തിൽ അഹങ്കരിക്കുന്നവരെ ദൈവം ചിതറിക്കും. എളിയവരെ ഉയർത്തുകയും ചെയ്യും''. ദൈവത്തിന്റെ രക്ഷാകരമായ കടന്നുവരവ് അനുഭവപ്പെടുന്ന മനുഷ്യൻ അഹന്ത വെടിയുകയും ഹൃദയത്തിൽ എളിമയുള്ളവനാകുകയും ചെയ്യുന്നു. ഈ ഹൃദയ പരിവർത്തനമാണ് മനുഷ്യന് ഇന്നാവശ്യം. ഏശയ്യാ പ്രവചനം 2 ന്റെ 12 ൽ പറയുന്നു: കർത്താവിന് ഒരു ദിനമുണ്ട്. അഹന്തയും ഉന്നത ഭാവവുമുള്ള എല്ലാറ്റിനും എതിരായ ഒരു ദിനം.

**2. മനുഷ്യബന്ധങ്ങളെ സ്നേഹം നിർണ്ണായകമായി സ്വാധീനിക്കുന്ന മാറ്റം**

ദൈവസാന്നിധ്യം ജീവിതത്തിൽ തിരിച്ചറിയുമ്പോൾ മനുഷ്യൻ വിനീതനാകുന്നു. സാധാരണ ഗതിയിൽ അധികാരത്തിലിരിക്കുന്നവർ ശക്തികൊണ്ട് നിയന്ത്രിക്കുന്നു. എന്നാൽ ഹൃദയത്തിൽ എളിമയുള്ളവർ സിംഹാസനത്തിൽ ആസനസ്ഥരാകുമ്പോൾ ആ സമൂഹത്തിൽ മനുഷ്യബന്ധങ്ങൾ സ്നേഹത്താൽ നിയന്ത്രിക്കപ്പെടുന്നു. ദൈവത്തിന്റെ അമ്മയാകുവാനുള്ള കൃപ ലഭിച്ചവൾ തന്റെ ഇളയമ്മയായ എലിസബത്തിനെ സന്ദർശിക്കുക മാത്രമല്ല മൂന്നുമാസം അവളെ ശുശ്രൂഷിക്കുകയും ചെയ്തു. ഇങ്ങനെ സ്വയം എളിമപ്പെടുന്നവരുടെ സാന്നിധ്യംതന്നെ മറ്റുള്ളവർക്ക് തങ്ങളുടെ ജീവിതത്തിൽ ദൈവാനുഭവത്തിന് കാരണമാകുന്നു. മറിയത്തിന്റെ സാന്നിധ്യം എലിസബത്തിനെയും അവളുടെ ഉദരത്തിൽ ഉണ്ടായിരുന്ന യോഹന്നാനെയും ആത്മാവുകൊണ്ട് നിറച്ചു. അഹങ്കാരം മനുഷ്യനെ നശിപ്പിച്ചുകളയും. എളിമ മനുഷ്യനെ ഉയർത്തുകയും ചെയ്യും. സ്ത്രീകളിൽനിന്നു ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവനായി ആരുമില്ല എന്ന് യേശുനാഥൻ പ്രഖ്യാപിച്ച വചനം നാം ധ്യാനിക്കുമ്പോൾ, നീ പ്രവാചകനാണോ എന്ന് ചോദിച്ച് തന്റെ അടുത്തേക്ക് കടന്നുവന്നവരോട് ''എന്റെ പിന്നാലെ കടന്നുവരുന്നവന്റെ ശബ്ദം മാത്രമാണ് ഞാൻ എന്ന് പറഞ്ഞ് വിനീതനാകുന്ന സ്നാപകന്റെ മുഖം കൂടി ഓർക്കേണ്ടതുണ്ട്. ജറമിയ പ്രവചനം 9:23 ൽ നാം വായിക്കുന്നു: ''കർത്താവ് അരുളിച്ചെയ്യുന്നു: ജ്ഞാനി തന്റെ ജ്ഞാനത്തിൽ അഹങ്കരിക്കാതിരിക്കട്ടെ. ബലവാൻ തന്റെ ബലത്തിൽ പ്രശംസിക്കാതിരിക്കട്ടെ. സമ്പന്നൻ തന്റെ സമ്പത്തിന്റെ വലിപ്പം ഭാവിക്കാതിരിക്കട്ടെ. പ്രശംസിക്കുന്നവൻ, ഞാൻ ഭൂമിയിൽ ന്യായവും നീതിയും പുലർത്തുന്ന കർത്താവാണെന്ന അറിവിൽ പ്രശംസിക്കട്ടെ. ഇതിലാണ് ഞാൻ ആനന്ദിക്കുന്നതെന്ന് കർത്താവ് അരുൾചെയ്യുന്നു.

**3. സാമ്പത്തിക വ്യവസ്ഥിതിയിൽ കൂട്ടായ്മാനുഭവം വരുത്തുന്ന മാറ്റം**

മനുഷ്യൻ പരസ്പരം സ്നേഹിക്കുമ്പോൾ ഉള്ളത് ആവശ്യക്കാരനുമായി പങ്കുവയ്ക്കാനുള്ള മനോഭാവം ഉളവാകും. ഇപ്രകാരം

മനുഷ്യജീവിതത്തിലും മനുഷ്യസമൂഹത്തിലും സാമ്പത്തിക വ്യവസ്ഥിതിയിലും വിപ്ലവകരമായ മാറ്റം വരുത്തുന്ന ഒരനുഭവമാണ് ദൈവത്തിന്റെ രക്ഷയുടെ അനുഭവം. ആദിമ ക്രൈസ്തവസമൂഹത്തെക്കുറിച്ച് അപ്പസ്തോല പ്രവർത്തനങ്ങളിൽ നാം ഇപ്രകാരം വായിക്കുന്നു: ''അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുക്കളും വിറ്റ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു'' (അപ്പ. പ്ര. 2:45). ദൈവാനുഭവം ലഭിച്ചവന്റെ ലക്ഷണങ്ങളിലൊന്ന്, അവൻ സഹോദരങ്ങളിലേക്കിറങ്ങി ചെല്ലുന്നു എന്നതാണ്. കാനായിലെ കല്യാണവിരുന്നും, യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം പരിശുദ്ധാത്മാവിന്റെ ആവസിപ്പിനുവേണ്ടി ശിഷ്യൻമാരെ കൂട്ടിയിരുത്തി പ്രാർത്ഥിക്കുന്ന മറിയത്തിന്റെ ചിത്രവുമൊക്കെ നമുക്ക് പറഞ്ഞുതരുന്നത് ഈ സത്യമാണ്. സുവിശേഷത്തിലൂടെ യേശുതമ്പുരാൻതന്നെ പറയുന്നുണ്ട്: ''എന്റെ ഏറ്റവും എളിയ ഈ സഹോദരനു ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തുതന്നത് എന്ന് (മത്തായി 25:40)

ആദിയിൽ വചനമായി പിതാവിനോടു കൂടി ആയിരുന്ന വചനം, മാംസം ധരിച്ച് നമ്മിലേക്കു കടന്നു വരുന്ന വചനിപ്പുകാലഘട്ടത്തിൽ ''ആകാശവും ഭൂമിയും മാറ്റപ്പെട്ടാലും മാറ്റമില്ലാത്ത ദൈവവചനം'' (മത്തായി 24:35) നമ്മുടെ ഹൃദയങ്ങളിലും വ്യക്തിബന്ധങ്ങളിലും കടന്നുവന്ന് ഒരു നവീകരണത്തിലേക്ക് നയിക്കപ്പെടുവാൻ നമുക്ക് പ്രാർത്ഥിക്കാം. വി. പൗലോസ് ശ്ലീഹായുടെ വചനം നമുക്ക് ഒരിക്കൽകൂടി ഓർത്തെടുക്കാം. ''ദൈവത്തിന്റെ വചനം സജീവവും ഊർജസ്വലവുമാണ്. ഇരുതലവാളിനെക്കാൾ മൂർച്ചയേറിയതും ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിച്ചറിയുന്നതുമാണ്''.

**ഡിസംബർ 08 ഞായർ**

വി. ലൂക്കോ 1:57-66 - യോഹന്നാൻ മാംദാനയുടെ ജനനം

### അവന്റെ പേര്? യോഹന്നാൻ

**റവ. ഫാ. ഏബ്രഹാം നടുവിലേടം**

അനേകം ശിശുക്കളുടെ ജനനവാർത്ത അറിയിക്കുന്ന ഗ്രന്ഥമാണ് പഴയനിയമം. എന്നാൽ രണ്ടുപേരുടെ മാത്രം ജനനവാർത്തയേ പുതിയനിയമത്തിലുള്ളൂ. അതിലൊന്നാണ് യോഹന്നാൻ മാംദാനയുടെ ജനനം. ഈ പ്രപഞ്ചത്തിലെ മഹാത്ഭുതങ്ങളിലൊന്നാണ് ഒരു ശിശുവിന്റെ ജനനം. അത്ഭുതം മാത്രമല്ല അനന്തസാദ്ധ്യതകളുടെ നിയോഗവും പേറിയാണ് ഓരോ മനുഷ്യശിശുവും ജന്മമെടുക്കുന്നത്. അതുകൊണ്ടുതന്നെ അത് സന്തോഷവാർത്തയുമാണ്. ശിശുവിനെയും അമ്മയെയും കാണാൻ ഇടയന്മാർ മാത്രമല്ല ജ്ഞാനികൾപോലും എത്തും (മത്താ. 2:11; ലൂക്കോസ് 2:16). കുടുംബജീവിതത്തിൽ, ഒരു കുഞ്ഞു ജനിക്കയില്ലെന്ന തിരിച്ചറിവാകട്ടെ ഏറ്റവും മനോവേദന ഉളവാക്കുന്നതും.

ദൈവം അയച്ച ഒരു മനുഷ്യനുണ്ടായിരുന്നു; അവന്റെ പേര് യോഹന്നാൻ എന്നാണ് (യോഹ. 1:6; ലൂക്കോ 1:63). യോഹന്നാൻ എന്ന പേരിന്റെ വാച്യാർത്ഥം ദൈവം കരുണ ചെയ്തു എന്നാണ്. മാതാപിതാക്കന്മാർ ആചാരവിരുദ്ധമായി ഒരേ സ്വരത്തിൽ ഈ പേര് നിർദ്ദേശിച്ചത് ശ്രോതാക്കൾക്ക് അത്ഭുതമായി. ദൈവകരുണ ഏറ്റുപറഞ്ഞപ്പോൾ വീണ്ടുമൊരത്ഭുതം. 10 മാസമായി മൗനബന്ധിതമായിരുന്ന സഖറിയായുടെ നാവിന്റെ കെട്ടുകളഴിഞ്ഞു! ഇനി പ്രസവിക്കയില്ലെന്നുറപ്പിച്ച എലിസബേത്ത് പ്രസവിച്ചപ്പോൾ ഇനി സംസാരിക്കയില്ലെന്നു എല്ലാവരും കരുതിയ സഖറിയ ദൈവസ്തുതിയുടെയും കരുണയുടെയും മധുരവാണി പൊഴിച്ചു. തുടർന്നു നടത്തിയ പ്രവചനവും സുവിശേഷഭാഷണവും മധുരതരമായിരുന്നു.

ഒരു സ്ത്രീ കന്യകയോ, വൃദ്ധയോ, വന്ധ്യയോ ആകട്ടെ അവളിൽ ഒരു പൈതലിനു ജന്മമേകാൻ അപരിമേയനായ ദൈവത്തിനു മാത്രമേ കഴിയൂ. പുരുഷബന്ധം കൂടാതെ കന്യകയെ ഗർഭം ധരിപ്പിക്കാനും അവനു കഴിയും (Parthenogenesis). അണുവിൽനിന്നു പോലും സൃഷ്ടി നടത്താൻ കഴിയുന്നവൻ! മണ്ണിൽനിന്നു മനുഷ്യനെ സൃഷ്ടിക്കാനും മറ്റാർക്കാണു കഴിയുക? (ഉല്പത്തി 2:7). ഏറിയാൽ 'മാദം തുസാദ് മ്യൂസിയ'ത്തിൽ ഒറിജിനലിനെ വെല്ലുന്ന മെഴുകുപ്രതിമകളുണ്ടാക്കാനായേക്കും. കല്ലുകളിൽനിന്നു അപ്പമുണ്ടാക്കാനും (മത്തായി 4:3), ഈ കല്ലുകളിൽനിന്നു സന്തതിയെ ജനിപ്പിക്കുവാനും ദൈവത്തിനു കഴിയും. ശാസ്ത്രം ഏറെ വളർന്നു എന്നത് ശരിതന്നെ. എന്നാൽ സ്വയമേ ജീവൻ നല്കാൻ കഴിയാത്ത മനുഷ്യന് എത്ര ജീവനെയും നശിപ്പിക്കാൻ നല്ല പാടവമാണ്. ജീവന്റെ വളർച്ചയും തളർച്ചയും, യൗവ്വനവും വാർദ്ധക്യവുമെല്ലാം ദൈവകരുണയെ ആശ്രയിച്ചിരിക്കുന്നു. ഓരോ ജീവനും ദൈവത്തിന്റെ കരുണ അഥവാ ഔദാര്യമാണെങ്കിൽ അതു നിഷേധിച്ച് എത്രകാലം നമുക്കു മുന്നോട്ടു പോകാനാകും? സുവിശേഷത്തിന്റെ ആരംഭത്തിൽതന്നെ സുവിശേഷകൻ ഇത് പറയുന്നതിനാൽ വി. ലൂക്കോസിന്റെ സുവിശേഷത്തിന്റെ ''ബീജകോശം'' തന്നെയാണ് ഈ ചിന്ത. അതായത് സുവിശേഷമെന്നാൽ എന്താണെന്നുള്ളതിന്റെ സൂചന നല്കുന്നു.

മാംദാനയുടെ ജീവിതനിയോഗത്തെപ്പറ്റി 2

കാര്യങ്ങൾ യോഹന്നാൻ പങ്കുവെയ്ക്കുന്നു: (1) വെളിച്ചത്തിന് സാക്ഷ്യം നൽകാൻ (2) അവൻ വഴി എല്ലാവരും വിശ്വസിക്കാൻ (യോഹ. 1:7). മനുഷ്യശിശുവിന്റെ ജന്മവും ജീവിതവും കേവലം ആകസ്മികമല്ല പ്രത്യുത നിയോഗമാണ്. നിയോഗം കൂടാതെ മനുഷ്യന് ദൈവം ജന്മം നൽകാറില്ല. നിയോഗം തിരിച്ചറിയുന്നവർ ഏറെയില്ലെന്നുള്ളത് ശരിയാണ്. രക്ഷകന്റെ നിയോഗവും അവന് സാക്ഷ്യം നല്കിയ മാംദാനയുടെ നിയോഗവും വ്യതിരിക്തമാണ്. മാർത്തോമ്മായുടെ നിയോഗമായിരുന്നില്ല ''അകാല പ്രജ''യെന്ന് സ്വയം വിശേഷിപ്പിക്കുന്ന വി. പൗലോസിന്റെ നിയോഗം. പുരുഷന്റെ നിയോഗമല്ല ഒരു സ്ത്രീയുടെ നിയോഗം. സൂര്യന്റെ നിയോഗം വേറെ, ചന്ദ്രന്റെ നിയോഗം വേറെ.

വന്ധ്യക്കു വസതിയും മക്കളെയും നല്കി സന്തുഷ്ടമാക്കുന്ന കരുണയുള്ള ദൈവത്തെ സങ്കീർത്തകൻ സ്തുതിക്കുന്നു (സങ്കീ. 113:9). വാർത്ത കേട്ടവരും അത് സ്ഥിരീകരിച്ചു. തന്റെ കഴിവുകൊണ്ടാണ് ശിശുക്കളെ ജനിപ്പിക്കുന്നതെന്ന മൗഢ്യം ദമ്പതിമാർ പുലർത്താതിരിക്കട്ടെ. എന്നാൽ അവരുടെ അതിബുദ്ധികൊണ്ട് അനേകം 'യോഹന്നാന്മാർ' - ക്രിസ്തുസാക്ഷികൾ - പിറക്കാതെ പോകുന്നു എന്നത് യാഥാർത്ഥ്യമാണ്. കേഴുക പ്രിയനാടേ, മാനവ കുലമേ.

ആത്തോൾ ഗർഭിണിയായാൽ ഭർത്താവ് ഗർഭദീക്ഷ എടുക്കുന്ന പാരമ്പര്യം ബ്രാഹ്മണർക്കിടയിലുണ്ടായിരുന്നു. കാണികൾക്കൊരടയാളം; സ്വയം ഈശ്വരസേവയിൽ മുഴുകാനൊരവസരം - ദശമാസക്കാലം ഭാര്യയോടൊപ്പം വ്രതകാലം. വ്രതശുദ്ധി പാലിക്കുന്ന കാലം. അർത്ഥപൂർണ്ണമായ ഒരാചാരമായിരുന്നു അത്. അതുപോലെ മൗനധ്യാനങ്ങളിൽ സഖറിയ പുരോഹിതൻ മുഴുകിയ പത്തു മാസക്കാലം. ഇങ്ങനെ ദമ്പതികൾ ഒരുങ്ങിയാൽ ദൈവഭയമുള്ള, പ്രവാചകധീരതയുള്ള, സത്യത്തിനു സാക്ഷ്യം വഹിക്കുന്ന, നീതിക്കുവേണ്ടി നിലകൊള്ളുന്ന, അധർമ്മത്തിനെതിരെ ഗർജ്ജിക്കുന്ന മക്കൾ ഉണ്ടാകുമായിരുന്നു. ഗർഭകാലം ആകുലതയിൽ കഴിയുന്ന അമ്മമാർ ജന്മം നല്കുന്നത് ലോലരായ ശിശുക്കൾക്കായിരിക്കും. ദമ്പതിമാർ ജാഗ്രതൈ.

ദൈവം ചെയ്ത കരുണയെ (യോഹന്നാൻ) സ്തുതിക്കുന്നതിനും അവരുടെ സന്തോഷത്തിൽ പങ്കുചേരുന്നതിനും അയല്ക്കാരും നാട്ടുകാരും ഒത്തു ചേർന്നു. ഈ സ്നേഹസമൂഹ സൃഷ്ടിയത്രേ സുവിശേഷത്തിന്റെ ലക്ഷ്യം. സുവിശേഷമെന്നാൽ സന്തോഷം പ്രദാനം ചെയ്യുകയാണ്. ഈ ശിശു ആരായിത്തീരും? (ലൂക്കോ 1:66). ഒരു ശിശു ആരായിത്തീരുമെന്നോ ആരായിത്തീരുകയില്ലെന്നോ നിശ്ചയിക്കുന്നത് ദൈവമാണ്. എന്നാൽ അത് കേവലം 'തലേവര' (Predestination) അല്ലതാനും. സ്വതന്ത്രബുദ്ധി നല്കിയിരിക്കുന്നതിനാൽ അത് വ്യക്തിയുടെ തെരഞ്ഞെടുപ്പുകൂടിയാണ്. സൃഷ്ടാവിനെ തിരിച്ചറിഞ്ഞ് പ്രകീർത്തിക്കാനും തിരസ്ക്കരിച്ച് അധമസഞ്ചാരം ചെയ്യാനുമുള്ള സ്വാതന്ത്ര്യമില്ലായിരുന്നെങ്കിൽ മനുഷ്യൻ കേവലം അടിമയായി അധഃപ്പതിക്കുമായിരുന്നു; സൃഷ്ടിയുടെ മകുടമണിയാൻ അവന് കഴിയാതെ പോകുമായിരുന്നു (സങ്കീ. 8:5). ഓരോ മനുഷ്യന്റെയും വളർച്ചയിലോ തളർച്ചയിലോ ചുറ്റുമുള്ളവർക്ക് അത്ഭുതപ്പെടാനേ കഴിയൂ. വിശുദ്ധനോ വിശുദ്ധയോ ആകുന്നത് ഒരു സാദ്ധ്യതയാണ്. അനന്തസാദ്ധ്യതകളുടെ കലവറയായ മനുഷ്യനെ നേർദിശയിൽ നയിക്കാൻ സമൂഹത്തിനും കുടുംബത്തോടൊപ്പം കടമയുണ്ട്. ഈ സാമൂഹിക ബാധ്യതയിൽനിന്നൊഴിയുവാൻ ആർക്കുമാവില്ല.

ശിശുപരിപാലനം ഏറെ ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. എന്റെ ശിശു ആരായിത്തീരണമെന്ന അനാവശ്യ വ്യഗ്രത പുലർത്തുന്ന മാതാപിതാക്കളാണേറെയും. ഭയത്തോടെയാണ് ശ്രദ്ധിക്കുന്നത് - ഒരേ ഒരു കുരുന്നു മാത്രമെന്ന തിരിച്ചറിവിൽ. നിലത്തു വയ്ക്കാനോ തലയിൽ വയ്ക്കാനോ ഭയമാണ്. ഒരു ദുഃഖവുമുണ്ടാകരുതെന്ന പേരിൽ എല്ലാ അനാവശ്യങ്ങളും സാധിച്ചുകൊടുക്കും. പത്താം ക്ലാസ്സ് ജയിച്ചാൽ 'ബുള്ളറ്റ്' വാങ്ങിത്തരാമെന്ന വാഗ്ദാനം! നന്നേ ചെറുപ്പത്തിലെ വിലകൂടിയ മൊബൈൽ ഫോൺ, മുറിയിൽ രാമുഴുവൻ ഇരുന്ന് കാഴ്ചകൾ കാണാൻ ഇന്റർനെറ്റ് കണക്ഷൻ! കടമെടുത്ത പണവുമായി ശരാശരിക്കാരെ ഉന്നത ബിരുദധാരികളാക്കാനുള്ള വ്യഗ്രത. ദൈവത്തിന്റെ കരം അവനോടുകൂടിയുണ്ടായിരുന്നു (ലൂക്കോ 1:66). ആർക്കുവേണം അനുഗ്രഹിക്കുന്ന, ബലം നൽകുന്ന, വലതുകൈയ്യിൽ പിടിക്കുന്ന ഈ ദൈവതൃക്കരം?. കർത്താവിന്റെ കരം അനുഗ്രഹിക്കുന്ന കരമത്രേ; ശിക്ഷണം നൽകുന്ന കരവും. ''ദൈവത്തിന്റെ ശക്തമായ കരത്തിൻ കീഴിൽ, നിങ്ങൾ താഴ്മയോടെ നില്ക്കുവിൻ. അവിടുന്നു തക്കസമയത്തു നിങ്ങളെ ഉയർത്തിക്കൊള്ളും (1 പത്രോസ് 5:6). കർത്താവിന്റെ കരം നമ്മുടെ മക്കളോടും നമ്മോടും ഒപ്പമുണ്ടാകുവാൻ നമുക്ക് ശ്രദ്ധയുള്ളവരാകാം. ഓരോ ശിശുവും വളർന്നു വരുന്നതു ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലായിരിക്കണം (ലൂക്കോ 2:52).

## ഡിസംബർ 15 ഞായർ

**വി. മത്തായി 1: 18-25 - വി. യൗസേപ്പിനുണ്ടായ ദർശനം**

**റവ. ഫാ. തോമസ് പുതിയവീട്ടിൽ**

ദൈവപുത്രനായ യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം ഏറ്റവും വലിയ രഹസ്യമാണല്ലോ. അവിവാഹിതയും, ദാവീദിന്റെ ഗോത്ര

ത്തിൽപെട്ട യൗസേപ്പെന്ന യുവാവുമായി വിവാഹത്തിന് പരസ്പരസമ്മതം നടത്തി കഴിഞ്ഞവളുമായ മറിയം അവരുടെ സഹവാസത്തിനുമുമ്പ് ഗർഭിണിയായി കാണപ്പെട്ടു. ദൈവം അയച്ച ഗബ്രിയേൽ ദൂതനാണ് അവളെപ്പറ്റിയുള്ള അതിശ്രേഷ്ഠമായ ദൈവികപദ്ധതി, ദൈവപിതാവിനോടൊപ്പം നിരന്തരം വസിക്കുന്ന പുത്രനായ ദൈവം അവളുടെ ഉദരത്തിൽവന്ന് മനുഷ്യനായി ഭൂമിയിൽ പിറക്കുമെന്ന് അവളെ അതീവരഹസ്യമായി അറിയിച്ചത്. ദൈവദൂതനോ മറിയമോ ഇതു സംബന്ധിച്ച യാതൊരു വിവരവും ജോസഫിനോട് പറഞ്ഞിരുന്നില്ല. മറിയം മാലാഖയുടെ അറിയിപ്പു കിട്ടിയശേഷം ദൈവികപദ്ധതിയുടെ തെളിവായി മറിയാമിന്റെ ചാർച്ചക്കാരിയായ ഏലിസബേത്ത് പ്രായാധിക്യത്തിലും ഗർഭിണിയായി പറഞ്ഞതു കേട്ട് അവളെ ശുശ്രൂഷിക്കുവാനായി സഖറിയായുടെ ഭവനത്തിലേക്കു പോകുന്നു. അവിടെ മൂന്നുമാസം കഴിച്ചുകൂട്ടി.

സുവിശേഷകൻ പറയുന്നതുപോലെ, യൗസേപ്പ് മറിയാമിന്റെ ഗർഭസ്ഥാവസ്ഥ മനസ്സിലാക്കിയപ്പോൾ പെട്ടെന്ന് ഒരു തീരുമാനം എടുത്തേതീരൂ എന്നായി. എന്നാൽ ദൈവതിരുമനസ്സ് അറിയാതെ നല്ലവനായ തനിക്ക് ഒന്നുംതന്നെ സാദ്ധ്യമല്ലല്ലോ? ദൈവം, നിദ്രയിലായിരുന്ന യൗസേപ്പിന്റെ പക്കലേക്ക് തന്റെ ദൂതനെ അയയ്ക്കുകയാണ്. ദൂതൻ യൗസേപ്പിനോട് പറയുന്നത്: ദാവീദിന്റെ പുത്രനായ യൗസേപ്പ് മറിയാമിനെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ട. അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽനിന്നാണ്. അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്നു പേരിടണം. അവൻ തന്റെ ജനത്തെ പാപങ്ങളിൽനിന്ന് മോചിപ്പിക്കും. തുടർന്ന് ദൂതൻ ഏശയ്യാപ്രവാചകൻവഴി ദാവീദുഗോത്രത്തിൽപെട്ട ആഹാസ് രാജാവിന് അദ്ദേഹത്തിന്റെ ജീവിതത്തിലെ ഭീകരമായ യുദ്ധാന്തരീക്ഷത്തിൽ ദൈവികമായ ഒരു സമാധാന ദൗത്യം കൊടുക്കുമ്പോൾ സമാനമായ ഒരു വാക്യമാണ് ആശ്വാസദായകമായി നല്കുന്നത്. യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും (ഏശയ്യാ 7:14). പിന്നീട് നാം കാണുന്നത് ആഹാസ്രാജാവിന്റെ ഭാര്യ യുവതി ഗർഭം ധരിച്ച് അഹസിയാ എന്ന രാജപുത്രനെ പ്രസവിക്കുന്നതായും ആ ശിശു വളർന്ന് 29 വർഷം യൂദയാരാജ്യത്തെ സമാധാനത്തിൽ നയിക്കുന്നതുമാണ്. യഥാർത്ഥത്തിലുള്ള ലോകരക്ഷകൻ മറിയാമിൽനിന്നു ജനിക്കുന്ന യേശുവാണല്ലോ?

വി. യൗസേപ്പ് സ്വപ്നത്തിലെ ദർശനമനുസരിച്ച് മറിയാമിനെ ഭാര്യയായി സ്വീകരിച്ച് അവളുടെ പുത്രന്റെ വളർത്തുപിതാവായി പിന്നീട് ശിശുവിനെ രക്ഷിക്കാൻ ഹേറോദേസിൽനിന്നും ഈജിപ്തിലേക്കും, തിരിച്ചു വരുമ്പോൾ യറുസലേമിലേക്കും പോകാതെ ഗലീലാപ്രദേശത്തേക്കും പോകുന്നതു നമ്മൾ തുടർന്നു വായിക്കുന്നുണ്ടല്ലോ. ഇവിടെ മറിയാമിനെപ്പറ്റി നമുക്കല്പം ചിന്തിക്കാം. എന്തുകൊണ്ടായിരുന്നു മറിയാം തനിക്കു ലഭിച്ച പ്രത്യേക കൃപകൾ ഭർത്താവാകാൻ നിശ്ചയിക്കപ്പെട്ടിരുന്ന യൗസേപ്പിൽനിന്നു മറച്ചു വച്ചത്. തീർച്ചയായും ദൈവികപദ്ധതിയിലുള്ള അവളുടെ വിശ്വാസംതന്നെയാണ് ഒന്നാമത്തെ കാരണം. രണ്ടാമത്തേത്, താൻ അപ്രകാരം പറഞ്ഞാൽ യൗസേപ്പ് അത് അതേപടി സ്വീകരിക്കുമോ എന്ന ചിന്തയാകാം. മറ്റുള്ളവരുടെ മുമ്പിൽ സ്വയം പ്രശോഭിതയാകാനുള്ള തന്റെ മാർഗ്ഗമായി വിമർശിക്കപ്പെടാനും സാദ്ധ്യത ഉണ്ടല്ലോ. കൃത്യമായി എല്ലാം യഥാസമയം നടത്തുന്ന ദൈവത്തിൽ അർപ്പിച്ചാൽ അവിടുന്ന് എല്ലാം സമാധാനപരമാകുമെന്ന ഉറച്ച വിശ്വാസം ഉണ്ടായിരുന്നു.

ഇനി യൗസേപ്പിന്റെ മനസ്സിനെ നമുക്കൊന്നു പഠിക്കാം. യൗസേപ്പ് എത്ര പരിശുദ്ധനായ യുവാവായിരുന്നു. മറ്റാർക്കും സാധിക്കാത്ത അസാധാരണമായ ദൈവാശ്രയം, അസാധാരണമായ മനുഷ്യസ്നേഹം, മറിയാമിനോടുള്ള കരുണ. മറിയംപോലും അറിയാതെ അവളെ സ്വതന്ത്രയായി വിട്ടയയ്ക്കുക എന്നത് വി. യൗസേപ്പിനെ ദൈവം വളരെ ശ്രേഷ്ഠമായി ഉയർത്തുവാൻ കാരണമായി.

ഈ വേദപുസ്തകഭാഗം വായിച്ചശേഷം നമ്മൾ അനുദിനം കേൾക്കുകയും കാണുകയും ചെയ്യുന്ന ഭാര്യാഭർതൃബന്ധത്തെപറ്റി അല്പം ചിന്തിക്കാം. ഇന്നത്തെ മിക്ക വിവാഹങ്ങളും വധൂവരന്മാർ തമ്മിൽ ആലോചിച്ചും, മാസങ്ങളും വർഷങ്ങളും അടുത്ത് അറിഞ്ഞും ഒരുമിച്ചു കഴിഞ്ഞും ഒക്കെയാണ് നടക്കുന്നത്. പരസ്പരം വിശ്വസിക്കാനോ, മനസ്സിലാക്കാനോ ശ്രമിക്കുന്നുണ്ടോ എന്ന് സംശയിക്കാം. പരസ്പരം മനസ്സിലാക്കാൻ ശ്രദ്ധിക്കുക. സംശയങ്ങളെ വെറും സംശയങ്ങളാക്കി ഉപേക്ഷിക്കുക. അസൂയാലുക്കളായ മറ്റു വ്യക്തികളുടെ കുതന്ത്രങ്ങളിൽ പെടാതിരിക്കുക ഇവയൊക്കെ വൈവാഹിക ജീവിതത്തെ ശുദ്ധമായി സംരക്ഷിക്കും. ഒരുമിച്ചുള്ള പ്രാർത്ഥന, ഞായറാഴ്ച കുർബ്ബാന, മക്കളോടുള്ള സ്നേഹം, അവരുടെ മുമ്പിൽ രണ്ടുപേരും തമ്മിലുള്ള യോജിപ്പ്, ഒരു വാക്കുപോലും അവരുടെ മുമ്പിൽ പരസ്പരം കുറ്റകരമായി പറയാതിരിക്കുക ഒക്കെ കുടുംബങ്ങളെ, ഭാര്യാഭർതൃബന്ധത്തെ ദൃഢതരമാക്കും. കുടുംബങ്ങളുടെ മാദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പ് നമ്മുടെ കുടുംബങ്ങൾക്കും സംരക്ഷകനാകട്ടെ.

## ഡിസംബർ 22 ഞായർ

വി. ലൂക്കോസ് 2: 1–5

**റവ. ഫാ. ജിയോ പോൾ ഒ.ഐ.സി.**

യൽദാക്കാലത്തെ ആദ്യഞായർ, പേരെഴുതിപ്പാനായി സ്വന്തം ദേശത്തേക്കു പോകുന്ന ഒരു കുടുംബത്തെ വരച്ചു കാണിക്കുന്നു. വി. ലൂക്കായുടെ ആദ്യ അധ്യായം ജനന അറിയിപ്പോടെ ആരംഭിക്കുന്നു. രണ്ടാമത്തെ അദ്ധ്യായത്തിൽ അറിയിപ്പിന്റെ പൂർത്തീകരണം കാണുന്നു. അതായത് വാഗ്ദാനം ചെയ്യപ്പെടുന്നതെല്ലാം യഥാകാലം പൂർത്തീകരിക്കപ്പെടുന്നു. വരാനിരിക്കുന്ന രക്ഷകൻ ബേത്‌ലഹേമിലായിരിക്കും ഭൂജാതനാവുക എന്നത് (മിക്ക 5:2) പ്രവാചകൻ വെളിപ്പെടുത്തുന്നു. അതിനു വഴിയൊരുക്കുന്നതാണ് പേരെഴുതിപ്പാനായുള്ള അറിയിപ്പ്. ആയതിനാൽ ജീവിതത്തിൽ നടക്കുന്നതെല്ലാം ദൈവികപദ്ധതിപ്രകാരം നമ്മുടെ തിരഞ്ഞെടുപ്പിനു അനുസരണം ആയിരിക്കും എന്നു ചുരുക്കം. ഈ പശ്ചാത്തലത്തിൽനിന്നുകൊണ്ടു വേണം നാം വിചിന്തനം നടത്തുവാൻ.

**1. താന്താങ്ങളുടെ നഗരം (2:3)**

സ്വന്തമായതിനെ തേടിയുള്ള യാത്രയാണ് ബൈബിളിന്റെ ഇതിവൃത്തം. സ്വന്തം നാട്ടിലേക്കുള്ള മടക്കമാണ് പഴയനിയമ ചരിത്രം. ആദ്യയാത്ര നടത്തുന്ന അബ്രഹാം ദൈവം കാണിച്ചു തരുന്ന സ്വന്തദേശം തേടിയാണ് യാത്ര ആരംഭിക്കുക. രണ്ടാമത്തെ യാത്ര യാക്കോബിന്റെ സന്താനങ്ങൾ ഈജിപ്തിൽനിന്നും പിതാക്കന്മാർക്കു ദൈവം സ്വന്തമായി നൽകിയ അവരുടെ നാടു തേടി യാത്രയായി. വീണ്ടും വിപ്രവാസത്തിനുശേഷം എസ്രായുടേയും നെഹമിയായുടേയും നേതൃത്വത്തിൽ സ്വന്തം നാട്ടിലെത്തി ചേരുന്ന ചരിത്രമാണ് ഇസ്രായേലിന്റേത്.

സ്വന്തം നഗരത്തിലേക്കുള്ള യാത്രയാണ് നമ്മുടെ ജീവിതം. ഹെബ്രായർ 11 ൽ വി. പൗലോസ് ശ്ലീഹാ പൂർവ്വപിതാക്കന്മാരുടെ വിശ്വാസം വിവരിച്ചശേഷം, ഹെബ്രാ 11:13 ഭൂമിയിൽ പരദേശരും അന്യരുമാണ് എന്ന് വിവക്ഷിക്കുന്നത് സ്വന്തം നാട് നേടാൻ നമ്മെ ഉദ്ബോധിപ്പിക്കുന്നു. പഴയതു കടന്നു പോയി പുതിയത് ചേർക്കപ്പെട്ടു. പഴയ ആദത്തിനുവേണ്ടി പുതിയ ആദം എത്തിയത് നമ്മെ സ്വന്തം നഗരത്തിൽ കൂട്ടിച്ചേർക്കുവാണ്. സ്വന്തം നഗരം തേടി യാത്രയാകുമ്പോൾ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സുവിശേഷത്തിൽ പറയുന്നു.

**1. കൽപ്പന പാലിക്കുക**

അഗസ്റ്റസ് സീസറിൽനിന്നുള്ള (2:1) കൽപ്പന പ്രകാരമാണ് ജോസഫും മറിയവും സ്വന്തം നഗരമായ ബേത്‌ലഹേമിലേക്കു യാത്രയാകുന്നത്. ഈ പരദേശവാസത്തിൽ, സ്വന്തം നാട്ടിലേക്കുള്ള നമ്മുടെ യാത്രയിലും കൽപ്പന പാലിക്കുവാൻ നാം സന്നദ്ധരാകണം. അല്ലാത്ത പക്ഷം യാത്ര ദുസഹമാകും എന്നുള്ളതും യാഥാർഥ്യമാണ് (1 രാജ. 9:3–7).

ദൈവികപ്രമാണങ്ങളും, രാജ്യത്തിന്റെ നിയമങ്ങളും അനുസരിക്കുവാൻ നാം എത്ര മാത്രം താൽപര്യം കാണിക്കുന്നുണ്ട്? ചെറിയ കാര്യത്തിൽ വിശ്വസ്തത പാലിക്കുവാൻ നമുക്ക് കഴിയുന്നുണ്ടോ?

**2. കൂടെയുള്ളവരെ ചേർത്തു നിർത്തണം.**

ജോസഫ് ദാവീദിന്റെ വംശത്തിലും ഗോത്രത്തിലും പെട്ടവനാകയാൽ ബേത്‌ലഹേമിലേക്കു ഗർഭിണിയായ മറിയത്തോടുകൂടെ പോയി (ലൂക്ക 2:5). ഗർഭാരിഷ്ടതകൾ ഉള്ള മറിയത്തെയും കൂട്ടിയാണ് ജോസഫ് സ്വന്തം നഗരത്തിലേക്കു യാത്ര ചെയ്യുന്നത്.

ദൈവം നമുക്ക് നൽകിയ ദാനമാണീ ജീവിതം. ഈ ജീവിതത്തിൽ കൂട്ടായി നൽകിയത് അനേകരെയാണ്. ആയതിനാൽ നമ്മുടെ സ്വന്തം ദേശപ്രാപ്തിയ്ക്കായി മറ്റുള്ളവരേയും നമ്മോടുകൂടെ കൂട്ടി യാത്ര ചെയ്യണം. ഒരുപക്ഷേ അവർ രോഗി ആയിരിക്കും, ബുദ്ധിമുട്ടുകളിൽ ക്ലേശിക്കുന്നവരായിരിക്കും. ആരുതന്നെയായാലും നമുക്കു കൂട്ടായി ലഭിച്ചിരിക്കുന്നവരോടു ചേർന്നുവേണം സ്വന്ത ദേശത്തേക്കു യാത്ര ചെയ്യാൻ (മത്തായി 25:31–46). അങ്ങനെ വരുമ്പോൾ മാത്രമേ ജീവന്റെ പുസ്തകത്തിൽ എന്റെയും നിന്റെയും പേര് ചേർക്കപ്പെടുകയുള്ളു.

## ഡിസംബർ 29 ഞായർ

വി. ലൂക്കോസ് 2: 41–52 – ബാലനായ യേശു ദൈവാലയത്തിൽ

**റവ. ഫാ. വർഗീസ് തെക്കേമണ്ണിൽ**

ജറുസലേം ദൈവാലയത്തിൽ ആണ്ടുതോറും നടക്കുന്ന പെസഹാതിരുനാളിൽ സംബന്ധിക്കുന്ന യേശുവും, മാതാപിതാക്കന്മാരും; ബന്ധുക്കളും, തുടർന്നുണ്ടാകുന്ന സംഭവങ്ങളുമാണ് ഇന്നത്തെ സുവിശേഷത്തിൽ കാണുക. (പെസഹാ – കടന്നുപോകൽ)

**പഴയനിയമ പെസഹ**

യഹോവയായ ദൈവം ഇസ്രായേൽജനത്തിനുമേൽ ചൊരിഞ്ഞ അടയാളങ്ങളുടേയും അത്ഭുതങ്ങളുടേയും അനുസ്മരണം. മൂന്ന് കടന്നു പോകലുകൾ

1. ഈജിപ്തിന്റെ അടിമത്തത്തിൽനിന്ന് കനാൻദേശത്തേക്ക്

2. സംഹാരദൂതന്റെ കടന്നുപോകൽ

3. ചെങ്കടൽ കടന്നുപോകൽ

പുതിയനിയമ പെസഹ

പുതിയ ഇസ്രായേൽമക്കളായ നമ്മൾക്ക് രക്ഷ നേടി തരുവാൻ സെഹിയോൻ മാളികയിൽ തന്റെ കുരിശുമരണത്തിന് മുന്നോടിയായി ശിഷ്യന്മാരുമൊത്ത് കഴിച്ച അന്ത്യഅത്താഴവിരുന്നിന്റെ അനുസ്മരണം. (പരിശുദ്ധ കുർബാന); (മരണത്തിൽനിന്ന് ജീവനിലേക്കുള്ള കടന്ന് പോകൽ; അശുദ്ധിയിൽനിന്ന് വിശുദ്ധിയിലേക്കുള്ള കടന്ന് പോകൽ)

മതപരമായ ആചാരാനുഷ്ഠാനങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ജീവിതമാണ് യേശുവിന്റെ മാതാപിതാക്കന്മാർ നയിച്ചിരുന്നത്. ഈ പ്രത്യേകമായ രൂപീകരണത്തിലാണ് യേശുതമ്പുരാനും വളർന്ന് വരുക. (യേശു ജനിച്ച് 8 ദിവസങ്ങൾക്കുശേഷം പരിച്ഛേദനശുശ്രൂഷയ്ക്കായി ദൈവാലയത്തിൽ സമർപ്പിക്കുന്നു - ലൂക്കോസ് 2:21-24). ദൈവാലയത്തിലെ ശുശ്രൂഷകൾക്ക് വളരെയേറെ പ്രാധാന്യമുണ്ട്. അതുകൊണ്ടുതന്നെ അതിൽ സംബന്ധിക്കുന്നവർക്ക് വളരെയേറെ അനുഗ്രഹങ്ങളാണ് കൈവരുന്നത്. ഉദാ: കൂനിയായ സ്ത്രീ (ലൂക്കോസ് 13:10-17). കൂനിയായ സ്ത്രീ തനിക്ക് സൗഖ്യം ആവശ്യപ്പെടുന്നില്ല. ആരും അവൾക്കുവേണ്ടി യേശുവിനെ സമീപിക്കുന്നുമില്ല. സാബത്തുദിവസം സിനഗോഗിലെ പ്രാർത്ഥനാശുശ്രൂഷകളിൽ സംബന്ധിച്ചുകൊണ്ടിരുന്ന ഈ സ്ത്രീയെ കണ്ടപ്പോൾ യേശു അവളെ തന്റെ അരികിലേക്ക് വിളിച്ച് സൗഖ്യം നൽകുകയാണ്. ഈ സ്ത്രീ സിനഗോഗിൽ പോകാതെയിരുന്നെങ്കിൽ ഒരിക്കലും സൗഖ്യം ലഭിക്കുമായിരുന്നില്ല.

യേശുതമ്പുരാൻ പലപ്പോഴും യഹൂദ ഫരിസേയന്മാരെ വിമർശിച്ചിരുന്നത് അവരുടെ ആചാരാനുഷ്ഠാനങ്ങളെയല്ല; അവരുടെ സമീപനങ്ങളേയും മനോഭാവങ്ങളേയും, അവരുടെ പ്രവർത്തന ശൈലികളേയുമാണ്. മത്തായി 23: 25-26 ''കപടനാട്യക്കാരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്ക് ദുരിതം! നിങ്ങൾ പാനപാത്രത്തിന്റെയും ഭക്ഷണപാത്രത്തിന്റെയും പുറം വെടിപ്പാക്കുന്നു; എന്നാൽ അവയുടെ ഉള്ള് കവർച്ചയും ആർത്തിയുംകൊണ്ട് നിറഞ്ഞിരിക്കുന്നു. അന്ധനായ ഫരിസേയാ, പാനപാത്രത്തിന്റെയും ഭക്ഷണപാത്രത്തിന്റെയും പുറംകൂടി ശുദ്ധിയാകാൻവേണ്ടി ആദ്യമേ അകം ശുദ്ധിയാക്കുക. ആന്തരികമായ പരിശുദ്ധിയേക്കാളധികമായി ബാഹ്യമായ തലങ്ങൾക്ക് അമിതമായ പ്രാധാന്യം കൊടുത്തത് കൊണ്ടാണല്ലോ യേശുതമ്പുരാൻ യഹൂദ ഫരിസേയന്മാരെ വിമർശിക്കുക. ബാഹ്യമായ ആചാരാനുഷ്ഠാനങ്ങൾ ഉള്ളിലുള്ള വിശ്വാസത്തിന്റെ അടയാളങ്ങളായി മാറുമ്പോഴാണ് വ്യക്തിപരമായ അനുഭവത്തിന് അത് നിമിത്തമാകുന്നത്. അനുദിനജീവിതത്തോട് ചേർന്ന് വിശ്വാസജീവിതത്തിൽ ഒരു തിരിഞ്ഞുനോട്ടം നല്ലതാണ്; ദൈവം കൂടെയുണ്ടോ എന്ന് അന്വേഷിക്കണം; കണ്ടെത്തണം; അതിന് ഏറ്റവും നല്ല മാർഗ്ഗങ്ങളിൽ ഒന്നാണ് ധ്യാനവും പ്രാർത്ഥനയും. ദൈവം കരുണയുള്ളവനായതുകൊണ്ട്; സ്നേഹമുള്ളവനായതുകൊണ്ടും നമുക്ക് ആവശ്യമായതെല്ലാം നൽകും.

കപടനാട്യക്കാരായ നിയമജ്ഞരേ, ഫരിസേയരേ, നിങ്ങൾക്കു ദുരിതം! നിങ്ങൾ തുളസി, ചതകുപ്പ, ജീരകം എന്നിവയ്ക്കു ദശാംശം കൊടുക്കുകയും നിയമത്തിലെ ഗൗരവമേറിയ കാര്യങ്ങളായ നീതി കാരുണ്യം, വിശ്വസ്തത എന്നിവ അവഗണിക്കുകയും ചെയ്യുന്നു. ഇവയാണു നിങ്ങൾ ചെയ്യേണ്ടിയിരുന്നത് - മറ്റുള്ളവ അവഗണിക്കാതെതന്നെ (മത്തായി 23:23). നിയമവ്യവസ്ഥകളെ അവഗണിക്കാതെ ആചാരാനുഷ്ഠാനങ്ങളോട് ചേർത്ത് ജീവിതം ക്രമപ്പെടുത്തുവാനുള്ള സന്ദേശമാണ് യേശുതമ്പുരാൻ നൽകുക. മതപരമായ ശുശ്രൂഷകൾ വ്യക്തിപരമായ അനുഭവത്തിന് നിമിത്തമാകുന്നത്, എത്രമാത്രം ആന്തരികമായ ഒരുക്കത്തോടെ അതിൽ സംബന്ധിക്കുന്നു എന്നതിനെ ആശ്രയിച്ചാണ്. ബാഹ്യമായ ക്രമീകരണങ്ങളിൽ ചെറിയ വീഴ്ച സംഭവിക്കുമ്പോൾ അതിനെ വലിയ രീതിയിൽ കുറ്റപ്പെടുത്തുന്ന നമ്മൾ നമ്മുടെ ആന്തരികമായ പരിശുദ്ധിക്ക് എത്രമാത്രം പ്രാധാന്യം കൊടുക്കാറുണ്ട് എന്ന് ചിന്തിക്കണം.

സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കണമെങ്കിൽ നമ്മൾതന്നെ തീരുമാനിക്കണം. അതുകൊണ്ട്, യേശുവുമായുള്ള ഒരു കൂടിക്കാഴ്ച എനിക്ക് ആവശ്യമാണ്. വിശ്വാസജീവിതത്തിൽ, വ്യക്തിജീവിതത്തിൽ യേശുവിനെ കണ്ടുമുട്ടേണ്ടത് എനിക്ക് ആവശ്യമാണ്. യേശുവിനെ എങ്ങനെയാണ് കണ്ടെത്തുക? ആകാശമേഘങ്ങളുടെ അതിർവരമ്പുകൾ തേടി പോകേണ്ടതില്ല. ദൈവം നമ്മോടുകൂടെയുണ്ട്; വിശക്കുന്നവനായി, ദാഹിക്കുന്നവനായി, പരദേശിയായി, നഗ്നനായി,രോഗിയായി, കാരാഗൃഹവാസിയായി. മനുഷ്യരായ നമ്മൾ പ്രാധാന്യം കൊടുക്കുന്നത് ദൈവസ്നേഹം, ദൈവകരുണ തുടങ്ങിയവയ്ക്കാണ്. എന്നാൽ ദൈവം പ്രാധാന്യം കൊടുക്കുന്നത് മനുഷ്യസ്നേഹത്തിനല്ലേ! മനുഷ്യർ തമ്മിലുള്ള നല്ല ബന്ധങ്ങൾക്കല്ലേ.

(യോഹ. 3:16) ''എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു. (യോഹ. 13:34-35) ഞാൻ പുതിയൊരു

കല്പന നിങ്ങൾക്ക് നൽകുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും.1 നിർഭയനായ ഭൃത്യന്റെ കഥ: (മത്താ. 18:21-35), 2. അവിശ്വസ്തനായ കാര്യസ്ഥന്റെ കഥ: (ലൂക്കോസ് 16:1-8) ഇവയെല്ലാം മനുഷ്യനുമായുള്ള നല്ല ബന്ധങ്ങളുടെ ആവശ്യകതയിലേക്കല്ലേ വിരൽ ചൂണ്ടുക. അതുകൊണ്ട് ശരീരമുള്ളപ്പോൾ ഭൂമിയിൽ കൂടെതന്നെ നടക്കുക; അങ്ങനെയെങ്കിൽ ശരീരമില്ലാതായാൽ സ്വർഗ്ഗത്തിൽ കൂടെ നടക്കാം.

യേശുവിനെ കാണാതെ വന്നപ്പോൾ അന്വേഷിച്ചത് മാതാപിതാക്കന്മാരാണ്. മക്കളെക്കുറിച്ച് വലിയ ആഗ്രഹങ്ങൾ ഉള്ളവരാണ് മാതാപിതാക്കന്മാർ. അതുകൊണ്ട്തന്നെ മാതാപിതാക്കന്മാരിൽനിന്ന്, അദ്ധ്യാപകരിൽനിന്ന്, മുതിർന്നവരിൽനിന്ന് ലഭിക്കുന്ന നന്മയെപ്രതിയുള്ള തിരുത്തലുകളും ശാസനകളും സ്നേഹത്തിന്റെ അരൂപിയിൽ സ്വീകരിക്കാൻ മക്കൾ സന്നദ്ധരാകണം.

■

---

*24-ാം പേജിന്റെ തുടർച്ച...*

**ആഴത്തിലുള്ള ആദ്ധ്യാത്മികതയുടെ ആചാര്യൻ**

ശൈശവത്തിൽ മാതാവും ബാല്യത്തിൽ പിതാവും നഷ്ടപ്പെട്ട് ദൈവം ആശ്രയമായി ദൈവാലയവും വൈദികരുമായുള്ള ബന്ധത്തിൽ വളർന്നുവന്നവൻ. ശമുവേലിനെപ്പോലെ ദൈവവിളി തിരിച്ചറിഞ്ഞ് വൈദികജീവിതത്തിലേക്ക് കടന്നുവന്നു. ബാല്യം മുതൽ തനിക്ക് പിതാവും മാതാവുമായിരുന്ന ദൈവവുമായി പുത്രനിർവ്വിശേഷമായ ഒരു ബന്ധമാണദ്ദേഹത്തിനുള്ളത്. ദൈവസന്നിധിയിൽ പ്രാർത്ഥനയിലായിരിക്കുക അദ്ദേഹത്തിന് ഏറെ ആസ്വാദ്യകരമാണ്. പ്രാർത്ഥനയിൽ അമിതഭാഷണമോ അട്ടഹാസങ്ങളോ ഒന്നും അദ്ദേഹത്തിനില്ല. വിശുദ്ധ കുർബാന, ഔദ്യോഗിക യാമപ്രാർത്ഥനകൾ, വ്യക്തിപരമായുള്ള മൗനപ്രാർത്ഥനകൾ, വചനധ്യാനം ഇവയൊക്കെ മുടക്കം കൂടാതെ അനുദിനം അദ്ദേഹം അനുഷ്ഠിക്കും. ദൈവമഹത്വം മാത്രം അന്വേഷിക്കുന്ന ജീവിതം. വ്യക്തിപരമോ ഭൗതികമോ ആയ യാതൊരു താല്പര്യവും അദ്ദേഹത്തിനില്ല. അതുകൊണ്ടുതന്നെ ജീവിതത്തിൽ അശേഷം ആകുലതയില്ല. സ്വാർത്ഥത ഇല്ലാത്തതുകൊണ്ടും ദൈവേഷ്ടം മാത്രം തേടുന്നതുകൊണ്ടും ഏത് പ്രതിസന്ധിസന്ദർഭങ്ങളെയും നിസ്സാരമായി തരണം ചെയ്യാൻ അദ്ദേഹത്തിന് സാധിക്കുന്നു. കർത്താവിന്റെ കുരിശിലാണെന്റെ ആശ്രയം എന്ന് അഭിമാനിച്ച വിശുദ്ധ പൗലോസിനെപ്പോലെ ബഹു. പഞ്ഞിക്കാട്ടിലച്ചന്റെ ആശ്രയവും ക്രൂശിതനായ ക്രിസ്തുവിൽ മാത്രമാണ്. അതാണദ്ദേഹത്തിന്റെ ബലവും.

**പിൻമൊഴി**

'മാത്യു പഞ്ഞിക്കാട്ടിലച്ചൻ' അറിയുന്നവരുടെയെല്ലാം ആദരവും അംഗീകാരവും അതിരുകളില്ലാതെ ലഭിക്കുന്ന വൈദികൻ. ജനങ്ങളുടെ ഹൃദയത്തിന്റെ ഉള്ളറകളിൽ സ്ഥാനം നേടിയിട്ടുള്ള ആചാര്യൻ. മനുഷ്യപ്രീതി അശേഷം അന്വേഷിക്കാതെ ദൈവപ്രീതിമാത്രം ലക്ഷ്യമാക്കി ജീവിക്കുന്ന പുരോഹിതൻ. സത്യവും ധർമ്മവും പാലിക്കുന്നതിന് എന്ത് വിലയും നല്കാൻ തയ്യാറായിട്ടുള്ള പട്ടക്കാരൻ. വശങ്ങളിലേക്ക് വളയാതെ നേർവരപോലെ ദൈവത്തിലേക്കുമാത്രം ലക്ഷ്യം വച്ചു നീങ്ങുന്ന ജീവിതത്തിന്നുടമ. സ്വാർത്ഥത ലവലേശമില്ലാതെ ഏല്പിക്കപ്പെട്ടിരിക്കുന്ന ജനത്തിന്റെ ആത്മിക ഉൽക്കർഷവും നന്മയും മാത്രം താല്പര്യപ്പെടുന്ന വൈദികൻ. അനീതിയെ തടയാൻ മഹാമേരുപോലെ ഉറച്ച നിലപാടുകളെടുക്കുന്ന ആചാര്യൻ. കയ്യിലൂടെ കടന്നുവരുന്നതെല്ലാം ദൈവരാജ്യവ്യാപനത്തിനു വ്യയം ചെയ്യാനുള്ളതെന്ന് ഉറച്ചു വിശ്വസിക്കുന്ന പുരോഹിതൻ. പൗരോഹിത്യവും പുരോഹിതരും ഏറെ വിമർശിക്കപ്പെടുകയും അവഹേളിക്കപ്പെടുകയും ചെയ്യുമ്പോഴും അറിയുന്നവരുടെയെല്ലാം അംഗീകാരവും ആദരവും മാത്രം ആവോളം അനുഭവിക്കുന്ന പുരോഹിതൻ. അതാണ് പുരോഹിതർക്ക് എന്നും മാതൃകയായ പഞ്ഞിക്കാട്ടിലച്ചൻ. അദ്ദേഹത്തിന്റെ പച്ചയായ ജീവിതത്തിന്റെ നേർക്കാഴ്ചയാണ് അവതരിപ്പിക്കാൻ ഇവിടെ ശ്രമിച്ചിരിക്കുന്നത്. അനുഭവത്തിലൂടെയും അന്വേഷണത്തിലൂടെയും കണ്ടറിഞ്ഞതും കണ്ടെത്തിയതുമായ കാര്യങ്ങളാണ് രേഖപ്പെടുത്താൻ ശ്രമിച്ചത്. ചരിത്രപരമോ വസ്തുതാപരമോ ആയ പിഴവുകളുണ്ടെങ്കിൽ തിരുത്തലിനു വിധേയമെന്നറിയിച്ചുകൊണ്ട് സമാപിപ്പിക്കുന്നു.

## ആദരാഞ്ജലികൾ....

മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ മുൻ വികാരിജനറാൾ റവ. ഫാ. വർഗ്ഗീസ് കുന്നുംപുറത്ത് (54) നിര്യാതനായി. അനാരോഗ്യത്തെ തുടർന്ന് രണ്ട് വർഷമായി ചികിത്സയിലായിരുന്നു.



1994 ഏപ്രിൽ 8 ന് അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായിൽനിന്നും വൈദികപട്ടം സ്വീകരിച്ച ബഹു. അച്ചൻ മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ വികാരിജനറാൾ, ചാൻസിലർ, കോർപ്പറേറ്റ് മാനേജർ, മൈനർ സെമിനാരി റെക്ടർ, മലങ്കര മേജർ സെമിനാരിയുടെ ആത്മീയപിതാവ് എന്നീ നിലകളിലും, അവിഭക്ത തിരുവല്ല ഭദ്രാസനത്തിന്റെ വൈദികക്ഷേമനിധി സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

തിരുവല്ല അതിഭദ്രാസനത്തിൽ വെണ്ണിക്കുളം, തച്ചമം, കാഞ്ഞിരപ്പാറ, വാലാങ്കര ഇടവകകളിൽ അസിസ്റ്റന്റ് വികാരിയായും തലവടി സൗത്ത്, തലവടി നോർത്ത്, എടത്തിക്കാവ്, മുക്കൂട്ടുതറ, ഇടകടത്തി, എരുമേലി, മുക്കട, പനയമ്പാല, മുണ്ടുകുഴി എന്നീ പള്ളികളിൽ വികാരിയായും മൂവാറ്റുപുഴ ഭദ്രാസനത്തിൽ കുന്നിക്കുരുടി, മഴുവന്നൂർ, അഞ്ചൽപെട്ടി, ഓണക്കൂർ, മാമലശ്ശേരി, വെങ്ങോല, പെരുമ്പാവൂർ, കീഴില്ലം, പൂതൃക്ക, തമ്മാനിമറ്റം, നീറാമുകൾ, ഏഴക്കരനാട് എന്നീ പള്ളികളിലും വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. മാന്ദമംഗലം കുന്നുംപുറത്ത് പരേതനായ ചാക്കോയുടെയും ശോശാമ്മയുടെയും മകനാണ് ഫാ. വർഗ്ഗീസ് കുന്നുംപുറത്ത് തിരുവല്ല അതിഭദ്രാസനത്തിന്റെയും ഐക്യദീപം കുടുംബത്തിന്റെയും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

## ബത്തേരി ബിഷപ് ഡോ. ജോസഫ് മാർ തോമസിന് ദേശീയ അവാർഡ്

നാഷണൽ പബ്ലിക് ഗ്രിവൻസ് ആൻഡ് റിഡ്രസൽ കമ്മീഷൻ (എൻപിജിആർസി) 2019 ദേശീയ അവാർഡ് ബത്തേരി ബിഷപ് ഡോ. ജോസഫ് മാർ തോമസിന് ലഭിച്ചു.



സ്വജീവിതം നാടിനും നാട്ടുകാർക്കുമായി ഉഴിഞ്ഞുവച്ച് സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും വിദ്യാഭ്യാസം ലഭ്യമാക്കണം എന്ന ആഗ്രഹത്തോടുകൂടി പ്രവർത്തിക്കുന്ന വ്യക്തികളെ നാഷണൽ പബ്ലിക് ഗ്രീവൻസ് ആൻഡ് റിഡ്രസൽ കമ്മീഷന്റെ കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് ആൻഡ് എഡ്യുക്കേഷൻ ദേശീയ, സംസ്ഥാന തലങ്ങളിൽ ആദരിക്കുന്നതിന്റെ ഭാഗമായാണ് അവാർഡു ലഭിച്ചത്. വിദ്യാഭ്യാസരംഗത്തെ സമഗ്രസംഭാവന അടിസ്ഥാനമാക്കിയുള്ള ദേശീയതല ചാണക്യ അവാർഡാണ് ബത്തേരി രൂപത ബിഷപ് ഡോ. ജോസഫ് മാർ തോമസിന് നൽകിയത്. കേരള യൂണിവേഴ്സിറ്റിയുടെ സെനറ്റ് അംഗം, കേരള സർക്കാരിന്റെ സ്കൂൾ കരിക്കുലം കമ്മിറ്റി അംഗം തുടങ്ങി വിദ്യാഭ്യാസരംഗത്തെ വ്യത്യസ്ത മേഖലകളിലെ നിസ്വാർഥ സേവനം പരിഗണിച്ചാണ് ബിഷപ് ഡോ. ജോസഫ് മാർ തോമസിന് ചാണക്യ അവാർഡ് ലഭിച്ചത്.

തിരുവല്ല അതിഭദ്രാസനത്തിന്റേയും, ഐക്യദീപം കുടുംബത്തിന്റെയും ആശംസകൾ...

# REMEMBRANCE - DECEMBER




**Fr. Mathew Thengumthottam**
02 December 1990



**Fr. John Chundevalel**
03 December 2002




**Fr. Mathew Chittakat**
08 December 1970



**Fr. Thomas Padinjarekutt**
13 December 1993




**Fr. Joseph Karakkalolickal**
14 December 2003



**Fr. James Thannickal**
15 December 1992



**Fr. Peter Ramanatt**
18 December 1977



**Fr. Jacob Chundevalel**
21 December 1980



**Fr. Mathew Vayalil**
26 December 2009



**V.Rev. Simon D Karott Corepiscopo**
30 December 1950



KUWAIT MALAYALEE CATHOLIC ASSOCIATION
SILVER JUBILEE TRUST
Reg.No. K.279/98

| President | Gen. Secretary | Treasurer |
|---|---|---|
| MATHEW JOSEPH | THOMAS VARGHESE | ALOYSIUS THOMAS |
| Vellukunnel | Ottathengil | 9 B - Regents Court |
| Thidanad - 686123 | Devalokam | Kuravankonam, Kowdiar |
| Mob: 9645588116 | Kottayam - 686004 | Thiruvananthapuram 695003 |
| E-mail : mathewjosephv@gmail.com | Mob: 8281008844 | Mob: 8943754944 |
| | E-mail : teegeens@hotmail.com | E-mail : aloysiusthomas@yahoo.com |

**വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു**

ഞങ്ങളുടെ ട്രസ്റ്റിന്റെ സ്കോളർഷിപ്പ് പദ്ധതിയുടെ 20-ാം വർഷത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. 2019 മാർച്ചിലെ പരീക്ഷയിൽ SSLC പാസായിട്ടുള്ളവരും, കത്തോലിക്കരും, സാമ്പത്തികമായി വിഷമതകൾ നേരിടുന്നവരുമായ 150 വിദ്യാർത്ഥികളെ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി തിരഞ്ഞെടുക്കുന്നതാണ്. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് 5000 രൂപ വീതം സ്കോളർഷിപ്പ് നൽകുന്നതാണ്.

**നിബന്ധനകൾ**

1. 10A+ (Full A+) ഉള്ളവർ മാത്രമാണ് അപേക്ഷിക്കേണ്ടത്.
2. ഇതൊടൊന്നിച്ച് കൊടുത്തിട്ടുള്ള അപേക്ഷാഫോറം പൂരിപ്പിച്ച് അയയ്ക്കണം.
3. അപേക്ഷകരുടെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് സ്വന്തം വികാരിയുടെ കത്ത്
4. CBSE, ICSE, Tamil Board Exam മുതലായ വിഭാഗങ്ങൾ അപേക്ഷിക്കേണ്ടതില്ല.
5. 2019നു മുൻപ് പാസ്സായവർ അപേക്ഷിക്കേണ്ടതില്ല.
6. 150ൽ കൂടുതൽ അപേക്ഷകർ ഉണ്ടെങ്കിൽ കമ്പ്യൂട്ടർ നറുക്കെടുപ്പിലൂടെ വിജയികളെ തിരഞ്ഞെടുക്കുന്നതാണ്. KMCA Scholarship കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

അപേക്ഷകർ S.S.L.C Book ന്റെ Self Attested Copy യോടൊപ്പം താഴെ കൊടുത്തിരിക്കുന്ന വിലാസത്തിലേക്ക് സാധാരണ തപാലിൽ ഡിസംബർ 15 ന് മുമ്പായി അയയ്ക്കേണ്ടതാണ്.

സ്നേഹപൂർവ്വം

അഡ്രസ്സ്:
മാത്യു ജോസഫ്
വെള്ളൂക്കുന്നേൽ, തിടനാട് പി.ഒ.,
കോട്ടയം ജില്ല. പിൻ - 686123

മാത്യു ജോസഫ്
പ്രസിഡന്റ്

തിടനാട്
18-10-2019

NB: Acknowledgment ആവശ്യമുള്ളവർ Self Addressed Postcard കൂടി അപേക്ഷയോടൊപ്പം അയയ്ക്കണം
അപേക്ഷാഫോമുകൾക്ക് mathewjosephv@gmail.com / teegeens@hotmail.com എന്നീ ഈ-മെയിലിൽ ആവശ്യപ്പെടുകയോ, നേരിട്ട് ഭാരവാഹികളിൽ ആർക്കെങ്കിലും Self Addressed/ Stamped Cover അയയ്ക്കുകയോ ചെയ്താൽ ലഭിക്കുന്നതായിരിക്കും.



## Matrimonial

**M - 301**

മലങ്കര കത്തോലിക്ക യുവാവ്, തിരുവല്ല അതിഭദ്രാസനം (28/178 cm) B.Tech Electrical, കുവൈത്തിൽ ജോലി ചെയ്യുന്നു. ഡിസംബറിൽ ലീവിന് നാട്ടിൽ വരുന്നു. വിദേശത്ത് ജോലിയുള്ള അനുയോജ്യരായ പെൺകുട്ടികളുടെ മാതാപിതാക്കളിൽന നിന്നും ആലോചനകൾ ക്ഷണിക്കുന്നു. **Contact : 8281857808, 8281919354**

**M - 302**

മലങ്കര കത്തോലിക്ക യുവതി, തിരുവല്ല അതിഭദ്രാസനം (25/153 cm) Msc Micro Bio, തിരുവല്ല ആളങ്ങളഒ ജോലി ചെയ്യുന്നു. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു. **Contact : 894324645**

**M - 303**

മലങ്കര കത്തോലിക്ക യുവാവ്, വയസ്സ് 27, BE, ബാംഗ്ലൂരിൽ ഐ.റ്റി. ഫീൽഡിൽ ജോലി ചെയ്യുന്നു. കമ്പ്യൂട്ടറിന്റെ വിവിധ കോഴ്സുകൾ പാസായിട്ടുണ്ട്. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
**Contact: 9747059842**

## സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ, തിരുവല്ല

## മാർ തിമോത്തിയോസ് മെമ്മോറിയൽ ക്വിസ്

**മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് (MCYM)**
**മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗ് (MCCL)**

2019

അഖില മലങ്കര ക്വിസ് മത്സരം

season IV

2019 DECEMBER 15
SUNDAY @ 1 30 PM

**ഇരു വിഭാഗങ്ങൾക്കും ഒരേ വിഷയം**

- വി. ബൈബിൾ - 60% (നിയമാവർത്തനം 12-21, പ്രഭാഷകൻ 11-17, മത്തായി 19-28, വെളിപാട് 17-22 )
- 1930 മുതലുള്ള മലങ്കര സുറിയാനി കത്തോലിക്ക സഭാചരിത്രം - 30%
- ആനുകാലിക പൊതുവിജ്ഞാനം (Current Affairs) - 10%

പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും സർട്ടിഫിക്കറ്റും സമ്മാനങ്ങളും ഉണ്ടായിരിക്കുന്നതാണ്

**സമ്മാനങ്ങൾ**

| MCCL | MCYM |
|---|---|
| **First Prize**<br>റവ. ഫാ. പീറ്റർ തേക്കുംപറമ്പിൽ മെമ്മോറിയൽ എവർറോളിംഗ് ട്രോഫി (Sponsored by : Prof. Peter T. John & Ancy Mathew, Thekkumparambil)<br>₹ 10,000 ക്യാഷ് പ്രൈസ് | **First Prize**<br>നെല്ലിമൂട്ടിൽ എൻ.സി. വർഗീസ് & അമ്മിണി മെമ്മോറിയൽ എവർറോളിംഗ് ട്രോഫി (Sponsored by : Mercy Mary Varghese, Nellimoottil)<br>₹ 10,000 ക്യാഷ് പ്രൈസ് |
| **Second Prize**<br>കാടുവെട്ടൂർ ബിജു മെമ്മോറിയൽ എവർറോളിംഗ് ട്രോഫി (Sponsored by : Sri. K.N. Abraham, Kaduvettoor)<br>₹ 5,000 ക്യാഷ് പ്രൈസ് | **Second Prize**<br>എവർറോളിംഗ് ട്രോഫി (Sponsored by : Rev. Fr. Joseph Kalariparambil)<br>₹ 5,000 ക്യാഷ് പ്രൈസ് |
| **Third Prize**<br>₹ 3,000 ക്യാഷ് പ്രൈസ് | **Third Prize**<br>₹ 3,000 ക്യാഷ് പ്രൈസ് |

**REGISTER BEFORE DECEMBER 8**

ലൈജു കോശി മാത്യു
(ജനറൽ കൺവീനർ)
ഫോൺ : 9496056312

സുബിൻ സാബു
(പ്രസിഡന്റ്, MCYM കത്തീഡ്രൽ യൂണിറ്റ്)
ഫോൺ:9656215701

**നിർദ്ദേശങ്ങൾ**

MCCL
- പ്രായപരിധി 11 വയസ്സു മുതൽ 17 വയസ്സു വരെ
- ഒരു ഇടവകയിൽനിന്നും 3 പേരിൽ കവിയാത്ത അംഗങ്ങൾ ഉള്ള ഒരു ടീം
- രജിസ്ട്രേഷൻ ഫീസ് 200 രൂപ

MCYM
- പ്രായപരിധി 18 വയസ്സു മുതൽ 30 വയസ്സു വരെ
- ഒരു ഇടവകയിൽനിന്നും 2 അംഗങ്ങൾ ഉള്ള ഒരു ടീം
- രജിസ്ട്രേഷൻ ഫീസ് 200 രൂപ




## ഉപകാരസ്മരണ

### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന



മിശിഹായുടെ ചാർച്ചക്കാരനും /വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ(ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, ചുങ്കപ്പാറ**

## ഉപകാരസ്മരണ

### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും /വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ(ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ലിസ്സി ജോർജ്ജുകുട്ടി**

## ഉപകാരസ്മരണ



**ജോയൽ കോശി**

## വിവാഹ ഒരുക്ക സെമിനാർ 2019

സ്ഥലം : ശാന്തിനിലയം, തിരുവല്ല
ഫോൺ : 0469 2603968, 9497462813, 9446270259

| | | |
|---|---|---|
| ഡിസംബർ | : 3, 4, 5 | - 17, 18, 19 |
| 2020 ജനുവരി | : 7, 8, 9 | - 21, 22, 23 |
| 2020 ഫെബ്രുവരി | : 4, 5, 6 | - 18, 19, 20 |

നിർദ്ദേശങ്ങൾ

- സെമിനാറിൽ പങ്കെടുക്കുന്നവർ 3 ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 8.30 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണമായി പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 1500 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്ന താണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.

## 2019 ഡിസംബർ – പ്രധാനപ്പെട്ട ദിവസങ്ങൾ

ഡിസംബർ 01 -
**ഇരുപത്തഞ്ച് നോമ്പാരംഭം**

ഡിസംബർ 08 -
**വി. ദൈവമാതാവിന്റെ അമലോത്ഭവ തിരുനാൾ**

ഡിസംബർ 16 -
**മാർത്താണ്ഡം ഭദ്രാസന സ്ഥാപനദിനം (1996)**

ഡിസംബർ 22 -
**യൽദായ്ക്കു മുമ്പുള്ള ഞായർ**

ഡിസംബർ 25 -
**യൽദാപ്പെരുന്നാൾ (ക്രിസ്തുമസ്)**

ഡിസംബർ 26 -
**വി. ദൈവമാതാവിന്റെ പുകഴ്ച**

ഡിസംബർ 29 -
**യൽദായ്ക്കുശേഷം ഒന്നാം ഞായർ**
**ബൈബിൾ ഞായർ**

# അഭിനന്ദനങ്ങൾ...










തിരുവല്ല അതിഭദ്രാസന ബൈബിൾ പ്രേഷിതകാര്യാലയത്തിന്റെ നേതൃത്വത്തിൽ അതിഭദ്രാസനത്തിലെ കുടുംബങ്ങൾക്കായി നടത്തിയ അതിഭദ്രാസന ഫാമിലി ക്വിസ് മത്സരത്തിൽ നിരണം മേഖലയിലെ ആലംതുരുത്തി ഇടവക ഒന്നാം സ്ഥാനവും, മല്ലപ്പള്ളി മേഖലയിലെ മുക്കൂർ ഇടവക രണ്ടാം സ്ഥാനവും, വെണ്ണിക്കുളം മേഖലയിലെ വെണ്ണിക്കുളം ഇടവക മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് അതിഭദ്രാസനത്തിന്റെ ആശംസകൾ...



പുതിയ പംക്തി

പറയാതെ വയ്യ

# കണിയാന്റെ കുറിപ്പും നാട്ടിലെ മാദ്ധ്യമങ്ങളും...



അഡ്വ. വിനോദ് മാത്യു വിൽസൺ

ഭാര്യ ഗർഭിണിയാണെന്ന് അറിഞ്ഞപ്പോൾ രമണനൊരു പൂതി.... കൊച്ചിന്റെ ജാതി അറിയണം! മനസിലായില്ലേ, ജാതി ആണാണോ, പെണ്ണാണോ എന്നറിയണം. ആളയപ്പിച്ച് കണിയാനെ വരുത്തി..പൂജാദ്രവ്യങ്ങൾ ചേരുംപടി എത്തിച്ചു.

പലകയിൽ കല്ലുകൾ ഉരുണ്ടു...ആകാശത്തിന്റെ അഗാധ നീലിമയിലേക്ക് നോക്കി....

കണിയാൻ, ''രമണാ നീയൊരു ധീരവീര രാജകുമാരന്റെ പിതാവാകാൻ പോകുന്നു...

''പും'' നരകത്തിൽനിന്നും നിന്നെ ത്രാണനം ചെയ്യാൻ ഒരു സൽപുത്രൻ.....

പ്രതീക്ഷയുടെ ദിനങ്ങൾ കഴിഞ്ഞ് ആ സുദിനം വന്നെത്തി....

ഭാര്യയുടെ നിലവിളിയും, കൊച്ചിന്റെ കരച്ചിലും പ്രതീക്ഷിച്ച് അക്ഷമനായി വരാന്തയിൽ കാത്ത് നിന്ന രമണനെ നോക്കി 'വയറ്റാട്ടി', രമണാ കാശൊക്കെ സ്വരുക്കൂട്ടിക്കോ..... കണ്ണടച്ച് തുറക്കുമ്പോഴേക്കും ഇവളങ്ങ് വളരും ...ങ്ങേ...എന്തോന്ന് പെൺകൊച്ചോ? അതെങ്ങനെ ശരിയാകും...അപ്പോ കണിയാന്റെ പ്രവചനം?

വേലക്കാശിന് വൈകിട്ട് നാലെണ്ണം അടിച്ച്, മൂന്ന് കാലിൽ കണിയാന്റെ വീട്ടിലെത്തി രമണൻ അലറി... ''കണിയാനെ ഇതൊരു മാതിരി മറ്റേടത്തെ പണിയായിപ്പോയി....'' താനെന്തോന്നാപ്പറഞ്ഞത്, പും എന്ന നരകം, ത്രാണനം, ഉലക്കേട് മൂട്. കൊച്ച് പെണ്ണാണെടോ...

അതേ, പെണ്ണായിരിക്കും, നിന്നോട് ഞാനത് പറഞ്ഞല്ലോ..? രമണാ നീ ചെന്ന് ഉന്നുരത്തിനിടയിൽ ഞാൻ തിരുകിയ കുറിപ്പ് വായിക്ക്.. അതിലെഴുതീട്ടുണ്ട്....കൊച്ച് പെണ്ണാണെന്ന്...

ആഹാ...അപ്പോ ഇയാൾ കല്ലുരുട്ടി കൊച്ച്, ആണാണെന്ന് പറഞ്ഞതോ....................

രമണാ, ഞാനേ, കവടി നിരത്തുന്നതിനിടയിൽ, ജേർണലിസം കോഴ്സ് പഠിച്ചതും നീ അറിഞ്ഞില്ലേ.....!

ഇത് എഴുതുമ്പോൾ കണ്ടൊരു വാർത്തയാണ് വാളയാർ കേസിൽ പ്രോസിക്യൂട്ടറെ പിരിച്ച് വിട്ടുപോലും. കേസ് വിചാരണ കഴിഞ്ഞാൽ പ്രോസിക്യൂട്ടറുടെ പണി താനേ തീരും എന്ന് മാദ്ധ്യമങ്ങൾക്ക് അറിയാം..

അവരങ്ങനെയത് പറയില്ല... പിരിച്ച് വിട്ടന്നേ പറയൂ...എന്നാലല്ലേ, അത് സർക്കാരിന്റെ നേട്ടമായി ജനങ്ങൾ കാണുകയുള്ളു...ജനനായകന് ആർപ്പുവിളി ഉയരുകയുള്ളു...

മറ്റൊരു ദൃശ്യവും സോഷ്യൽ മീഡിയയിൽ ഓടിക്കളിക്കുന്നു. ഒരു യുവാവിനെ എറണാകുളത്ത് നടുറോഡിൽ ഇട്ട് കുറേപേർ വെട്ടിക്കൊല്ലുന്നു. സി.സി.ടി.വി. ദൃശ്യം മൽസരിച്ച് കാണിക്കാൻ ചാനലുകൾ തമ്മിൽ മൽസരം. അതേസമയം റോഡ് നശിച്ച് കുളമായി കിടന്നാലും ചാനലുകാർ കാണില്ല, അറിയില്ല, കാണിക്കില്ല...കാരണം റേറ്റിംഗ് ഇല്ല.

മഹാനായ സോക്രട്ടീസിനോട് ഒരാൾ ''അങ്ങേയ്ക്ക് എതിരേ ധാരാളം ജനങ്ങൾ കുറ്റം പറയുന്നു. തെറ്റിദ്ധാരണ പരത്തുന്നു. ഞാനും കേട്ടു. അതിൽ പലതും എനിക്കങ്ങയോട് പറയണമെന്നുണ്ട്''. ശരി, താങ്കൾ പറഞ്ഞോളു. അതിന് മുൻപ് ഞാൻ താങ്കളോട് മൂന്ന് ചോദ്യങ്ങൾ ചോദിക്കും. അതിന് ഉത്തരം നൽകിട്ടാവാം. എന്തേ?

1. എന്നെപ്പറ്റി താങ്കളോട് ജനങ്ങൾ പറഞ്ഞ മോശം കാര്യങ്ങൾ താങ്കൾക്ക് നേരിട്ട് അറിവുള്ളതാണോ? അല്ല.

2. താങ്കൾ അത് എന്നോട് പറയുന്നതുകൊണ്ട് എനിക്കെന്തെങ്കിലും ഗുണം ലഭിക്കുമോ? ഇല്ല

3. ശരി, നാട്ടുകാർ എന്നെപ്പറ്റി താങ്കളോട് പറഞ്ഞ കുറ്റങ്ങൾ, താങ്കൾ എന്നോട് പറയുന്നതുകൊണ്ട് നാട്ടുകാർക്ക് എന്തെങ്കിലും പ്രയോജനം ഉണ്ടോ? ഇല്ല

അതേ....ഇനി താങ്കളത് എന്നോട് പറയണ്ട. കേൾക്കുന്നവനും ഗുണമില്ല, പറയുന്നവനും ഗുണമില്ല, അറിയുന്നവനും ഗുണമില്ല. പക്ഷേ, ഞങ്ങൾ പറഞ്ഞുകൊണ്ടേയിരിക്കും. അതാണ് ഞങ്ങളുടെ മാദ്ധ്യമ പ്രവർത്തനം. ■



തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ ഇടവകയിൽ പരിയാരത്ത് സജി വർഗീസിന്റെയും ജെസ്സി എം. ഫ്രാൻസിസിന്റെയും മകൾ ബെറ്റ്സി എൽസയും, ചങ്ങനാശ്ശേരി ചുടുകാട്ടിൽ ജോസഫിന്റെയും റോസിലിയുടെയും മകൻ മാത്യു ജോസഫും തമ്മിലുള്ള വിവാഹ മനസമ്മതം അഭി. ഏബ്രഹാം മാർ യൂലിയോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു.



തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ ഇടവകയിൽ പരിയാരത്ത് സജി വർഗീസിന്റെയും ജെസ്സി എം. ഫ്രാൻസിസിന്റെയും മകൾ ബ്ലെസിയുടെയും നിബിന്റെയും മകൾ ഹന്നാ ജോണിന്റെ മാമ്മോദീസായ്ക്ക് അഭി. തോമസ് മാർ കൂറിലോസ് പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചപ്പോൾ.

Date of Publication : 01.12.2019
Prince : ₹ 10/-

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala
Ph : 0469-2600626, Fax : 0469-2600822

R.N.I 35982/80
December 2019




Printed and Published by Fr. Thomas Kodinattukunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Viani Press Ernakulam, Kerala, Chief Editor : Rev. Dr. Isaac Parapallil